# തുറന്ന വാതിൽ

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# തുറന്ന വാതിൽ

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെൻറ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

AYODHYA PRINTERS LTD. ELAMAKKARA,
KOCHI - 682 026

●

*copy right reserved*

●

[redacted]

# അവതാരിക

അർഹതയില്ലാത്ത ഒരു വലിയ പദവി ദൈവം എനിക്ക് വച്ചുനീട്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട യോഹന്നാൻ സാർ എഴുതിയ പതിനഞ്ചാമത്തെ പുസ്തകമായ ëതുറന്ന വാതിലിÍന് ഒരു അവതാരിക എഴുതുക!

Ìഅവനെ സ്നേഹിക്കുന്നവരോ സൂര്യൻ പ്രതാപത്തോടെ ഉദിക്കുന്നതുപോലെ തന്നെ.Î ന്യായാ 5:31

പതിനേഴാമത്തെ വയസ്സിൽ ജീവിതം കർത്താവിന്റെ കരങ്ങളിലേക്ക് വച്ചുകൊടുക്കുവാനുള്ള ഭാഗ്യം യോഹന്നാൻ സാറിനു ലഭിച്ചു. അന്നു മുതൽ യേശുവിനെ സ്നേഹിക്കുവാൻ തുടങ്ങി. യേശു സാറിനെ പടിപടിയായി ഉയർത്തി. ലോകമെമ്പാടും യേശുവിന്റെ സ്നേഹസന്ദേശവുമായി പോകുവാൻ കർത്താവ് അദ്ദേഹത്തിനു കൃപ നൽകി.

എന്നെ ആത്മാവിൽ വീണ്ടും ജനിപ്പിച്ച ജീവന്റെ വചനം ഒഴുകിവന്നത് പ്രിയപ്പെട്ട യോഹന്നാൻ സാറിന്റെ നാവിലൂടെയാണ്. അദ്ദേഹം എന്റെ ആത്മീയ പിതാവാണ്.

[redacted]

ഗ്രന്ഥകാരനോടുള്ള എന്റെ സ്നേഹബന്ധം 1968 –ൽ ആരംഭിച്ചതാണ്. കോലഞ്ചേരി സെന്റ്. പീറ്റേഴ്സ് കോളേജിൽ അദ്ദേഹം എന്റെ അദ്ധ്യാപകനായിരുന്നു. മലയാളഭാഷ ആത്മാവിൽ സുഗന്ധം പരത്തുന്ന ഭാഷയാണെന്ന് എന്റെ മനസ്സ് ആദ്യമായി ഗ്രഹിച്ചത് അദ്ദേഹത്തിന്റെ ക്ലാസുകളിൽ ഇരുന്നപ്പോഴാണ്.

ഹൈന്ദവ പുരാണകഥകളിലുള്ള അദ്ദേഹത്തിന്റെ പരിജ്ഞാനമാണ് ആ കാലത്ത് എന്നെ അദ്ദേഹത്തിലേക്ക് ആകർഷിച്ചത്. ഒരു കൊച്ചുകുട്ടി പിതാവിന്റെ മടിയിലിരുന്ന് കഥ കേൾക്കുന്ന മനോഭാവത്തോടെ അദ്ദേഹത്തിന്റെ ക്ലാസുകളിൽ ഞാൻ ഇരുന്നിട്ടുണ്ട്. ഇക്കാലത്തും അതേ മനോഭാവത്തോടെ അദ്ദേഹത്തിന്റെ ബൈബിൾ ക്ലാസുകളിൽ ഇരിക്കാൻ ദൈവം കൃപ നൽകിയിരിക്കുന്നു.

ìലോകാ സമസ്തോ സുഖിനോ ഭവന്തു.î

എല്ലാവർക്കും നൻമ എന്ന ഒരേ ഒരു ലക്ഷ്യം മാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ സ്ഥാപകനാണ് ഗ്രന്ഥകാരൻ. സമാധാനമില്ലാതെ വലയുന്ന അനേകർക്ക് സമാധാനത്തിന്റെ വാതിൽ തുറന്നു കൊടുക്കുന്ന സുവിശേഷ പ്രസ്ഥാനമാണ് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ്. നിഷ്കളങ്കനായ ഒരു വ്യക്തിയെ പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിലേക്ക് വിട്ടുകൊടുത്താൽ എന്തു സംഭവിക്കുമെന്ന് തെളിയിക്കുന്നതാണ് ഗ്രന്ഥകാരന്റെ ജീവിതം.

മഹത്വപൂർണ്ണവും അഗോചരവുമായ ആത്മീയ സത്യങ്ങൾ ഏതുകൊച്ചുകുട്ടിക്കും മനസ്സിലാക്കുവാൻ കഴിയുംവിധം ലളിതമായി അവതരിപ്പിക്കുവാനുള്ള ഗ്രന്ഥകാരന്റെ പ്രത്യേക കഴിവ് ഈ ചെറിയ പുസ്തകത്തിന്റെ താളുകളിൽ വ്യക്തമായി

[redacted]

നിഴലിക്കുന്നു. അതിന്റെ താളുകൾ മറിച്ചപ്പോൾ എന്റെ അന്തരാത്മാവിൽ എവിടെയോ പുതിയ വാതിലുകൾ തുറക്കുന്ന ശബ്ദം ഞാൻ കേട്ടു.

രക്ഷയ്ക്കായി തുറക്കപ്പെട്ട ഒരേ ഒരു വാതിൽ കാൽവരിയിൽ കുന്തത്താൽ കുത്തിതുറക്കപ്പെട്ട യേശുനാഥന്റെ തിരുവിലാവു മാത്രമാണെന്ന സ്വർഗ്ഗീയ സത്യം വെളിപ്പെടുത്തുന്ന പതിന്നാലു പ്രസംഗങ്ങൾക്കിടയിൽ, ആ സ്വർക്ഷീയ വാതിലിലൂടെ കടക്കുവാൻ ഭാഗ്യം ലഭിച്ച ഏതാനും വ്യക്തികളുടെ അനുഭവ സാക്ഷ്യങ്ങളും ചേർത്തിരിക്കുന്നു. അസമാധാനത്തിൽ കഴിയുന്ന അനേകർക്ക് സമാധാനത്തിന്റെ വാതിൽ തുറന്നു കൊടുക്കാൻ ഈ ഗ്രന്ഥത്തിനു കഴിയും എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

വേദപുസ്തക പരിജ്ഞാനം മാത്രമല്ല, ഗ്രന്ഥകാരനുള്ളത് ; സഭയിലെ വിശുദ്ധൻമാരായ പൂർവ്വപിതാക്കൻമാർ ജീവിച്ചു കാട്ടിയ വിശുദ്ധിയുടെ പാത അതേപടി പിന്തുടരണമെന്ന ഗ്രന്ഥകാരന്റെ നിഷ്കർഷത പ്രശംസനീയമാണ്.

നവീകരണമല്ല പൂർവ്വീകരണമാണ് കാലഘട്ടത്തിന്റെ ആവശ്യമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. മതമല്ല, മനുഷ്യഹൃദയമാണ് മാറേണ്ടത് എന്ന ആശയത്തിൽ ഉറച്ചുനിന്നുകൊണ്ടുള്ള പ്രസംഗങ്ങളാണ് അനേകരെ ആകർഷിക്കുന്നത്.

പുരാതന സഭയിലെ ആരാധനയുടെ മഹത്വം എനിക്ക് മനസ്സിലാക്കി തന്നത് ഗ്രന്ഥകാരനാണ്. അവരവർ ആയിരിക്കുന്ന സഭയിൽനിന്ന് വ്യക്തികളെ അകററുകയല്ല, മറിച്ച് കൂടുതലടുപ്പിക്കുകയാണ് അദ്ദേഹം ഇന്നോളം ചെയ്തിട്ടുള്ളത്. തനിക്ക് ലഭിച്ച സ്വർഗ്ഗീയ വെളിച്ചം ലോകത്തിനു മുഴുവൻ പകരണമെന്നാഗ്രഹിച്ച് വിശ്രമമെന്യേ പ്രവർത്തിക്കുന്ന ഒരു

ദൈവപുരുഷനെ എന്റെ ജീവിതത്തിലാദ്യമായി ഞാൻ കണ്ടെത്തിയത് യോഹന്നാൻ സാറിലാണ്.

ലളിത ജീവിതവും ഉന്നതമായ ജീവിത വീക്ഷണവുമാണ് അദ്ദേഹത്തിന്റെ മുഖമുദ്ര. വഴിതെററിപ്പോയ അനേകർക്ക് വഴികാട്ടിയായി ജീവിതത്തിന്റെ വഴിത്താരയിൽ നിൽക്കുകയാണദ്ദേഹം. പ്രസംഗത്തിലൂടെ മാത്രമല്ല സ്വന്തം ജീവിതത്തിലൂടെയും യേശുവിന്റെ സ്വഭാവം കാണിച്ചുതരുന്ന മഹത്വ്യക്തിത്വത്തിന്റെ ഉടമകൂടിയാണ് അദ്ദേഹം.

കാററ് എവിടേക്ക് പോകുന്നുവെന്നോ എവിടെനിന്ന് വരുന്നുവെന്നോ ആരും അറിയുന്നില്ല. അതുപോലെയാണ് ആത്മാവിൽ ജനിച്ചവനും. ദൂരെനിന്ന് നോക്കി വിധിക്കുന്നവർക്ക് അദ്ദേഹത്തെ മനസ്സിലാക്കുവാൻ കഴിയുന്നില്ല. അതിനാൽ, അനേകരുടെ നിന്ദകൾ ഏൽക്കേണ്ടി വന്നിട്ടുളള ഒരു വ്യക്തിയാണദ്ദേഹം. അപ്രകാരം ഉപദ്രവിക്കുന്നവർക്കും നൻമ വരേണ്ടതിന് നിസ്വാർത്ഥമായി പ്രാർത്ഥിക്കുന്ന ആ വലിയ മനസ്സ് കണ്ടവരാരുള്ളു?

ആദ്യ അദ്ധ്യായങ്ങളിൽ കലപ്പയ്ക്കും ബലിപീഠത്തിനുമിടയിൽ നിൽക്കുന്ന കാളയെപ്പോലെ ക്രിസ്തുവിനുവേണ്ടി വേല ചെയ്യുവാനും വേണ്ടിവന്നാൽ മരിക്കുവാനും ഒരുങ്ങുക എന്ന ആഹ്വാനം എന്റെ ഹൃദയത്തെ തൊട്ടു.

‘മരണസമയത്ത് മരിക്കുകയല്ലാതെ മറെറാന്നും ചെയ്യുവാനില്ലാത്തവിധം ഇപ്പോൾ ജീവിക്കുക’ എന്ന പ്രസ്താവന ശ്രദ്ധേയമാണ്.

ഡി.എൽ. മൂഡി തന്റെ മരണദിവസത്തെ ‘ഇന്ന് എന്റെ കിരീടധാരണ ദിവസമെന്ന്’ പറയുന്നതിനോട് ‘മരണവാതിൽ

[redacted]

സന്തോഷത്തോടെ കടക്കുവാൻ ക്രിസ്തുയേശുവിൽ ശരണം വയ്ക്കുകì എന്ന് ഗ്രന്ഥകാരൻ കൂട്ടിച്ചേർത്തിരിക്കുന്നു.

സ്തേഫാനോസിന്റെ അനുഭവം വിവരിച്ചുകൊണ്ട് , ìഉപദ്രവങ്ങൾ ഏൽക്കുമ്പോൾ ഉപദ്രവിക്കുന്നവരെ നോക്കാതെ യേശുവിനെ നോക്കിയാൽ സ്വർഗ്ഗവാതിൽ തുറന്നുകിടക്കുന്നതു കാണാംì എന്നു പറയുവാൻ യേശുവിന്റെ മനസ്സു കണ്ടവർക്കേ കഴിയൂ.

ഏഴാം അദ്ധ്യായത്തിൽ രാജാവിന്റെ അമ്മ ചെയ്ത തെറ്റിന് രാജാവ് ശിക്ഷ വിധിക്കുകയും ആ ശിക്ഷ അമ്മയ്ക്കു പകരം രാജാവ് ഏൽക്കുകയും ചെയ്യുന്ന സംഭവം വിവരിച്ചുകൊണ്ട് ക്രിസ്തു കാൽവരിയിൽ നിർവ്വഹിച്ച മഹത്തായ ത്യാഗത്തെ വർണ്ണിച്ചിരിക്കുന്നത് വായിക്കുമ്പോൾ ഈറനണിഞ്ഞ കണ്ണുകൾ ഉണ്ടാകുമോ? സമ്പൂർണ്ണ സമർപ്പണത്തിന്റെ ആട്ടുവാതിൽ അവിടെ തുറക്കുകയാണ്. ഊനമില്ലാത്ത കുഞ്ഞാടിന്റെ തിരുവിലാവും യരുശലേം ദേവാലയത്തിന്റെ ആട്ടുവാതിലും വിശ്വാസിയുടെ മനസ്സിൽ പ്രത്യാശയുടെ സ്വർഗ്ഗവാതിൽ സദാ തുറന്നിട്ടിരിക്കുന്നു.

മുക്കുവതൊഴിലാളികളായ ശിഷ്യൻമാരേയും മീൻവാതിലിനേയും വരച്ചുകാട്ടിയിട്ട് ìശവക്കുഴിയുടെ അപ്പുറത്തേക്ക് എന്തു നേടി? ì എന്ന ചോദ്യത്തിനു മുമ്പിൽ അനുവാചകർ സ്തബ്ദരായി നിന്നുപോകും. ആട്ടിൻവാതിലിലൂടെ കടന്ന് രക്ഷ അനുഭവിച്ച് മീൻവാതിലിന്റെ അനുഭവത്തിലേക്ക് വരാൻ വായനക്കാരെ ക്ഷണിച്ചുകൊണ്ട് എട്ടാമദ്ധ്യായം അവസാനിപ്പിക്കുമ്പോൾ ആത്മാവിൽ എവിടെയോ ഒരു വാതിൽകൂടി തുറക്കുന്ന ശബ്ദം ശ്രവിക്കാം.

പോരാട്ടജീവിതം നയിച്ച പിതാക്കൻമാരുടെ നൻമയുടെ പഴയ പാതകളെ വിട്ട് തിൻമയുടെ മൺപാതകളിൽ നടക്കുന്ന

മനുഷ്യരെ നോക്കി ഗ്രന്ഥകാരൻ നെടുവീർപ്പെടുന്നു. താഴ്വര വാതിലിനെക്കുറിച്ച് പറയാൻ ക്രിസ്തുവിന്റെ താഴ്മയും ഈശ്വരചന്ദ്രവിദ്യാസാഗറിന്റെ അനുഭവവും വിവരിക്കുമ്പോൾ വിരൽചൂണ്ടുന്നത് താഴ്മയില്ലാത്ത നമ്മുടെ ആത്മാവിലേക്കാണ്. അതിവേഗം താഴ്വരവാതിൽ പണിയുവാൻ ആഹ്വാനം നൽകികൊണ്ട് ഒൻപതാം അദ്ധ്യായം അവസാനിപ്പിക്കുമ്പോൾ ആരെയാണത് സ്പർശിക്കാതിരിക്കുക?

നെഹമ്യാവിന്റെ മുഖം വാടുന്നത് വാതിലുകൾ തകർന്നു കിടക്കുന്നതിനാലാണ്. പ്രവാചകന്റെ ദുഃഖം ഉള്ളിലൊതുക്കുന്ന ഗ്രന്ഥകർത്താവിന്റെ തേങ്ങലുകൾ നമ്മുക്ക് ഏററുവാങ്ങാം.

കൊടുത്തതിൽ മനസ്സു കരയുന്നുണ്ടോ മകനേ?Ì എന്ന ചോദ്യത്തിൽ പ്രവാചകന്റെ ആത്മാവ് നിറഞ്ഞുനിൽക്കുകയാണ്.

പത്താം അദ്ധ്യായത്തിൽ അഗ്നിസ്നാനവും അഭിഷേകവും ആത്മനിറവും വിവരിക്കുമ്പോൾ സാധാരണക്കാരന് അപ്രാപ്യമായി തോന്നാവുന്ന ആത്മീയ നിഗൂഡതകളിലേക്ക് പെട്ടെന്നൊരു വാതിൽ തുറന്നുകിട്ടിയ അനുഭൂതിയുണ്ടാകുന്നു. Ìവിശുദ്ധീകരണം അനുഭവിക്കാത്ത ക്രിസ്തീയ പ്രവർത്തകർ മൂലം ക്രിസ്തുവിന് പ്രവർത്തിക്കുവാൻ വയ്യാത്ത സ്ഥിതിയാണെÌന്ന് വെട്ടിത്തുറന്നു പറയുവാൻ വിശുദ്ധീകരണം പ്രാപിച്ച ഒരു വ്യക്തിക്കു മാത്രമേ കഴിയൂ.

അതു വായിക്കുന്ന നമ്മുക്ക് ഹൃദയത്തിൽ കുത്തു കൊള്ളുന്നു എങ്കിൽ തൊട്ടടുത്ത ഖണ്ഡികയിൽ, Ìവചനത്തിനു കീഴ്പ്പെടുക, കഴുകൽ പ്രാപിക്കുകÌ എന്ന പരിഹാരവും നിർദ്ദേശിക്കുന്നു.

അനുവാചക ഹൃദയങ്ങളിൽ രക്ഷയുടെ വാതിൽ തുറന്നു കിട്ടുവാൻ ഈ മഹത്തായ കൃതി എല്ലാ കാലത്തും

സഹായിക്കട്ടെ എന്നാശംസിച്ചുകൊണ്ട് വിശ്വാസികൾക്കു മുമ്പാകെ ‘തുറന്ന വാതിൽ’ വിനയപൂർവ്വം അവതരിപ്പിക്കുന്നു.

സ്നേഹപൂർവ്വം,

പിറവം

8 -2-2002

**ടി. വി. കുര്യൻ**

## ആമുഖം

ഡേവിഡ് ലിവിംഗ്സ്റ്റൺ ആഫ്രിക്കയിൽ സുവിശേഷം അറിയിക്കാൻ തന്റെ ജീവിതം ചെലവഴിച്ച ഒരു മഹാനുഭാവനാണ്. യാതനകളും പീഡകളും ദുരിതങ്ങളും ക്ലേശങ്ങളും നിറഞ്ഞ ഒരു യത്നമായിരുന്നു ആ സുവിശേഷ പ്രവർത്തനം. എങ്കിലും ഇരുണ്ട ഭൂഖണ്ഡത്തെ ഉണരുന്ന ആഫ്രിക്കയാക്കി മാറ്റുന്നതിന് ആ വേല സഹായകമായി.

ആഫ്രിക്കൻ ഉൾനാടുകളിൽ ക്ലേശഭൂയിഷ്ഠമായ വേല ചെയ്തുകൊണ്ട് ലിവിംഗ്സ്റ്റൺ സഞ്ചരിച്ചു കൊണ്ടിരുന്നപ്പോൾ ഒരു മിഷ്യണറി സൊസൈറ്റി ലിവിംഗ്സ്റ്റണെഴുതി:

ìനിങ്ങളോട് ചേർന്ന് വേല ചെയ്യുവാൻ ചിലയാളുകൾ താൽപര്യപ്പെടുന്നുണ്ട്. നിങ്ങളുടെ അടുക്കൽ എത്തുവാൻ വഴിയേതാണ് എന്ന് അറിയിക്കുക.î

ലിവിംഗ്സ്റ്റൺ മറുപടി എഴുതി :

ìഅവർ ഏറ്റവും എളുപ്പവഴി അമ്പേഷിക്കുന്നവരാണെങ്കിൽ അവരോട് ഇംഗ്ലണ്ടിൽ തന്നെ താമസിക്കുവാൻ പറയൂ. ഒരൊറ്റ

റോഡുപോലുമില്ലാത്ത സ്ഥലത്തു വേല ചെയ്യാൻ മനസ്സുള്ളവരെയാണ് എനിക്കു വേണ്ടത്. Î

ഇതൊരു പരമസത്യമാണ്. Easy roads നോക്കുന്നവർക്ക് പറ്റിയതല്ല സുവിശേഷവേല. Easy paths നോക്കുന്നവർ നിത്യജീവങ്കലെത്തുകയില്ല.

യേശുക്രിസ്തു പറഞ്ഞില്ലേ,

Îഇടുക്കുവിതിലിലൂടെ അകത്തു കടപ്പിൻ, നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത് ; അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ.Î മത്തായി 7:13 -14.

ക്രിസ്തു പോയ പാത ക്രൂശിന്റെ വഴിയാണ്. നിന്ദനത്തിന്റേയും ആക്ഷേപത്തിന്റേയും പരിഹാസത്തിന്റേയും വഴി. തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ഒറ്റപ്പെടുത്തലുകളും പുഞ്ചിരിയോടെ നേരിടുന്ന വഴി. ക്രിസ്തുവിന്റെ അനുയായികൾ ആ വഴി പ്രമോദമായിട്ടെടുത്തേ പറ്റൂ.

ക്രിസ്തു വഴിയാണ്, വാതിലുമാണ്. ആ വാതിൽ ഇപ്പോൾ തുറക്കപ്പെട്ടിരിക്കുകയാണ്. ആ തുറന്ന വിലാവിലൂടെ സ്നേഹമായ തിരുഹൃദയത്തിൽ പ്രവേശിച്ച് ഇരിപ്പുറപ്പിച്ചാൽ സുരക്ഷിത സ്ഥാനത്തെത്തി എന്ന് ആശ്വസിക്കാം. അവിടെ ആനന്ദമുണ്ട്, ആരവാരമുണ്ട്, ആഘോഷമുണ്ട്, ഉൽസവത്തിമിർപ്പുകളുണ്ട്.. ആ വാതിൽ അടയുന്നതിനു മുമ്പ് അകത്തു കടന്നാൽ നിത്യരക്ഷ സ്വന്തമാക്കാം. ഈ ആശയത്തിന്റെ പ്രകാശനമാണ് Ëതുറന്ന വാതിൽ.

ഈ ഗ്രന്ഥത്തിലെ പതിന്നാല് പ്രസംഗങ്ങളിലും തുറന്ന വാതിലായി സംവീക്ഷിച്ചിട്ടുള്ളത് ക്രിസ്തുവിനെത്തന്നെയാണ്. ക്രിസ്തു തരുന്ന പാപക്ഷമ, ക്രിസ്തു തരുന്ന ശുദ്ധീകരണം, ക്രിസ്തു തരുന്ന ആത്മനിറവ്, ക്രിസ്തു തരുന്ന ജയജീവിതം, ക്രിസ്തു തരുന്ന പ്രത്യാശ, ക്രിസ്തു തരുന്ന ആന്തരീകശാന്തി, ക്രിസ്തു തരുന്ന വിശുദ്ധ ജീവിതം, ക്രിസ്തു തരുന്ന കെട്ടുറപ്പ് എന്നിവയെല്ലാമാണ് ഓരോ പ്രസംഗത്തിലും മാറെറാലിക്കൊള്ളുന്നത്.

അനുവാചകഹൃദയങ്ങളിൽ ഈ അത്ഭുതസ്നേഹം കടന്നു കൂടുവാൻ ഈ പ്രസംഗങ്ങൾ ഉപകരിക്കണമെ എന്നാണ് എന്റെ പ്രാർത്ഥനയും ആശീർവാദവും.

വളരെ മനോഹരമായ ഒരു അവതാരിക എഴുതിയ ശ്രീ കുര്യനോടുള്ള ( മാനേജർ, കോ-ഓപ്പറേറ്റീവ് ബാങ്ക് , എറണാകുളം) എന്റെ നന്ദിയും കടപ്പാടും ഇവിടെ ഞാൻ പ്രകാശിപ്പിക്കട്ടെ . വിവിധ രീതിയിൽ ഈ ഗ്രന്ഥരചനയിലും പ്രൂഫ് റീഡിഗിലും അച്ചടിയിലും എല്ലാം എന്നെ സഹായിച്ച അനേകം ദൈവവിശ്വാസികളുണ്ട് . അവരൊടെല്ലാമുള്ള എന്റെ കൃതജ്ഞത ഞാനിത്തരുണത്തിൽ മറച്ചുവെയ്ക്കുന്നില്ല.

നീറിപ്പുകയുന്ന മനസ്സുകൾക്ക് ക്രിസ്തു തരുന്ന കുളിർമയും ആശ്വാസവും ലഭിക്കുവാനും പാപക്ഷമയും നിത്യജീവനും അനുഭവമാകുവാനും ഈ ഗ്രന്ഥാനുശീലനം ഉതകുമാറാകട്ടെ എന്ന ആശിസ്സോടുകൂടെ ഞാൻ ആമുഖകുറിപ്പുകൾക്ക് വിരാമമിടട്ടെ .

നിങ്ങളുടെ സ്വന്തം,

**എം . വൈ . യോഹന്നാൻ.**

[redacted]

# ഒന്ന്

Ìഞാൻ വാതിൽ ആകുന്നു; എന്നിലൂടെ
കടക്കുന്നവൻ രക്ഷപ്പെടും.Î യോഹ. 10 : 9

യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു തന്നെക്കുറിച്ചു പറയുന്ന ചില പ്രസ്താവനകൾ കാണാം.

ഒന്ന് : ഞാൻ ജീവന്റെ അപ്പം ആകുന്നു. യോഹന്നാൻ 6 : 35

രണ്ട് : ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. യോഹന്നാൻ 8 : 12

മൂന്ന് : ഞാൻ വാതിൽ ആകുന്നു. യോഹന്നാൻ 10 : 9

നാല് : ഞാൻ നല്ല ഇടയൻ ആകുന്നു. യോഹന്നാൻ 10 : 11

അഞ്ച് : ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു. യോഹന്നാൻ 14 : 6

[redacted]

ആറ് : ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു.
യോഹന്നാൻ 11 : 25

എന്നിങ്ങനെയുള്ള അവകാശവാദങ്ങൾ ക്രിസ്തുവിന്റെ ദൈവത്വത്തെ വ്യക്തമാക്കുന്നവയാണ്.

ജീവൻ, വെളിച്ചം, കാററ്, അപ്പം, വെള്ളം, ഇടയൻ, വഴി, വാതിൽ മുതലായ പ്രതിരൂപങ്ങളിൽകൂടെ (symbols) ക്രിസ്തു തന്നെത്തന്നെ വെളിപ്പെടുത്തുന്നു.

> ìഞാൻ വാതിലാകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും.î യോഹ 10 : 9

എന്ന് ക്രിസ്തു പറയുന്നത് തൊട്ടു മുമ്പുള്ള അദ്ധ്യായത്തിലെ സംഭവത്തെ തുടർന്നാണ്. യോഹന്നാന്റെ സുവിശേഷം ഒൻപതാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത് പിറവിയിലേ കുരുടനായ ഒരു മനുഷ്യന് കർത്താവ് കണ്ണുകാഴ്ച നൽകിയ സംഭവമാണ്.

പരീശൻമാരും പള്ളിപ്രമാണിമാരും കണ്ണുകാഴ്ച കിട്ടിയവനെ പള്ളിയിൽനിന്നു പുറത്താക്കി. യേശു അവന് കാഴ്ച നൽകി എന്ന വസ്തുത അവൻ സാക്ഷിച്ചതാണ് പള്ളിഭ്രഷ്ഠനാക്കാൻ കാരണം.

അവൻ പറഞ്ഞു :

> ìഒന്നു അറിയുന്നു; ഞാൻ കുരുടനായിരുന്നു; ഇപ്പോൾ കണ്ണുകാണുന്നു.î യോഹ. 9 : 25

അവൻ വീണ്ടും പറഞ്ഞു :

> ìഎന്റെ കണ്ണു തുറന്നിട്ടും അവൻ എവിടെ നിന്ന് എന്ന് നിങ്ങൾ അറിയാത്തത് ആശ്ചര്യം.

പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവഭക്തനായിരുന്നു അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾക്കുന്നു എന്നും നാം അിറയുന്നു. കുരുടനായി പിറന്നവന്റെ കണ്ണു ആരെങ്കിലും തുറന്നപ്രകാരം ലോകം ഉണ്ടായതു മുതൽ കേട്ടിട്ടില്ല. ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവൻ അല്ലെങ്കിൽ അവന് ഒന്നും ചെയ്‌വാൻ കഴിയില്ല.” യോഹന്നാൻ 9 : 30 - 33

ഇത്രയും വ്യക്തമായും കൃത്യമായും അവൻ പറഞ്ഞ് യേശു ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവൻ എന്ന് സ്ഥാപിച്ചതാണ് അവനെ പള്ളിയിൽനിന്ന് പുറത്താക്കാൻ കാരണം.

തുടർന്ന് ഒൻപതാം അദ്ധ്യായം മുപ്പത്തഞ്ചു മുതലുള്ള വാക്യങ്ങളിൽ നാം കാണുന്നത് വളരെ അതഭുതകരമായ ഒരു സത്യമാണ്.

> “അവനെ പുറത്താക്കി എന്നു യേശു കേട്ടു, അവനെ കണ്ടപ്പോൾ : നീ ദൈവപുത്രൻ വിശ്വസിക്കുന്നവോ എന്നു ചോദിച്ചു. അതിന്നു അവൻ : യജമാനനേ, അവൻ ആർ ആകുന്നു? ഞാൻ അവനിൽ വിശ്വസിക്കാം എന്നു ഉത്തരം പറഞ്ഞു. യേശു അവനോട് : നീ അവനെ കണ്ടിട്ടുണ്ട്; നിന്നോട് സംസാരിക്കുന്നവൻ അവൻ തന്നേ എന്നു പറഞ്ഞു. ഉടനേ അവൻ കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു അവനെ നമസ്ക്കരിച്ചു.” യോഹ. 9 : 3

ഇവിടെ സിനഗോഗിൽനിന്ന് അവനെ പുറത്താക്കിയെങ്കിലും നല്ല ഇടയനായ യേശു അവനെ അവന്റെ ആട്ടിൻപറ്റത്തിൽ ചേർക്കുകയാണ്. ശരിയായ വാതിലിൽകൂടി, ശരിയായ

ആട്ടിൻതൊഴുത്തിൽ, ശരിയായ ഇടയൻ - നല്ല ഇടയൻ - അവനെ പ്രവേശിപ്പിക്കുകയാണ്.

ഈ പശ്ചാത്തലത്തിലാണ് ìഞാൻ വാതിലാകുന്നുî എന്ന് കർത്താവ് പറഞ്ഞതിന്റെ പൊരുൾ കൂടുതൽ പ്രസക്തവും അർത്ഥവത്തും ആകുന്നത്.

നൂറ്റാണ്ടുകൾക്കു മുമ്പ് ദാവീദ് പറഞ്ഞു:

> ìഎന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു, എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും.î സങ്കീ. 27 : 10

യെശയ്യാവ് പറഞ്ഞു:

> ìഉപേക്ഷിക്കപ്പെട്ടു മനോവ്യസനത്തിൽ ഇരിക്കുന്ന സ്ത്രീയെ എന്നപോലെ യഹോവ നിന്നെ വിളിച്ചിരിക്കുന്നു; യൗവനത്തിൽ വിവാഹം ചെയ്തിട്ടു തള്ളിക്കളഞ്ഞ ഭാര്യയെ എന്ന പോലെ തന്നേ എന്നു നിന്റെ ദൈവം അരുളിച്ചെയ്യുന്നു.î
> യെശയ്യാ 54 : 6

നല്ല ഇടയൻ ആടുകളെ തൊഴുത്തിലേക്ക് ചേർക്കുന്നവനാണ്. അവൻ ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്നവനാണ്.

> എന്നാൽ ìഇടയനും ആടുകളുടെ ഉടമസ്ഥനു മല്ലാത്ത കൂലിക്കാരൻ ചെന്നായ് വരുന്നത് കണ്ട് ആടുകളെ വിട്ട് ഓടിക്കളയുന്നു; ചെന്നായ് അവയെ പിടിക്കുകയും ചിന്നിച്ചുകളയുകയും ചെയ്യുന്നു. അവൻ കൂലിക്കാരനും ആടുകളെക്കുറിച്ചു വിചാരമില്ലാത്തവനുമല്ലോ.î യോഹ. 10 : 12 - 13

[redacted]

യഹൂദൻമാരെ സംബന്ധിച്ചിടത്തോളം 'ഇടയൻ' എന്ന പദം ആത്മീയമോ രാഷ്ട്രീയമോ ആയ ഏതൊരു നേതാവിനേയും പരാമർശിക്കുന്നതാണ്. രാജാവിനേയും പ്രവാചകനേയും ഇടൻമാരായിട്ടാണ് അവർ കരുതിയിരുന്നത്. ഇസ്രായേൽ ജാതി 'അവൻ മേയിക്കുന്ന ആടുകൾ' എന്നാണ് നൂറാമത്തെ സങ്കീർത്തനം മൂന്നാം വാക്യത്തിൽ പറയുന്നത്.

അക്കാലത്തെ ആട്ടിൻതൊഴുത്ത് പാറകളെക്കൊണ്ട് വലയം ചെയ്ത് മൂടിയിട്ടുള്ള ഒന്നായിരുന്നു. ഒരു വാതിൽ മാത്രമുണ്ട് അതിന്. ഇടയൻ ആട്ടിൻപ്പറ്റത്തെ കാവൽ കാത്തുകൊണ്ട് ആ വാതിൽക്കൽ കുറുകെ കിടക്കും. ആ ഇടയനെ മറികടന്നേ ഒരാടിന് പുറത്തു പോകാനോ ആർക്കെങ്കിലും അകത്തു വരാനോ സാധിക്കുകയുള്ളു.

കണ്ണുകാഴ്ച കിട്ടിയ യാചകന് കള്ള ഇടയൻമാരായ പള്ളിപ്രമാണിമാരിൽനിന്ന് സ്നേഹമോ പരിരക്ഷയോ കിട്ടിയില്ല. അതിന് പകരമായി നല്ല ഇടയനായ ക്രിസ്തു അവനെ കൈക്കൊണ്ടു. തന്റെ ആട്ടിൻപറ്റത്തോടു ചേർത്തു. തന്റെ ആലയിലേക്ക് കൈക്കൊണ്ടു. നല്ല ഇടയന്റെ ആല സുരക്ഷിതമാണ്. അവിടെ ഭയപ്പാടില്ല.

ബഹിരാകാശ സഞ്ചാരിയായിരുന്ന ജോൺ ഗ്ലെൻ എന്ന മഹാനെക്കുറിച്ച് ഒരു സംഭവം കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ അദ്ദേഹത്തോട് ചോദിച്ചു: 'എന്തെങ്കിലും പ്രത്യേകം പ്രാർത്ഥിക്കുവാനുണ്ടോ?'

അദ്ദേഹം പറഞ്ഞു: 'എന്റെ ഓരോ നിമിഷവും ഓരോ ചലനവും കാണുന്ന ദൈവം ജീവിക്കുന്നു. അവിടുന്ന് എപ്പോഴും എന്നെ നോക്കുന്നു. ഞാനൊന്നും പറയാതെ അവിടുന്ന് എല്ലാം അറിയുന്നു. അതുകൊണ്ട് പ്രത്യേകം ഒന്നും

പ്രാർത്ഥിക്കേണ്ടതില്ല. ഞാൻ മരിച്ചാലും ജീവിച്ചാലും യേശുവിനോടുകൂടെ.Î

സത്യവാതിലിൽകൂടെ നല്ല ഇടയന്റെ ആട്ടിൻപറ്റത്തിൽ ചേർന്ന് ആട്ടിൻതൊഴുത്തിൽ വിശ്രമം കണ്ടെത്തുന്ന ഒരു ദൈവ പൈതലിന്റെ വാക്കുകളാണിവ.

സ്നേഹിതാ, ഈ നല്ല ഇടയന്റെ സംരക്ഷണയിൽ നീ എത്തിയോ? ഈ നല്ല ഇടയന്റെ ആട്ടിൻപറ്റത്തിൽ നീ ചേർന്നുവോ? ആ നല്ല സുരക്ഷിതമായ തൊഴുത്തിൽ നീ വിശ്രമം കണ്ടെത്തിയോ?

എങ്കിൽ നീയത്രേ ഭാഗ്യവാൻ. നിന്റെ ഭാവി ശോഭനമായിരിക്കും. നിന്റെ നിത്യത സൗഭാഗ്യദേശത്തായിരിക്കും. നിന്റെ നിത്യത ക്രിസ്തുവിനോടും അവന്റെ വിശുദ്ധൻമാരോടും കൂടെയായിരിക്കും.

ആ മഹാഭാഗ്യം സിദ്ധിച്ച ഒരാളാണ് മാമലയിലുള്ള ബിജു. ബിജു ഇപ്പോൾ ഒരു കമ്പനിയുടെ ഏരിയാ മാനേജരായി ജോലി നോക്കുന്നു.

ബിജുവിന്റെ ജീവിതത്തിൽ ക്രിസ്തുവിന്റെ ആട്ടിൻപറ്റത്തിൽ വന്നതും ആട്ടിൻതൊഴുത്തിൽ

ബിജുവിന്റെ ജീവിതത്തിലെ പഴയകാല സംഭവങ്ങൾ ഒന്നു വിവരിക്കാമോ?

തൃപ്പൂണിത്തുറയ്ക്കടുത്തുള്ള കരിങ്ങാച്ചിറപ്പള്ളി ഇടവകയിലെ ഒരു യാക്കോബായ കുടുംബമാണ് ഞങ്ങളുടേത്. എന്റെ അപ്പൻ നല്ലതുപോലെ മദ്യപിക്കുമായിരുന്നു. തൻമൂലം എന്റെ ബാല്യത്തിൽത്തന്നെ ഞങ്ങൾ വലിയ സാമ്പത്തികപ്രതിസന്ധിയിലായി.

[redacted]



എന്റെ അമ്മ നല്ലതുപോലെ പ്രാർത്ഥിക്കുന്ന, ദൈവഭക്തിയുള്ള ഒരാളാണ്. പക്ഷേ ഞാൻ ചെറുപ്പത്തിൽതന്നെ പുകവലി, മദ്യപാനം, സിനിമ തുടങ്ങിയ ദുശ്ശീലങ്ങൾക്കടിമയായി. വളരെ അഴുക്കുള്ള ഒരു കൂട്ടുകെട്ടിൽ കുടുങ്ങി സകല വൃത്തികേടുകളും ഞാൻ ശീലിച്ചു. അശുദ്ധി ഉള്ളിൽ നിറയെ വെച്ചുകൊണ്ട് ഞാൻ പള്ളി മദ്ബഹായിൽ ശുശ്രൂഷയ്ക്കു കൂടിയിരുന്നു. മദ്യപിച്ച് ലഹരി പിടിച്ച് ഞാൻ ക്രിസ്മസ് കരോളിന് പോയിട്ടുണ്ട്. അസഭ്യ വാക്കുകൾ ഞാൻ ധാരാളം പറയുമായിരുന്നു.

എനിക്ക് ജോലി കിട്ടിയതോടെ എന്റെ ജീവിതം വളരെ വഷളായി. ഞാൻ വീട്ടിലൊരു കലഹക്കാരനായി. മാതാപിതാക്കളെ ഞാൻ അനുസരിക്കാതായി. എന്നെ ആർക്കും നിയന്ത്രിക്കാൻ പറ്റാതായി. മദ്യപാനം, ചീട്ടുകളി, ചീത്തകൂട്ടുകെട്ട് , വെറിക്കൂത്ത്, സിനിമ, ചീത്തപുസ്തകങ്ങൾ എന്നിങ്ങനെ അഴുക്കായി ജീവിക്കാൻ മടിയില്ലാതെ ഞാൻ ജീവിച്ചു. ഊണ് കഴിക്കുമ്പോൾ ഞാൻ എന്നും വഴക്കുണ്ടാക്കുമായിരുന്നു.

കോതമംഗലം പള്ളിയിൽ പെരുന്നാളിന് തീർത്ഥയാത്രയായി നടന്നുപോയത് മൂന്നു ബാറിൽ കയറി മദ്യപിച്ചിട്ടാണ്. ഒരു ദുഃഖവെള്ളിയാഴ്ച ഞാൻ ഉച്ചവരെ തൃപ്പൂണിത്തുറ അടുത്ത് ഒരു മദ്യഷാപ്പിൽ കയറി കുടിച്ച് ലഹരിപിടിച്ചതിനുശേഷം പള്ളിയിൽ പോയി കുരിശ് മുത്തുകയും കൈപ്പുച്ചൊറുക്ക കുടിക്കുകയും ഒടുവിൽ കഞ്ഞി കുടിച്ച് പള്ളിയിൽനിന്ന് പോരുകയും ചെയ്തത് ഇന്ന് ഞാൻ ദുഃഖത്തോടെ ഓർക്കുന്നു.

എനിക്ക് വീട്ടിൽ സ്വാതന്ത്ര്യം പോരാ എന്നു കരുതി ഞാൻ വീടുവിട്ടുമാറി എവിടെയെങ്കിലും താമസിക്കാൻ ഒരുമ്പെട്ടു. അമ്മ വാവിട്ടു കരഞ്ഞതുകൊണ്ടു മാത്രമാണ് ഞാൻ ആ പരിപാടി ഉപേക്ഷിച്ചത്.

[redacted]

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

എന്റെ അമ്മയും എന്റെ അമ്മയുടെ സഹോദരനായ ഫിലിപ്പ്സാറും എനിക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. അമ്മ സാറിന്റെ വീട്ടിലെ യോഗത്തിന് മുടങ്ങാതെ വരുമായിരുന്നതുകൊണ്ട് എന്റെ കാര്യം കർത്തിവിന്റെ ദാസൻമാരുടെ ഒരു പ്രാർത്ഥനാ വിഷയവുമായി.

ഒരു ദിവസം ഞാൻ സാറിന്റെ വീട്ടിലെ യോഗത്തിന് വന്ന് വചനം കേട്ടു. അത് എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവിന് കാരണമായി. ദൈവമക്കൾ എന്നോടു വ്യക്തിപരമായി സംസാരിച്ചു. ഏതോ ഒരു സ്നേഹം എന്നെ കീഴ്പ്പെടുത്തുന്നതുപേലെ എനിക്കു തോന്നി.

അന്ന് ഞാൻ എന്റെ ജീവിതം കർത്താവിന്റെ പാദത്തിൽ സമർപ്പിച്ചു. ìകർത്താവേ, ഞാൻ എന്റെ ജീവിതം നിനക്കു തരുന്നു ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും.î എന്ന് ഞാൻ ഉറക്കെ പറഞ്ഞു. അത് 1994 നവംബർ 27-ാം തീയതിയായിരുന്നു. അന്ന് എനിക്ക് ഇരുപത്തഞ്ചു വയസ്സാണ്.

അപ്പോഴുണ്ടായ അനുഭവമെന്താണ്?

കർത്താവ് ഞാൻ പറഞ്ഞതു കേട്ടു എന്ന് എനിക്ക് ഒരു ഉറപ്പ് ലഭിച്ചു. ഒരു വലിയ വെളിച്ചം എന്റെ ഉള്ളിലേക്ക് കടന്നു വന്നു.

അന്നുമുതൽ ഞാനൊരക്ഷരം പറയാതെതന്നെ എന്റെ കൂട്ടുകാർ എന്നെ വിട്ടുമാറി. എന്റെ ജീവിതത്തിൽ അതുവരെയുണ്ടായിരുന്ന അനേകം പാപങ്ങൾ എന്നെ വിട്ടുപോയി. ഒരു വലിയ സ്നേഹം എന്റെ ഉള്ളിൽ നിറഞ്ഞു. ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹം ഈ ദൈവമക്കളിലൂടെ

എന്റെമേൽ പകർന്നതാണ് എനിക്കു ലഭിച്ച മഹാഭാഗ്യം. എന്റെ ജീവിതത്തിലെ സകലപാപങ്ങളും കർത്താവു ക്ഷമിച്ചുതന്നു എന്നൊരു ബോദ്ധ്യം എനിക്കുണ്ടായി.

വചനം കേൾക്കാനൊരാർത്തി എനിക്ക് ലഭിച്ചു. കൂട്ടായ്മ മുടക്കരുത് എന്ന നിഷ്ഠ എനിക്കുണ്ടായി.

പിന്നീടുള്ള അനുഭവങ്ങളെന്തെല്ലാമാണ്?

എന്റെ ചിന്തയിൽ ചിലപാളിച്ചകൾ ഇടയ്ക്കു വരുമ്പോൾ എന്നെ ശാസിച്ചും ശിക്ഷണം തന്നും പരിശുദ്ധാത്മാവ് ഈ കൂട്ടായ്മയിൽകൂടി എന്നോടിടപ്പെട്ട്, എന്നെ ശുദ്ധീകരിച്ച് നടത്തുന്നു. കണ്ണിന്റെമേൽ ഒരു നിയന്ത്രണവുമില്ലാതിരുന്ന എനിക്കിപ്പോൾ ഒരു മോഹചിന്തയും വരാതെ എന്റെ കണ്ണിനെ നിയന്ത്രിക്കാൻ കഴിയുന്നു.

എന്റേതല്ലാത്തതും അന്യായമായും എന്റെ കൈവശം ഇരുന്ന അനേകം സാധനങ്ങൾ തിരിച്ചുകൊടുത്ത് മാപ്പു ചോദിക്കുവാൻ കർത്താവ് കൃപ നൽകി. എന്റെ മ്ളേച്ഛമായ സ്വഭാവങ്ങളും ശീലങ്ങളും എന്നെ വിട്ടു മാറി.

ഭൗതീകമായും ദൈവം എന്നെ അനുഗ്രഹിച്ചു. ഒരു നല്ല ദൈവപൈതലിനെ എനിക്കു ഭാര്യയായി തന്നു. ഞങ്ങൾക്ക് കർത്താവ് ഒരു മോനെയും തന്നു. ഒരു നല്ല ജോലി തന്നു. ഒരു വലിയ വാഹനാപകടത്തിൽനിന്ന് എന്നെ രക്ഷിച്ച് എന്റെ ആയുസ്സു നീട്ടിത്തന്നു.

ഇന്നത്തെ അവസ്ഥയെന്താണ്?

ഇന്ന് ഞാൻ വളരെ സമാധാനമായി ജീവിക്കുന്നു. നല്ല ഇടയൻ തന്റെ ആട്ടിൻപറ്റത്തിൽ എന്നെയും ചേർത്ത് എന്നെ മേയിക്കുകയും ആടുകളുടെ തൊഴുത്തിൽ എന്നെ

സുരക്ഷിതമായി പാർപ്പിക്കുകയും ചെയ്യുന്നു. സ്തോത്രം.

മാന്യസ്നേഹിതാ, ക്രിസ്തുവാകുന്ന വാതിലിൽകൂടി നീ ഈ രക്ഷാസങ്കേതത്തിൽ പ്രവേശിച്ചുവോ? ഈ സുരക്ഷിത വലയത്തിനുള്ളിൽ കടന്നു നീ സമാധാനം അനുഭവിച്ചുവോ?

ദൈവസ്നേഹം നിന്റെ ഹൃദയവാതിൽക്കൽവന്ന് മുട്ടുന്നത് നീ കേൾക്കുന്നുവോ? ആ പുതിയ ജീവിതം തുടങ്ങിത്തരാൻ ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരമിതാ, നിന്റെ നേരെ നീട്ടിയിരിക്കയാണ്. നിന്റെ ഹൃദയം രാജാധിരാജനായി നീ തുറക്കൂ. അരുമരക്ഷകനെ നിന്റെ ഹൃദയത്തിലേക്ക് നീ എതിരേറ്റു സ്വീകരിക്കൂ. നിനക്കുവേണ്ടി കുറ്റമറ്റരക്തം ചിന്തിയവനോട് നീ വാക്കു പറയൂ:

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ അടിമ. കർത്താവേ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യൻ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

[redacted]

# രണ്ട്

Ìഞാൻ വാതിൽ ആകുന്നു; എന്നിലൂടെ
കടക്കുന്നവൻ രക്ഷപ്പെടും.Î യോഹ. 10 : 9

ഗുരുകുല വിദ്യാഭ്യാസകാലത്ത് ഗുരുവിന്റെ അടുത്ത് പഠിക്കുന്നതിന് രണ്ടു വിദ്യാർത്ഥികൾ ചെന്നു. ഗുരു അവരോട് പറഞ്ഞു: ഞാൻ ഒരു പരീക്ഷ വെയ്ക്കാം: ഞാൻ നിങ്ങളുടെ വീട്ടിൽ വരും. അപ്പോൾ നിങ്ങളുടെ വീട് എന്തുകൊണ്ടെങ്കിലും നിറച്ചിരിക്കണം. മുറി തിക്കിനിറയ്ക്കണം. ഏറ്റവും തിങ്ങിനിറഞ്ഞു കാണുന്ന മുറി ഏതെന്ന് ഞാൻ നോക്കും. ആ ആൾക്ക് എന്റെ ശിഷ്യനായി പഠിക്കാം.

വിദ്യാർത്ഥികൾ രണ്ടു പേരും പോയി. ഒരാൾ ഒട്ടേറെ ചപ്പുചവറുകൾ സംഭരിച്ചു. മുറിക്കകമെല്ലാം ചപ്പുചവറുകൾ കൊണ്ടു നിറച്ചു. ഗുരു ചെന്നപ്പോൾ അതിനുള്ളിലെല്ലാം ദുർഗന്ധം.

മറ്റേയാൾ വലുതായിട്ടൊന്നും സംഭരിക്കാൻ നോക്കിയില്ല.

കുറെ കുന്തിരിക്കം വാങ്ങി മുറിയുടെ വാതിലും ജനലുമെല്ലാം അടച്ചിട്ട് അതു പുകച്ചു. ഗുരു വന്നപ്പോൾ മുറിക്കകമെല്ലാം സുഗന്ധം കൊണ്ടു നിറഞ്ഞിരിക്കുകയാണ്.

നമ്മുടെ ജീവിതം സ്നേഹത്തിന്റെ സുഗന്ധംകൊണ്ടു നിറഞ്ഞിരിക്കണം; വിശുദ്ധിയുടെ സുഗന്ധം തിങ്ങിനില്ക്കണം. വിശ്വാസത്തിന്റേയും പ്രത്യാശയുടേയും സുഗന്ധത്താൽ നമ്മുടെ ഹൃദയം ആകർഷകമാക്കണം.

അത് സാധിക്കണമെങ്കിൽ ìഞാൻ വാതിലാകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടുംî എന്നു പറഞ്ഞ ക്രിസ്തുവിന് നമ്മുടെ ഹൃദയത്തിൽ ഇടം കൊടുക്കണം.

എബ്രാഹാം ലിങ്കൺ ഒരിക്കൽ കാറിൽ യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ വഴിയരികിൽ ഒരു ദരിദ്രനായ നീഗ്രോ നില്ക്കുന്നതു കണ്ടു. ഉടനെ ലിങ്കൺ തന്റെ തലയിൽനിന്ന് തൊപ്പി ഊരി ആ നീഗ്രോയെ അഭിവാദ്യം ചെയ്തു. ഉന്നതനായ അമേരിക്കൻ പ്രസിഡന്റ് വിനയത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കിയിരുന്നു.

നമ്മുടെ ഹൃദയം വിനയംകൊണ്ടും താഴ്മകൊണ്ടും അലങ്കരിക്കപ്പെടണം. ìസൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻî ആയിരിക്കണം നമ്മുടെ അലങ്കാരം എന്ന് അപ്പോസ്തോലനായ പത്രോസ് പറയുന്നു. അതായിരിക്കണം നമ്മുടെ ആഭരണം. അതിന് ക്രിസ്തുവാകുന്ന വാതിലിൽകൂടി അകത്തുപ്രവേശിക്കുന്ന സൗഭാഗ്യം നാമനുഭവിക്കണം.

പലതരം വാതിലുകളെക്കുറിച്ചുള്ള വിവരണങ്ങൾ ബൈബിളിൽ കുറഞ്ഞത് പത്തു പ്രാവശ്യമെങ്കിലും കാണുന്നുണ്ട്.

| | | |
|---|---|---|
| ഒന്ന് | : | വചനത്തിന്റെ വാതിൽ. കൊലൊ. 4:3. |
| രണ്ട് | : | വിശ്വാസത്തിന്റെ വാതിൽ. അപ്പോ. പ്രവൃ. 14:27. |
| മൂന്ന് | : | കൃപയുടെ വാതിൽ. വെളി. 3:8. |
| നാല് | : | സുവിശേഷത്തിന്റെ വാതിൽ. 2 കൊരി. 2:12. |
| അഞ്ച് | : | ജാതികളുടെ വാതിൽ. യെഹ. 26:2. |
| ആറ് | : | ഇടുക്കു വാതിൽ. ലൂക്കോസ്. 13:24. |
| ഏഴ് | : | നീതിയുടെ വാതിൽ. സങ്കീ. 118:19. |
| എട്ട് | : | മരണത്തിന്റെ വാതിൽ. സങ്കീ. 107:18, 9:13. |
| ഒൻപത് | : | പ്രത്യാശയുടെ വാതിൽ. ഹോശേയ. 2:15. |
| പത്ത് | : | സ്വർഗ്ഗത്തിന്റെ വാതിൽ. ഉല്പത്തി. 28:17. |

ഒന്ന്, വചനത്തിന്റെ വാതിൽ.

> Ìഎനിക്കു ബന്ധനകാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിക്കാൻ തക്കവണ്ണം ദൈവം ഞങ്ങൾക്കു വചനത്തിന്റെ വാതിൽ വാതിൽ തുറന്നു തരികയും ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിന്നു ഞങ്ങൾക്കു വേണ്ടിയും പ്രാർത്ഥിപ്പിൻ.Î കൊലൊസ്യർ 4 : 3

ഒന്നാമത്തെ കാരാഗൃഹവാസകാലത്ത് പൗലോസ് നാലു ലേഖനങ്ങളാണെഴുതിയത്. എഫെസ്യർ, കൊലോസ്യർ, ഫിലിപ്പിയർ, ഫിലേമോൻ. രണ്ടാമത്തെ കാരാഗൃഹവാസകാലത്ത് എഴുതിയ ലേഖനങ്ങളാണ് ഇടയലേഖനങ്ങൾ എന്നറിയപ്പെടുന്നവ- തീമോഥിയോസിനെഴുതിയ ഒന്നും രണ്ടും

ലേഖനങ്ങൾ, തീത്തോസിനെഴുതിയ ലേഖനം.

പൗലോസിന്റെ കാരാഗൃഹലേഖനങ്ങളിലെല്ലാം അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ മുഖ്യമായും വിഷയമാക്കിയത് സ്വന്തം സുരക്ഷിതത്വമല്ല, ഭൗതീകസഹായങ്ങളുമല്ല, തിരുവചനത്തിന്റെ പ്രചുരപ്രചാരമാണ്.

എഫേസ്യക്രിസ്ത്യാനികളോട് അപ്പോസ്തോലൻ അപേക്ഷിക്കുന്നു:

> ìഞാൻ ചങ്ങല ധരിച്ച് സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായി തുറക്കുമ്പോൾ എനിക്ക് വചനം നൽകപ്പെടേണ്ട തിനും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ട തിന്നും പ്രാർത്ഥിപ്പിൻ.ì എഫേസ്യർ 6 : 19 - 20

ലണ്ടനിലുള്ള സ്പർജന്റെ പ്രാർത്ഥനാലയം ഒരിക്കൽ ഒരാൾ സന്ദർശിച്ചു. അദ്ദേഹത്തെ സ്പർജൻ എല്ലാ ഭാഗങ്ങളും കാണിച്ചു കൊടുത്തുകൊണ്ട് നടക്കുമ്പോൾ ചോദിച്ചു:

ìനിങ്ങൾക്ക് ഈ ശുശ്രൂഷയുടെ പവർഹൗസ് (ശക്തികേന്ദ്രം) കാണണമോ?ì സ്പർജൻ അദ്ദേഹത്തെ താഴെയുള്ള ആഡിറ്റോറിയത്തിലേക്ക് കൊണ്ടുപോയി.

ìഞാൻ മുകൾത്തട്ടിൽ പ്രസംഗിക്കുമ്പോൾ നൂറുകണക്കിനാളുകൾ ഇവിടെയിരുന്ന് പ്രാർത്ഥിക്കുകയാണ്ì

അനേകരുടെ പ്രാർത്ഥനയുടെ പശ്ചത്തലത്തിൽ ശക്തിയാർജ്ജിച്ചാണ് വചനശുശ്രൂഷ നടന്നുകൊണ്ടിരുന്നതെന്ന്! സ്പർജന്റെ ശുശ്രൂഷ അനുഗ്രഹമായതിൽ അത്ഭുതമില്ലല്ലോ.

[redacted]

രാജകീയാനുമതി കൂടാതെ പ്രസംഗിച്ചു എന്ന കാരണത്താലാണ് ജോൺ ബനിയനെ കാരാഗൃഹത്തിലാക്കിയത്. ഇനിമേൽ ക്രിസ്തുവിനെ പ്രസംഗിക്കുകയില്ലെന്നു പറഞ്ഞാൽ ഈ കൽത്തുറുങ്കിൽനിന്ന് മോചിപ്പിക്കാമെന്ന് പറഞ്ഞപ്പോൾ ജോൺ ബനിയൻ പറഞ്ഞു.

ìIf I am out of prison I will preach the Gospel again tomorrow by the help of God. î

ìഞാൻ ജയിലിൽനിന്ന് പുറത്തുവന്നാൽ ദൈവകൃപയാൽ ഞാൻ നാളെ വീണ്ടും സുവിശേഷം പ്രസംഗിക്കും.î

ഇതാണ് വചനത്തിനുവേണ്ടിയുള്ള ദാഹം. വചനത്തിന്റെ വാതിൽ തുറന്നുകിടക്കുന്നത് അനേകരെ കാണിച്ചുകൊടുക്കാനുള്ള ആവേശം.

രണ്ട് : വിശ്വാസത്തിന്റെ വാതിൽ.

> ìഅവിടെ എത്തിയശേഷം സഭയെ ഒരുമിച്ചു കൂട്ടി, ദൈവം തങ്ങളോടുകൂടെ ഇരുന്ന് ചെയ്തതൊക്കെയും ജാതികൾക്കു വിശ്വാസത്തിന്റെ വാതിൽ തുറന്നുകൊടുത്തതും അറിയിച്ചു.î
>
> അപ്പസ്തോലപ്രവർത്തികൾ 14 : 27

പൗലോസും ബർന്നബാസും ഒരു വർഷത്തിലേറെ മിഷണറിയാത്ര കഴിഞ്ഞ് തിരികെ അന്ത്യോഖ്യായിൽ എത്തി. അവിടെയുള്ള സഭയെ ഒരുമിച്ചുകൂട്ടി ദൈവം തങ്ങളോടുകൂടെയിരുന്നു ചെയ്ത അത്ഭുതപ്രവർത്തികൾ വിവരിച്ചു പറഞ്ഞു. ജാതികൾ വിശ്വാസത്തിലേക്ക് വരുന്നതിന് ദൈവം അവർക്ക് വിശ്വാസത്തിന്റെ വാതിൽ തുറന്നുകൊടുത്തതും അവർ അറിയിച്ചു.

വിശ്വാസം കൃപയാണ്. വിശ്വാസം ദൈവത്തിന്റെ ദാനമാണ്. വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടുകൊണ്ടു മാത്രമെ ദൈവ വേല നടക്കുകയുള്ളു. സുവിശേഷവേലയുടെ ഫലപ്രദമായ മുന്നേറ്റത്തിന് വിശ്വാസം കൂടിയെ കഴിയൂ.

മൂന്ന് : കൃപയുടെ വാതിൽ.

> Ìഇതാ, ഞാൻ നിന്റെ മുൻപിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു. അത് ആർക്കും അടച്ചുകൂടാÌ വെളിപ്പാട് 3 : 8

ഫിലദൽഫിയയിലെ സഭയുടെ ദൂതനോടുള്ള ദൈവിക അരുളപ്പാടാണിത്. കൃപയുടെ വാതിൽ, അവസരത്തിന്റെ വാതിൽ സഭയുടെ നേരെ തുറന്നുവെച്ചിരിക്കുന്നു. ഇത് കൃപയുടെ കാലയളവാണ്.

പെട്ടകത്തിന്റെ വാതിൽ തുറന്നിരിക്കുന്ന കാലമാണിത്. ഈ സമയം ഏതു പാപിക്കും അകത്തു കടക്കാം. ഏതു ഘോരമൃഗവും അകത്തുകടക്കാനുള്ള വിലപ്പെട്ട സമയമാണ്.

എന്നാൽ ഈ വാതിലടയും. അടഞ്ഞാൽ പിന്നെ ആരും തുറക്കുകയില്ല. ആരും അടക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടക്കുകയും ചെയ്യുന്നവന്റെ കരം വന്നു വാതിലടയ്ക്കുന്നതിനുമുമ്പെ, ഈ കൃപയുടെ കാലയളവിൽ തന്നെ, പെട്ടകത്തിൽ കയറിക്കൊള്ളൂ.

> Ìഇപ്പോഴാകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസംÌ 2 കൊരി. 6 : 2

പ്രിയസ്നേഹിതാ, ഇനിയും നീ അവസരം നീട്ടിവെയ്ക്കല്ലേ. ആരുടേയും നാളും നാഴികയും ആരും അറിയുന്നില്ല.

[redacted]

നാല് : സുവിശേഷത്തിന്റെ വാതിൽ.

Ìഎന്നാൽ ഞാൻ ക്രിസ്തുവിന്റെ സുവിശേഷം അറിയിപ്പാൻ ത്രൊവാസിൽ വന്നാറെ കർത്താവിന്റെ പ്രവർത്തിക്കായി എനിക്ക് ഒരു വാതിൽ തുറന്നു കിട്ടി.Î 2 കൊരി. 2 : 12

Ìഎനിക്ക് വലിയതും സഫലവുമായൊരു വാതിൽ തുറന്നിരിക്കുന്നു. എതിരാളികളും പലർ ഉണ്ട്.Î
1 കൊരി. 16 : 9

സുവിശേഷവേലയെക്കുറിച്ചുള്ള ദർശനവും ഭാരവും നമുക്കുണ്ടാകേണ്ടതാണ്.

പൗലോസ് പറഞ്ഞു.

Ìയവനൻമാർക്കും ബർബരൻമാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു... സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല; വിശ്വസിക്കുന്ന ഏവന്നും ആദ്യം യഹൂദന്നും പിന്നെ യവനന്നും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ.Î
റോമർ 1 : 14 - 16

Ìനിർബ്ബന്ധം എന്റേമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം! ഞാൻ അതു മനഃപൂർവ്വം നടത്തുന്നു എങ്കിൽ എനിക്ക് പ്രതിഫലം ഉണ്ട്. മനഃപൂർവ്വമല്ലെങ്കിലും കാര്യം എങ്കൽ ഭരമേൽപിച്ചിരിക്കുന്നു.Î 1 കൊരി. 9 : 16 - 17

Ìക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ

നിർബ്ബന്ധിക്കുന്നു.î 2 കൊരി. 5 : 14

ìകർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവന്നും രക്ഷിക്കപ്പെടും എന്നുണ്ടല്ലോ. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും. പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും? നൻമ സുവിശേഷിക്കുന്ന വരുടെ കാൽ എത്ര മനോഹരം!î

റോമർ 10 : 13 - 15

ìആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.î

റോമർ 10 : 17

വളരെ മനോഹരമായ ഒരു ഭാവന കേട്ടിട്ടുണ്ട്.

കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തു. സ്വർഗ്ഗകവാടങ്ങൾ രാജാധിരാജനുവേണ്ടി തുറന്നിട്ടിരിക്കുകയാണ്. അഗ്നിമയൻ മാരായ മാലാഖമാർ എല്ലാവരും സ്തുതി ഘോഷത്തോടെ കർത്താവിനെ എതിരേൽക്കാൻ നില്ക്കുകയാണ്. സ്വർഗ്ഗം അണിഞ്ഞൊരുങ്ങി നില്ക്കയാണ്, നാഥനെ സ്വീകരിക്കാൻ.

അപ്പോൾ ഒരു മാലാഖ കർത്താവിനോടു ചോദിച്ചു ìനാഥാ, മനുഷ്യന്റെ വീണ്ടെടുപ്പിന്റെ വേല അവിടുന്നു പൂർത്തിയാക്കിയോ?î

കർത്താവ് സന്തോഷത്തോടെ പറഞ്ഞു:

ìനിവൃത്തിയായി. അത് ഞാൻ പൂർത്തീകരിച്ചിരിക്കുന്നു.î യോഹ. 19 : 30

ഉടനെ സ്വർഗ്ഗമണ്ഡലത്തിൽ സ്തുതിഗീതങ്ങളും സ്തോത്ര

[redacted]



ശബ്ദവും ഉയർന്ന് പ്രതിധ്വനിച്ചു.

മാലാഖ വീണ്ടും ചോദിച്ചു:

ലോകത്തിലെ മനുഷ്യർക്ക് ഈ കാര്യം അറിഞ്ഞുകൂടല്ലോ. മനുഷ്യർ ഇതെങ്ങനെ അറിയും?

കർത്താവ് നല്ല സന്തോഷത്തോടും അഭിമാനത്തോടുംകൂടി പറഞ്ഞു:

Ìപത്രോസ്, യാക്കോബ്, യോഹന്നാൻ മുതലായ എന്റെ അനുയായികളോടെല്ലാം ഭൂലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം അറിയിപ്പാൻ ഞാൻ കല്പിച്ചിട്ടുണ്ട്.Ì

മാലാഖ വീണ്ടും പറഞ്ഞു:

Ìകർത്താവേ, ഞാൻ ഒരു വാക്കുകൂടി ചോദിച്ചുകൊള്ളട്ടെ: അവർ ആ ചുമതല നിർവഹിച്ചില്ലെങ്കിലോ? പത്രോസും യാക്കോബും മറ്റും മീൻ പിടിക്കാനും മത്തായി ചുങ്കം പിരിക്കാനും മടങ്ങിപ്പോയി എന്നു വന്നാലോ?Ì

കർത്താവ് തെല്ലുനേരം നിശ്ശബ്ദനായി നിന്നു. മുഖത്തു ഗൗരവവും പിന്നീട് ദുഃഖവും നിഴലിച്ചു. Ì അവർ ആ ചുമതല നിർവഹിക്കുന്നതിൽ തോൽവി അടയുകയില്ല: തോൽവി അടയാൻ പാടില്ല. അവർ പിറകോട്ടു മാറിയാൽ എനിക്കു മറ്റു യാതൊരു മാർഗ്ഗവുമില്ല.Ì

Ì എനിക്കു മറ്റു യാതൊരു മാർഗ്ഗവുമില്ല.Ì - അതെ, ഇതാണ് കർത്താവ് കല്പിക്കുന്നത്.

സ്നേഹിതാ, തന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിന് കർത്താവ് നിന്നെയാണ് നോക്കുന്നത്.

സ്വർഗ്ഗത്തിന്റെ വിളി നീ കേൾക്കുന്നുവോ?

Ìഞാൻ ആരെ അയയ്ക്കേണ്ടു; ആര് നമ്മുക്കുവേണ്ടി പോകും.Ì യെശയ്യാ 6 : 8

പാതാളത്തിന്റെ നിലവിളി കേട്ടില്ലേ?

Ìഅതിന്നു അവൻ: എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു; എനിക്കു അഞ്ചു സഹോദരൻമാർ ഉണ്ട്; അവരും ഈ യാതനാസ്ഥലത്ത് വരാതിരിപ്പാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ.Ì ലൂക്കോസ് 16 : 27 - 28

ലാസർ ചെന്ന് സാക്ഷ്യം പറഞ്ഞ് തന്റെ അഞ്ചു സഹോദരൻമാർ മാനസാന്തരപ്പെട്ടാൽ അവരെങ്കിലും ഈ നിത്യയാതനയിൽ വരാതിരിക്കട്ടെ എന്ന ധനവാന്റെ പ്രാർത്ഥന.

ദേശങ്ങളുടെ നിലവിളി കേട്ടുവോ?

Ìനീ മക്കദോന്യക്ക് കടന്നുവന്ന് ഞങ്ങളെ സഹായിക്ക.Ì

പ്രിയ സ്നേഹിത, ഈ വിളികളുടെ മുമ്പിൽ നീ എന്തു തീരുമാനിക്കുന്നു. എന്നാൽ ആവോളം ഞാൻ ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കും എന്ന് നിനക്ക് ഒരു പുതിയ തീരുമാനം എടുക്കാമോ? കർത്താവ് നിന്നെ നോക്കി ആശയോടെ നില്ക്കയാണ്. വലിയ പ്രതീക്ഷയോടെ നില്ക്കയാണ്. പാഴായിപ്പോയ കാലങ്ങളെ ഓർത്ത് നിരാശപ്പെടാതെ പുതിയ തീരുമാനത്തോടെ ചാടി എഴുന്നേൽക്കുക; ഓടിയിറങ്ങുക. സുവിശേഷ വയലിലേക്ക്.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# മൂന്ന്

ìഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും.î യോഹ. 10 : 9

പല തരത്തിലുള്ള വാതിലുകളെപ്പറ്റി നാം ചിന്തിച്ചു കൊണ്ടിരിക്കുകയായിരുന്നു.

ഒന്ന് : വചനത്തിന്റെ വാതിൽ. കൊലൊസ്യർ. 4:3.

രണ്ട് : വിശ്വാസത്തിന്റെ വാതിൽ. അപ്പൊ.പ്ര. 14:27.

മൂന്ന് : കൃപയുടെ വാതിൽ. വെളി. 3:8.

നാല് : സുവിശേഷത്തിന്റെ വാതിൽ. 2 കൊരി. 2:12.

ഒരു സംഭവം കേട്ടിട്ടുണ്ട്. കുറെ കാലങ്ങൾക്കു മുമ്പ് നടന്ന ഒരു സംഭവമാണ്. ഇംഗ്ലണ്ടിൽ ചാൾസ് പീസ് എന്നു പേരുള്ള ഒരു കൊലപാതകനെ തൂക്കികൊല്ലാൻ വിധിക്കുകയുണ്ടായി.

ഒരിക്കൽ ഒരു പട്ടക്കാരൻ ഈ കൊലപ്പുള്ളിയോട്

സുവിശേഷം പറഞ്ഞു കൊടുക്കാൻ ചെന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചും അതിൽ വിശ്വസിക്കുന്ന ഏവർക്കും നിത്യ ശിക്ഷ ഒഴിവായിക്കിട്ടും എന്നതിനെക്കുറിച്ചും വളരെ വിശദമായി അയാളോട് സംസാരിച്ചു.

ചാൾസ് ചോദിച്ചു: ìനിങ്ങൾ ഇതുവരെയും എന്നോടു പറഞ്ഞ കാര്യം നിങ്ങൾ വാസ്തവമായി വിശ്വസിക്കുന്നുണ്ടോ?î

ìഉവ്വ് ഞാൻ തീർച്ചയായും വിശ്വസിക്കുന്നുî പട്ടക്കാരൻ പറഞ്ഞു.

ìനിങ്ങൾ തീർച്ചയായും വിശ്വസിക്കുന്നില്ലî ചാൾസ് പറഞ്ഞു.ìനിങ്ങൾ വിശ്വസിക്കുന്നു എന്നു പറയുന്ന കാര്യങ്ങൾ ഞാൻ കുപ്പിച്ചില്ലുകൾ ചിതറിക്കിടക്കുന്ന വയലുകളിൽകൂടെ എന്റെ മുഴങ്കാലിൻമേൽ ഇഴഞ്ഞുനടന്ന് ഈ നാട്ടിലെ എല്ലാ സ്ത്രീപുരുഷൻമാരോടും ഈ അത്ഭുതവസ്തുത ഞാൻ പറയുമായിരുന്നു. നിങ്ങൾതന്നെ ഈ കാര്യം വിശ്വസിക്കുന്നില്ല.î

ചാൾസ് പറഞ്ഞത് സത്യമല്ലേ? സുവിശേഷത്തിന്റെ അത്ഭുതസന്ദേശം - ഏതു പാപിക്കും സൗജന്യരക്ഷ ലഭിക്കുമെന്നുള്ള ആശ്വാസസന്ദേശം - നാം വാസ്തവത്തിൽ വിശ്വസിച്ചാൽ നാമാരും ഇന്നത്തേതുപോലെ അലസരായും അശ്രദ്ധരായും ജീവിക്കുകയില്ല.

> ìദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്തശേഷം നിദ്ര പ്രാപിച്ചു.î അപ്പോസ്തല പ്രവർത്തികൾ 13 : 36

ദൈവത്തിന്റെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്യുവാൻ ദാവീദിന് ലഭിച്ച ഏക സന്ദർഭം തന്റെ തലമുറക്കാലമായിരുന്നു., തന്റെ ആയുഷ്ക്കാലമായിരുന്നു. അവിടെ തോറ്റു പോയിരുന്നു

എങ്കിൽ മറ്റൊന്നുകൊണ്ടും അതു തിരുത്തുവാൻ കഴിയുമായിരുന്നില്ല. ദാവീദ് അക്കാര്യത്തിൽ പരാജിതനാകാതിരുന്നത് എത്ര നന്നായി! അവൻ തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്തു.

ദാവീദിനുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് പരിശുദ്ധാത്മാവ് ദാവീദിനെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തി. സ്നേഹിതാ, നിന്നെക്കുറിച്ച്, നിന്റെ പേരിനോടു ചേർത്ത് പരിശുദ്ധാത്മാവ് ഇപ്രകാരം എഴുതുമോ?

സി. റ്റി. സ്റ്റഡ് പറഞ്ഞതുപോലെ ìJust one life, itíll soon soon be past.That which is done for christ alone will last.î ìഒരേ ഒരായുസ്സു മാത്രം. അത് എത്ര വേഗം എത്ര വേഗം കടന്നു പോകും. ക്രിസ്തുവിനുവേണ്ടി ചെയ്യുന്നതു മാത്രം നിലനില്ക്കും.î

ആധുനിക കാലത്തെ വലിയ സുവിശേഷ പ്രവർത്തനങ്ങളിലൊന്നാണ് Christian and Missionary Alliance എന്ന സ്ഥാപനം. ഇതിന്റെ സ്ഥാപകന്റെ പേര് ഡോ. എ.ബി. സിംപ്സൺ. കർത്താവിന്റെ സുവിശേഷത്തിനു വേണ്ടി അടരാടിയ ഒരു ധീര പുരുഷനാണ് എ.ബി. സിംപ്സൺ.

ഒരു ദിവസം അദ്ദേഹത്തിന്റെ മുറിയുടെ വാതില്ക്കലൂടെ പോയ ഒരാൾ മുറിയിലേക്ക് നോക്കിയപ്പോൾ സിംപ്സൺ പ്രാർത്ഥിക്കുന്നതു കണ്ടു. മേശമേൽ ഒരു ഗ്ലോബു വെച്ചിട്ടുണ്ടായിരുന്നു. അതിൽ അദ്ദേഹം കൈകൾ വെച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടാണ് പ്രാർത്ഥിച്ചത്. അദ്ദേഹത്തിന്റെ കണ്ണുനീർ വീണ് ഗ്ലോബ് നനഞ്ഞു. അദ്ദേഹത്തിന്റെ വിജയരഹസ്യം അതായിരുന്നു. സുവിശേഷത്തിനുവേണ്ടി അത്ര മാത്രം എരിവ്

18

അദ്ദേഹത്തിനുണ്ടായിരുന്നു.

> ìമരണത്തിനു കൊണ്ടുപോകുന്നവരെ വിടുവിക്ക; കൊലയ്ക്കായി വിറച്ചു ചെല്ലുന്നവരെ രക്ഷിപ്പാൻ നോക്കുക. ഞങ്ങൾ അറിഞ്ഞില്ലല്ലോ എന്നു നീ പറഞ്ഞാൽ ഹൃദയങ്ങളെ തൂക്കിനോക്കുന്നവൻ ഗ്രഹിക്കയില്ലയോ? നിന്റെ പ്രാണനെ കാക്കുന്നവൻ അറികയില്ലയോ?î സദൃശ്യവാക്യങ്ങൾ 24 : 11 - 12

1930 സെപ്റ്റംബർ പതിനേഴാം തീയതി അമേരിക്കയിൽ ലിങ്കൺ നഗരത്തിൽ ഒരു ഞെട്ടിപ്പിക്കുന്ന സംഭവം നടന്നു. അന്നു രാവിലെ പത്തുമണിയോടെ ലിങ്കൺ നാഷണൽ ബാങ്കിന്റെ മുമ്പിൽ ഒരു വലിയ കാർ വന്നു നിന്നു. ബാങ്കിന്റെ വാതിലുകൾ തുറന്ന ഉടനെ കാറിൽനിന്ന് ആറുപേർ ഇറങ്ങി. നാലുപേർ ബാങ്കിൽ കയറി. അവരെല്ലാം കച്ചവടക്കാരെപ്പോലെയാണ് തോന്നിയത്, പക്ഷേ അവർ കൊള്ളക്കാരായിരുന്നു. പത്തുമിനിട്ടിനകം ഇരുപത്തിയേഴുലക്ഷത്തിലധികം ഡോളർ അവർ കൊള്ളയടിച്ചു. ഭീമമായ ഒരു തുക! അമേരിക്കൻ ഐക്യനാടുകളുടെ ചരിത്രത്തിലെ ഏറ്റവും ഭീകരമായ ബാങ്ക് കവർച്ച! അതോടെ ആ ബാങ്ക് തകർന്നു.

എന്നാൽ ആ നഷ്ടത്തെക്കാൾ എത്രയോ വലിയ നഷ്ടമാണ് മനുഷ്യാത്മാവിന്റെ നഷ്ടം. മനുഷ്യന്റെ ആത്മാവിനെ നിത്യനരകത്തിലേക്ക് തള്ളിയിടുവാൻ പാപത്തിന്റേയും ശാപത്തിന്റേയും ചങ്ങലകളിൽ കുടുക്കി പൈശാചിക കിങ്കരൻമാർ കവർന്നുകൊണ്ടുപോകുകയാണ്.

ìമരണത്തിനു കൊണ്ടുപോകുന്നവരെ വിടുവിക്ക; കൊലയ്ക്കായി വിറച്ചു ചെല്ലുന്നവരെ രക്ഷിപ്പാൻ നോക്കുക.î

ദൈവപൈതലേ, സുവിശേഷവേലയുടെ പ്രാധാന്യം നിനക്കു മനസ്സിലായോ? അതിന്റെ ആവശ്യകത നിനക്കു ബോദ്ധ്യമായോ? എങ്കിൽ കർത്താവിന്റെ വേലയ്ക്കുവേണ്ടി നീ എന്തു ചെയ്തു?

മൊറീവിയൻ മിഷണറിമാരുടെ ഒരു ചിഹ്നമുണ്ട് (Emblem). ഒരു കാള കലപ്പയ്ക്കും യാഗപീഡത്തിനും മദ്ധ്യത്തിൽ നിൽക്കുന്നു. അതിന്റെ അടിയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: Ìരണ്ടിനും തയ്യാർ.Î കലപ്പ സേവനത്തെയാണ് കാണിക്കുന്നത്. യാഗപീഠം ബലിയർപ്പിക്കുന്നതിനെയും. രണ്ടിനും തയ്യാർ എന്നതാണ് സമർപ്പണം. ഒരു ക്രിസ്തുവിശ്വാസി ക്രിസ്തുവിനുവേണ്ടി ജീവിക്കുവാനും മരിക്കുവാനും ഒരുക്കമാണ് എന്നാണ് ആ മുദ്രയുടെ - ചിഹ്നത്തിന്റെ - അർത്ഥം.

ആണോ? സ്നേഹിതാ, നീ അങ്ങനെ ആണോ? അല്ലെങ്കിൽ തീരാനഷ്ടം. കാലങ്ങൾക്കുശേഷം നീ തിരിഞ്ഞുനോക്കി വിലപിക്കാൻനിടവരരുത്. കാലങ്ങൾ ഞാൻ പാഴാക്കിയല്ലോ എന്നോർത്ത് വ്യസനിച്ചിട്ടും നിരാശപ്പെട്ടിട്ടും ഫലമില്ല. ഇന്ന്, പ്രിയനെ, ഒരു തീരുമാനം എടുക്കൂ. ഉടയവന്റെ കൈകളിൽ ആയുധമായി, ഒരു ഇണങ്ങുന്ന ആയുധമായി, പ്രയോജനപ്പെടാൻ നിന്റെ ആയുസ്സ് അത്യുന്നതന്റെ കൈകളിലേക്ക് നീ സമർപ്പിക്കൂ. നിന്റെ ദേഹവും ദേഹിയും ആത്മാവും രാജാധിരാജന്റെ അരുമകരങ്ങളിലേക്ക് നീ സമർപ്പിക്കൂ.

ഒരു സംഭവം കേട്ടിട്ടുണ്ട്.

ഒരു കപ്പൽ ആഫ്രിക്കയിലേക്ക് പോവുകയായിരുന്നു. ഒരു ദിവസം കപ്പലിലെ ജോലിക്കാർക്കെല്ലാം പുതിയ സാധനങ്ങൾ കൊടുക്കുകയുണ്ടായി. പാചക ജോലിയിൽ ഒരു ചൈനാക്കാരനുണ്ടായിരുന്നു. അയാളുടെ പഴയ കിടക്ക എടുത്തു

[redacted]



കളഞ്ഞ് അയാൾക്ക് ഒരു പുതിയ കിടക്ക കൊടുക്കുവാൻ മേലുദ്യോഗസ്ഥൻ ആജ്ഞാപിച്ചു. ജോലിക്കാർ ഒരു പുതിയ കിടക്ക എടുത്തുകൊണ്ടുപോയി വെച്ചിട്ട് പഴയ കിടക്ക എടുത്ത് കടലിലേക്ക് എറിഞ്ഞു കളഞ്ഞു എന്നു പറഞ്ഞു.

ചൈനാക്കാരനായ പാചകവേലക്കാരൻ തന്റെ മുറിയിൽ വന്നപ്പോൾ പുതിയ കിടക്ക കണ്ടു പഴയ കിടക്ക എവിടെ എന്നു ചോദിച്ചപ്പോൾ, അത് ഞങ്ങൾ കടലിൽ എറിഞ്ഞു കളഞ്ഞു എന്നു പറഞ്ഞു.

അയാൾ ഉച്ചത്തിൽ അലറിക്കരഞ്ഞുകൊണ്ട് **Ì**എന്റെ ദൈവമേ**Ì** എന്ന് നിലവിളിക്കാൻ തുടങ്ങി. അയാളുടെ ആകെ ജീവിതസമ്പാദ്യമായിരുന്ന പതിനായിരം ഡോളർ ആ കിടക്കയ്ക്കുള്ളിലായിരുന്നു എന്ന് അയാൾ നിലവിളിച്ചുകൊണ്ടു പറഞ്ഞു.

അന്നു രാത്രിയിൽ അയാൾ കടലിൽ ചാടി ആത്മഹത്യ ചെയ്തു.

പ്രിയസ്നേഹിതാ, ഏറ്റവും വിലപ്പെട്ടത് നീ നഷ്ടമാക്കിയിരിക്കയാണോ? നിരാശപ്പെടേണ്ട. കഴിഞ്ഞതിനെ ഓർത്ത് നീ നിരാശയിലും ആകുലത്തിലും അലയേണ്ട. നിനക്ക് ഇനിയും നല്ല കാലങ്ങൾ കർത്താവ് തരും. നിന്റെ ആയുസ്സ് ക്രിസ്തുവിന്റെ വേലയ്ക്കുവേണ്ടി നീ ചെലവഴിക്കൂ.

> **Ì**എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു. ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു.**Ì**
>
> യോഹ 9 : 4

യിരമ്യാവ് പറയുന്നു:

[redacted]



ìഅയ്യോ കഷ്ടം! നേരം വൈകി; നിഴൽ നീണ്ടുപോയി.î യിരമ്യാവ് 6 : 4

സുവിശേഷ പ്രചരണത്തിന് വൈകുന്ന ഓരോ നിമിഷവും, ഓരോ ദിവസവും സുവിശേഷം കേട്ടിട്ടില്ലാത്ത ആയിരങ്ങൾ നിത്യാന്ധകാരത്തിലേക്ക് മാറ്റപ്പെട്ടുകൊണ്ടിരിക്കയാണ്.

ì നേരം വൈകി; അസ്തമിപ്പാറായല്ലോ.î ലൂക്കോസ് 24:29.

ì നേരവും നന്നേ വൈകി.î മർക്കോസ് 6:36.

കാലലക്ഷണങ്ങളെ വിവേചിച്ചുകൊണ്ട് ബുദ്ധിയോടെ ഉണർന്നു പ്രവർത്തിപ്പിൻ.

ബർമ്മയുടെ ആത്മീയപിതാവാണ് അഡോണിറാം ജഡ്സൺ. മുപ്പത്തിരണ്ടുവർഷം വിശ്രമമില്ലാതെ അദ്ദേഹം അവിടെ പ്രവർത്തിച്ചു. തന്റെ ഭാര്യയുടെ രോഗക്കിടക്കയിൽ അവളെ കാണുന്നതിനുവേണ്ടിയാണ് അദ്ദേഹം മുപ്പത്തിരണ്ടുവർഷത്തിനുശേഷം സ്വദേശത്തേക്ക് പോയത്. സ്വദേശത്തായിരുന്നപ്പോഴും അദ്ദേഹത്തിന്റെ ഹൃദയം ബർമ്മയിലായിരുന്നു.

ലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യത്തിന്റെ അധിപനാകുന്നതിനായാൽപോലും ഞാൻ ബർമ്മ വിട്ടുപോവുകയില്ലെന്നാണദ്ദേഹം പറഞ്ഞത്.

അദ്ദേഹം ഇങ്ങനെ എഴുതി:

ìദൈവമെ, എന്റെ ഒരേ ഒരു പ്രാർത്ഥന നിന്റെ ഇഷ്ടം നിറവേറണം എന്നു മാത്രമാണ്. ഞാനാഗ്രഹിക്കുന്ന ഒരേ ഒരു നൻമ എന്റെ വേല നന്നായി പൂർത്തിയാക്കണമെന്നും അതിന്റെ

ശേഷം ബർമ്മയിലെ ഒരു ശവക്കുഴിയിൽ വിശ്രമിക്കണമെന്നുമത്രെ.Ì

കർത്താവിന്റെ വേലയ്ക്കുവേണ്ടി ഇറങ്ങിയാൽ പ്രതിസന്ധികളും പ്രശ്നങ്ങളും ദുർഘടങ്ങളും എതിർപ്പുകളും ഒറ്റപ്പെടുത്തലുകളും അപമാനങ്ങളും എല്ലാം സഹിക്കേണ്ടിവരും.

ഇറ്റലിയുടെ സ്വാതന്ത്ര്യസമരം നടന്നുകൊണ്ടിരിക്കുമ്പോൾ ഗാരിബാൾഡി എന്ന ഇറ്റാലിയൻ ദേശാഭിമാനി തന്റെ പടയാളികളെ ഉത്സാഹഭരിതരാക്കാൻ അവരെ വെല്ലുവിളിച്ചുണർത്തി.

Ìഞാൻ റോമാപട്ടണത്തിനു വെളിയിലേയ്ക്കു പോകയാണ്. ഭവനങ്ങളോ, ഭക്ഷണസാധനങ്ങളോ, ശമ്പളമോ ഞാൻ നിങ്ങൾക്കു വാഗ്ദാനം ചെയ്യുന്നില്ല. പട്ടിണിയും ദാഹവും യുദ്ധവും മരണവുമാണ് ഞാൻ നിങ്ങൾക്കു വാഗ്ദാനം ചെയ്യുന്നത്. വാക്കുകൾ കൊണ്ടു മാത്രമല്ല, ഹൃദയംകൊണ്ട് എന്നെ സ്നേഹിക്കുന്നവൻ എന്റെ പിന്നാലെ വരട്ടെ.Ì

സ്നേഹിതാ, ഗാരിബാൾഡി പറഞ്ഞതിനെക്കാളും എത്രയോ ഗൗരവമായിട്ടാണ് കർത്താവ് നമ്മെ തന്റെ ആജ്ഞയാൽ ഉണർത്തുന്നത്! നിങ്ങൾ ഉണർന്ന് മുന്നോട്ടു വരുമെങ്കിൽ കരുണയുള്ള കർത്താവ് തന്റെ ഉള്ളം കൈയ്യിൽ നിങ്ങളെ താങ്ങും.

Ìഎന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നത് എന്റെ ആഹാരംÌ എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്. അവന്റെ ഇഷ്ടം, ഒന്ന്, നമ്മുടെ ശുദ്ധീകരണം; രണ്ട്, ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ എന്നതാണ്.Ì

മിഷ്യണറിയായി ആഫ്രിക്കയിലേക്കു പോയ ഗോലസും

[redacted]

അദ്ദേഹത്തിന്റെ യുവതിയായ ഭാര്യയും അവിടെ ചെന്ന് ഒരു വർഷത്തിനുള്ളിൽ മരിച്ചു. മരണാസന്നനായി ഗോലസ് കിടക്കുമ്പോൾ ഒരു സ്നേഹിതൻ അരികെ നിന്ന് നെറ്റിയിലെ വിയർപ്പ് തുടയ്ക്കുന്നുണ്ടായിരുന്നു. ആ സ്നേഹിതനോട് ഗോലസ് പറഞ്ഞു: Ìആദ്യത്തെ വേലക്കാർ നിലത്തുവീണു എന്നതിൽ ഒട്ടും അധൈര്യപ്പെടേണ്ട. അവരുടെ ശവക്കുഴികൾ പിറകെ വരുന്നവർക്ക് പാതയായിത്തീരും. പിൻഗാമികൾ അവരെ കടന്ന് മുന്നോട്ടു പോവുകതന്നെ ചെയ്യും.Ì

ഇക്വഡോറിൽ ഔക്കാ ജാതിക്കാർ കൊന്നുകളഞ്ഞ ആറു ദൈവമക്കളിൽ ഒരാളാണ് ജിം എലിയറ്റ്. അദ്ദേഹം ഒരിക്കൽ ഇങ്ങനെ എഴുതി:

Ì നിങ്ങൾ മരിക്കേണ്ടിവരുമ്പോൾ മരിക്കുകയല്ലാതെ ഒന്നും ചെയ്യാനില്ലാതിരിക്കത്തക്കവണ്ണം ഇപ്പോൾ ജീവിക്കുക.Ì

സുവിശേഷത്തിന്റെ വാതിൽ തുറന്നു കിടക്കുന്നു. അതിവേഗം സുവിശേഷവേലയ്ക്കായി വയലിലേക്കിറങ്ങാം.

മാന്യസ്നേഹിതാ, സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന്ന് ചെരിപ്പാക്കികൊണ്ട് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ദീപം കൈയ്യിലേന്തികൊണ്ട്, സുവിശേഷത്തിന്റെ വാതിൽ തുറന്നിരിക്കുന്നത് കണ്ടുകൊണ്ട് പുതിയ സമർപ്പണം നീ എടുക്കുന്നുവോ? എങ്കിൽ നേരെ മുന്നോട്ട്, ഈ സുപ്രസാധകാലത്ത് നീ ഓടുമോ?

പ്രിയസഹോദരീ, കർത്താവിന്റെ വേലയിൽ അത്യുത്സാഹത്തോടെ പങ്കാളിയാകുമോ? പ്രതിഫലം അവന്റെ കൈയ്യിലുണ്ട്. നീ നിന്നെത്തന്നെ സമർപ്പിക്കുക. ക്രിസ്തു തന്റെ കൈകളിൽ നിന്നെ വഹിക്കട്ടെ. നിന്നെ വാഴ്ത്തട്ടെ. നിന്നെ അനുഗ്രഹിക്കട്ടെ.

21 ആയതിന് കരുണയുള്ള കർത്താവ് നിങ്ങൾക്കെല്ലാവർക്കും കൃപ നൽകുമാറാകട്ടെ.

## നാല്

ìഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും.î യോഹ. 10 : 9

തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വാതിലുകളെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായങ്ങളിൽ ധ്യാനിച്ചുകൊണ്ടിരുന്നല്ലോ.

അഞ്ചാമത്തെ വാതിൽ ജാതികളുടെ വാതിൽ.

ìമനുഷ്യപുത്രാ, യെരുശലേമിനെക്കുറിച്ച്: നന്നായി, ജാതികളുടെ വാതിലായിരുന്നവൾ തകർന്നുപോയി, അവൾ എങ്കലേക്കു തിരിഞ്ഞിരിക്കുന്നു, അവൾ ശൂന്യമായി തീർന്നിരിക്കയാൽ ഞാൻ നിറയും.î
യെഹസ്കേൽ 26 : 2

Living Bible - ൽ ഇത് ഇങ്ങനെ വായിക്കുന്നു:

ìSon of dust, Tyre has rejoiced over the fall of Jerusalem,

saying, ìHa! she who controlled the lucrative north - south trade routes along the coast and along the course of the River Jordan has been broken, and I have fallen heir! Because she has been laid waste, I shall become wealthy!î

New International version - ൽ ഇപ്രകാരം കാണുന്നു.

ìSon of Man, Tyre has said of Jerusalem, ìAha! The gate to the nations is broken, and its doors have swung open to me, now that she lies in ruins I will prosper.î

ഫിനിഷ്യയുടെ തലസ്ഥാനമാണ് സോർ. ഫിനിഷ്യ ഇന്നത്തെ ലബനോൻ ആണ്. B.C. 594 - ൽ അസ്സീറിയൻ സാമ്രജ്യത്തിനെതിരായ ഒരു നീക്കത്തിന് ആക്കം കൂട്ടിയ പട്ടണമാണ് സോർ. യിരമ്യാപ്രവാചകന്റെ പുസ്തകം 27:3 ൽ അത് കാണുന്നുണ്ട്. യിരമ്യാവ് 27-ാം അദ്ധ്യായത്തിൽ അസ്സീറിയ (അശ്ശൂർ) യ്ക്കെതിരായ ഒരു ഉന്നതതലയോഗം സോരിൽ നടന്നതായി കാണുന്നു.

ഭൂമിശാസ്ത്രപരമായ സ്ഥാനംകൊണ്ട് സോരിന്റെ രാഷ്ട്രീയ പ്രാധാന്യവും അന്തർദേശീയ വ്യാപാരത്തിന്റെ സാധ്യതയും വളരെ വിപുലമായിരുന്നു. അതിൽ സോർ അഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്തതായിട്ടാണ് യെഹസ്കേൽ പറയുന്നത്. തന്മൂലം ദൈവം ജാതികളുടെ വാതിലായ സോരിന് എതിരായിരിക്കുന്നു എന്ന് ഇവിടെ കാണുന്നു.

ìദൈവം നിഗളികളോട് എതിർത്തുനിൽക്കുന്നു.
താഴ്മയുള്ളവർക്കോ കൃപ നൽകുന്നു.î

1 പത്രോസ് 5 : 5

ജ്ഞാനിയായ ശാലോമോൻ പറയുന്നു.

ìനാശത്തിനു മുമ്പെ ഗർവ്വം, വീഴ്ചയ്ക്കു മുമ്പെ

[redacted]



ഉന്നതഭാവം.ĺ                                    സദൃശ. 16 : 18

ജാതികളുടെ വാതിൽ അഹങ്കാരത്തിന്റെ പരിണിതഫലമായ നാശത്തെ കാണിക്കുന്നു.

സാത്താന്റെ വീഴ്ചയുടെ കാരണംതന്നെ നിഗളമത്രേ. സോർപ്രഭുവിനെക്കുറിച്ചുള്ള വർണ്ണനകൾ സാത്താന്റെ പ്രതീക മായിട്ടാണ് യെഹസ്കേലിന്റെ പ്രവചനത്തിൽ കാണുന്നത്.

> ìനിന്റെ ഹൃദയം നിഗളിച്ചുപോയി; നീ ദൈവമല്ല, മനുഷ്യൻ മാത്രമായിരിക്കെ, ഞാൻ ദൈവമാകുന്നു; ഞാൻ സമുദ്ര മദ്ധ്യേ ദൈവാസനത്തിൽ ഇരിക്കുന്നു എന്നു പറഞ്ഞു. നീ ദൈവഭാവം നടിച്ചതുകൊണ്ട് - നീ ദാനിയേലിലും ജ്ഞാനിയല്ലോ; നീ അറിയാതവണ്ണം മറച്ചുവെക്കാകുന്ന ഒരു രഹസ്യവുമില്ല. നിന്റെ ജ്ഞാനം കൊണ്ടും വിവേകം കൊണ്ടും നീ ധനം സമ്പാദിച്ചു പൊന്നും വെള്ളിയും നിന്റെ ഭണ്ഡാരത്തിൽ സംഗ്രഹിച്ചുവെച്ചു. നീ മഹാജ്ഞാനം കൊണ്ട് കച്ചവടത്താൽ ധനം വർദ്ധിപ്പിച്ചു, നിന്റെ ഹൃദയം ധനം നിമിത്തം ഗർവ്വിച്ചുമിരിക്കുന്നു - അതുകൊണ്ടുതന്നെ യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: നീ ദൈവഭാവം നടിക്കയാൽ ഞാൻ ജാതികളിൽ ഉഗ്രൻമാരായ അന്യജാതിക്കാരെ നിന്റെ നേരെ വരുത്തും..... നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ടു നിറഞ്ഞു. നീ പാപം ചെയ്തു. അതുകൊണ്ടു ഞാൻ നിന്നെ അശുദ്ധൻ എന്നു എണ്ണി ദേവപർവ്വതത്തിൽ നിന്ന് തള്ളികളഞ്ഞു; മറയ്ക്കുന്ന കെരൂബെ, ഞാൻ

[redacted]

നിന്നെ അഗ്നിമയരഥങ്ങളുടെ മദ്ധ്യേനിന്നു മുടിച്ചുകളഞ്ഞു.Ì യെഹസ്കേൽ 28 : 2 - 16

സാത്താന്റെ നിഗളം നിമിത്തമുള്ള വീഴ്ചയെക്കുറിച്ച് യെശയ്യാപ്രവാചകൻ പറയുന്നുണ്ട്.

> "അരുണോദയ പുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനെ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! Ìഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രത്തിന്റെ മീതെ വെക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിൻമേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കുമീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകുംÌ എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്ക്, നാശകൂപത്തിന്റെ അടിയിലേക്കു തന്നെ വീഴും." യെശയ്യാ 14 : 12 - 15

മാന്യസ്നേഹിതാ, നിന്റെ ഹൃദയം ഏതിലെങ്കിലും അഹങ്കരിക്കുന്നുണ്ടോ? നിന്റെ കഴിവിലോ ബുദ്ധിയിലോ ജ്ഞാനത്തിലോ പാണ്ഡിത്യത്തിലോ ആരോഗ്യത്തിലോ സൗന്ദര്യത്തിലോ പ്രാപ്തിയിലോ നൈപുണ്യത്തിലോ വിദ്യാഭ്യാസത്തിലോ പ്രതാപത്തിലോ പേരിലോ പെരുമയിലോ കുടുംബപാരമ്പര്യത്തിലോ ആഭിജാത്യത്തിലോ സ്ഥാനത്തിലോ പദവിയിലോ നീ പ്രശംസിക്കുന്നുണ്ടോ?

എങ്കിൽ പ്രിയനെ, ജാതികളുടെ വാതിൽ നിനക്ക് നാശത്തെക്കുറിച്ച് മുന്നറിയിപ്പു തരുന്നു.

അതിവേഗം നിന്റെ ഹൃദയം എളിമപ്പെടുത്തിക്കൊള്ളുക.

[redacted]

താഴ്മയും ലാളിത്യവും സൗമ്യതയും നിന്റെ ആഭരണമാക്കിക്കൊള്ളുക.

താഴ്മയുള്ളവരെ ഉയർത്തുന്ന ദൈവത്തിന്റെ അത്ഭുത കരങ്ങളുടെ സ്പർശമേറ്റ് പടിപടിയായി ഉയർന്ന ഒരാളാണ് ഇരിമ്പനത്ത് താമസിക്കുന്ന ബിജോയ്.

ബിജോയിയുടെ അനുഭവങ്ങളെക്കുറിച്ച് ബിജോയിയുടെ നാവിൽനിന്നുതന്നെ നമ്മുക്ക് കേൾക്കാം.

ബിജോയിയുടെ ആദ്യകാലാനുഭവങ്ങൾ ഒന്ന് വിവരിക്കാമോ?

വളരെ ഭക്തിയുള്ള ഒരു ക്നാനായ യാക്കോബായ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. പള്ളിയാരാധന, നമസ്ക്കാരം, നോമ്പ്, പ്രാർത്ഥന, വേദപുസ്തകവായന എന്നീ കാര്യങ്ങളിലെല്ലാം ചിട്ടയായ ജീവിതമാണ് എനിക്കുണ്ടായിരുന്നത്.

എന്റെ പതിനൊന്നാമത്തെ വയസ്സുമുതൽ ഞാൻ സാറിന്റെ വീട്ടിൽ നടക്കുന്ന യോഗങ്ങളിൽ സംബന്ധിച്ചിരുന്നു. എങ്കിലും എന്റെ ജീവിതത്തിൽ നിന്ന് പാപം വിട്ടുമാറിയിരുന്നില്ല. ലോക ഇമ്പങ്ങൾക്കും ജഡോല്ലാസങ്ങൾക്കും വേണ്ടിയുള്ള ആഗ്രഹം എന്നിൽ വളർന്നുവന്നു.

പുറമെ ഞാനൊരു മാന്യനെപ്പോലെ ജീവിച്ചിരുന്നു എങ്കിലും ഞാൻ വെള്ളതേച്ച ശവക്കല്ലറപോലെയായിരുന്നു. കൈയ്പും നീരസവും വിദ്വേഷവും പകയും എല്ലാം ഉണ്ടായിരുന്നു.

സിഗരറ്റുവലിയും മദ്യപാനവും ഒരുസ്ഥിരശീലമായിരുന്നില്ല. എങ്കിലും അതും എന്റെ ജീവിതത്തെ അഴുക്കാക്കിയിരുന്നു. എന്റെ നോട്ടം വളരെ അശുദ്ധമായിരുന്നു. ഞാൻ കോളേജിൽനിന്ന് പുസ്തകങ്ങൾ മോഷ്ടിച്ചിട്ടുണ്ട്. സിനിമയും

റ്റി. വി. യും എന്റെ ഹരമായിരുന്നു.

ഈ അവസ്ഥയിൽനിന്ന് രക്ഷനേടണമെന്നുള്ള ആഗ്രഹമുണ്ടായതെങ്ങനെയാണ് ?

എന്റെ ജീവിതത്തിൽ ഒരു സമാധാനവുമുണ്ടായിരുന്നില്ല. വീട്ടിൽ കടുത്ത ദാരിദ്ര്യമായിരുന്നു. പൈസയ്ക്ക് നല്ല ഞെരുക്കമായിരുന്നു. വലിയ നിരാശ എന്നെ ബാധിച്ചു. എന്നെ ആരും സ്നേഹിക്കുന്നില്ല; എന്നെ ഭൂമിയിലാർക്കും വേണ്ട എന്നൊരു തോന്നലെനിക്കുണ്ടായി. പലപ്പോഴും ജീവിതത്തിന്റെ അർത്ഥമെന്തെന്ന് ഞാൻ ചിന്തിക്കാറുണ്ട്. ഭാവിയിലേക്ക് നോക്കി ഒരു ശൂന്യത മാത്രം കണ്ട് ഞാൻ നെടുവീർപ്പിടാറുണ്ട്.

ഈ സ്ഥിതിമാറിയതെങ്ങനെയാണ് ?

അതൊരു വലിയ അത്ഭുതമാണ്. 1997 ജൂണിൽ ഞാൻ വചനം കേട്ടുകൊണ്ടിരുന്നപ്പോൾ എനിക്ക് ആഴമായ പാപബോധമുണ്ടായി. പുറമെ ഞാൻ മാന്യനാണെങ്കിലും എന്റെ രഹസ്യ ജീവിതം മുഴുവൻ അശുദ്ധമാണല്ലോ എന്ന് ഞാൻ കണ്ടു. ഞാൻ വളരെ കരഞ്ഞു. പാപം കൂടാതെ ജീവിക്കണമെന്നുള്ള വലിയ വാഞ്ഛ എന്റെ ഹൃദയത്തിലുണ്ടായി.

ഞാൻ എന്റെ പാപങ്ങൾ ഓരോന്നും എണ്ണിയെണ്ണി ഏറ്റുപറഞ്ഞു. ഞാൻ മോഷ്ടിച്ച സാധനങ്ങൾ തിരികെ കൊടുക്കുമെന്ന് തീരുമാനിച്ചു. ഞാൻ അവ ഓരോന്നായി മടക്കിക്കൊടുത്ത് മാപ്പ് ചോദിച്ചു. ക്രിസ്തുവിന്റെ തിരുരക്തം എന്റെ സകലപാപങ്ങളും ക്ഷമിച്ചു എന്നും എന്റെ ബന്ധനങ്ങളെല്ലാം അഴിച്ചു എന്നും എനിക്ക് ഉറപ്പു ലഭിച്ചു.

അതിനെ തുടർന്ന് എന്തെല്ലാം അനുഗ്രഹം ലഭിച്ചു ?

എന്റെ ഹൃദയത്തിൽ വലിയ സന്തോഷം ലഭിച്ചു. വലിയോരു സ്വാതന്ത്ര്യവും സ്വസ്ഥതയും ഞാൻ അനുഭവിച്ചു.

എനിക്ക് നല്ല ഒരു ജോലി ലഭിച്ചു. എന്റെ ഔദ്ദ്യോഗിക കൃത്യനിർവ്വഹണത്തിന് കർത്താവ് എനിക്ക് നല്ല കഴിവ് തന്നു. ഞാൻ ഉദ്ദ്യോഗത്തിൽ പടിപടിയായി ഉയർന്നു. ഇന്നു ഞാൻ വലിയ ഒരു കമ്പനിയുടെ റീജിയണൽ മാനേജരായി ജോലി ചെയ്യുകയാണ്. നിസ്സാരതയിൽനിന്ന് ദൈവം എന്നെ ഉയർത്തി.

ആകട്ടെ, ഈ റേഡിയോ ശ്രോതാക്കളോട് ബിജോയിക്ക് എന്താണ് പറയാനുള്ളത് ?

Ìഎന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കുംÎ എന്നരുളിച്ചെയ്ത കർത്താവ് വാക്കു മാറാത്തവനാണ്. ക്രിസ്തുവിന്റെ കൈകളിലേക്ക് എളിമയോടെ ജീവിതം ഭരമേല്പ്പിച്ചാൽ അതൊരു നഷ്ടമല്ല. ആത്മീയമായും ഭൗതീകമായും അത് ലാഭമാണ്.

പുറമെയുള്ള പാപങ്ങൾ ഉപേക്ഷിച്ചാൽ മാത്രം പോരാ, ഹൃദയത്തിലെ വിചാരങ്ങളിലും മനോഭാവങ്ങളിലും ആഗ്രഹങ്ങളിലും ലാക്കുകളിലും എല്ലാം ഒരു സമ്പൂർണ്ണ വ്യതിയാനം വന്നാൽ മാത്രമെ ക്രിസ്തു നമ്മിൽ പ്രസാദിക്കുകയുള്ളു. ക്രിസ്തു താണവരെ ഉയർത്തുന്നവനാണ്. ഇതാണെന്റെ അനുഭവം.

പ്രിയ സഹോദരാ, നിന്റെ ജീവിതത്തിൽ കാണിച്ചു തന്ന എളിമയും താഴ്മയും അണിയുവാൻ നീ ആഗ്രഹിക്കുന്നുവോ? ക്രൂശിലെ മരണത്തോളം താഴുവാൻ തിരുമനസ്സായ രക്ഷകന്റെ മുറിഞ്ഞ പാദത്തിൽ നിന്റെ ജീവിതം നീ അടിയറ വെയ്ക്കുന്നുവോ? എങ്കിൽ നീ ഒരു ഭാഗ്യശാലിയായിരിക്കും.

[redacted]

ആറാമത്, ഇടുക്കുവാതിൽ.

ìഇടുക്കു വാതിലിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും കഴിയികയില്ലതാനും എന്നു ഞാൻ നിങ്ങളോടു പറയുന്നു.î

ലൂക്കോസ് 13 : 24

ìഇടുക്കു വാതിലിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ.î

മത്തായി 7 : 13 - 14

സ്വർഗ്ഗരാജ്യത്തിലേക്കുള്ള വാതിൽ ഇടുക്കമുള്ളതാണ്. ആ വഴി വളരെ ഞെരുക്കവുമാണ്. ആ വാതിൽ കണ്ടെത്തുകയും തിരിച്ചറിയുകയും ചെയ്യുന്നതെന്തൊരു ഭാഗ്യമാണ് ! പക്ഷേ വളരെ കുറച്ചുപേർ മാത്രമേ ആ വാതിൽ കണ്ടെത്തുന്നുള്ളൂ.

കണ്ടെത്തുന്നവർ ആ വാതിലിൽകൂടി അകത്തുകടക്കാൻ അദ്ധ്വാനിക്കുന്നുണ്ട്. എങ്ങനെയും കടന്നു കൂടണമെന്നാഗ്രഹിക്കുന്നുണ്ട്. പക്ഷേ കടക്കാൻ കഴിയുന്നില്ല.

കർത്താവ് കല്പിക്കുന്നത് ìഇടുക്കു വാതിലിലൂടെ കടപ്പാൻ പോരാടുവിൻ.î എന്നാണ്. അത്ര പ്രയാസമാണ് നിത്യജീവൻ പ്രാപിക്കുക എന്ന് കർത്താവ് പ്രബോധിപ്പിച്ചു.

ìഎന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരൻമാരേയും സഹോദരികളേയും

[redacted]



സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കുകയും ചെയ്യുന്നവന്ന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല. തന്റെ ക്രൂശുമെടുത്ത് എന്റെ പിന്നാലെ വരാത്തവനും ശിഷ്യനായിരിപ്പാൻ കഴിയികയില്ല...... നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന്ന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല.Ì

ലൂക്കോസ് 14 : 26 - 33

സ്വർഗ്ഗരാജ്യം വിലയേറിയതാണ്. നിത്യജീവൻ വളരെ വിലയേറിയതാണ്. അതിനായി അത്യന്തം ദാഹിക്കുന്നവർക്കാണ് അത് ലഭിക്കുന്നത്. ആക്ഷേപവും അപമാനവും നിന്ദയും ഒറ്റപ്പെടുത്തലും യാതനയും മിഥ്യാപവാദങ്ങളും ദുരാരോപണങ്ങളും പുഞ്ചിരിയോടെ നേരിടാൻ കഴിയുന്നവർക്കു മാത്രമേ നിത്യജീവൻ പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ക്രിസ്തു തന്റെ ജീവിതത്തിൽകൂടി കാണിച്ച മാതൃകയാണ് നമ്മുടെ ജീവിതത്തിലെ ഗതി നിയന്ത്രിക്കേണ്ടത്.

പ്രിയ സഹോദരി, മാന്യ സഹോദരാ, ഇടുക്കുവാതിലൂടെ അകത്ത് കടപ്പാൻ നീ പരിശ്രമിക്കുമോ? കുരിശു ചുമന്നുകൊണ്ട് വധസ്ഥലത്തേക്ക് പോയവന്റെ പിന്നാലെ കുരിശുംപേറി പോകാൻ നിനക്ക് താല്പര്യമോ? എങ്കിൽ അവന്റെ ആണിപ്പാടുള്ള കൈകളിലേക്ക് നിന്റെ ജീവിതം വ്യവസ്ഥ കൂടാതെ ഇപ്പോൾ വിട്ടു കൊടുക്ക. രാജാധിരാജനെ നിന്റെ നാഥനും രക്ഷകനുമായി ഹൃദയത്തിലേക്കിപ്പോൾ എതിരേൽക്കുക.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## അഞ്ച്

ìനീതിയുടെ വാതിലുകൾ എനിക്കു തുറന്നു തരുവിൻ; ഞാൻ അവയിൽകൂടി കടന്ന് യഹോവേക്കു സ്തോത്രം ചെയ്യും. യഹോവയുടെ വാതിൽ ഇതു തന്നേ; നീതിമാൻമാർ അതിൽകൂടി കടക്കും.î സങ്കീ. 118 : 19 - 20

പരിശുദ്ധമായ ദേവാലയത്തിനുള്ളിലെ അതിപരിശുദ്ധ സ്ഥാനത്തേയ്ക്ക് പ്രവേശനം കൊതിയ്ക്കുന്ന ദൈവപൈതൽ യഹോവയെ ആരാധിക്കുവാൻ വാഞ്ച്ചിക്കുകയാണ്. യഹോവയ്ക്ക് സ്തോത്രം ചെയ്യുന്നതിന് വിശുദ്ധസ്ഥാനത്തെത്തുവാൻ വാഞ്ചയോടെ ദാഹിക്കുന്ന ദൈവപൈതലിന്റെ മനസ്സാണ് ഇവിടെ ചിത്രീകരിക്കപ്പെടുന്നത്.

ദൈവത്തിന്റെ ആലയം നീതിയുടെ ആലയമാണ്. നീതിയുള്ളവരാണ് നീതിയുടെ വാതിലുകളിൽകൂടി നീതിയുടെ ആലയത്തിൽ പ്രവേശിക്കുന്നത്.

ചുങ്കക്കാരന്റെയും പരീശന്റെയും ഉപമയിൽ ചുങ്കക്കാരനറിയാമായിരുന്നു അവൻ നീതികെട്ടവനാണെന്ന്. അതുകൊണ്ടാണ്, അവൻ ദൂരത്തുനിന്നുകൊണ്ട് പ്രാത്ഥിക്കുന്നത്.

> ìചുങ്കക്കാരനോ ദൂരത്തുനിന്നുകൊണ്ട് സ്വർഗ്ഗത്തേക്ക് നോക്കുവാൻപോലും തുനിയാതെ മാറത്തടിച്ചു: ദൈവമെ, പാപിയായ എന്നോടു കരുണയുണ്ടാകണമെ എന്നു പറഞ്ഞു.î
>
> ലൂക്കോസ് 18 : 13

അവന് ഒരു നീതീകരണവുമില്ല; അവന് ഒരവകാശവാദവുമില്ല. അവന് ഒരഭിമാനവുമില്ല. അവന് സ്വയമതിപ്പൊട്ടുമില്ല.

അവന് ആഴമായ കുറ്റബോധമുണ്ട്. അവന് കഠിനമായ അനുതാപമുണ്ട്. അവന് ന്യായീകരണമൊട്ടുമില്ല.

അവന്റെ ഹൃദയം തകർന്നിരിക്കയാണ്. അഗാധമായ പശ്ചാത്താപത്തോടെ ദൈവത്തിന്റെ കരുണയ്ക്കുവേണ്ടി അപേക്ഷിക്കുകയാണ്.

> ìഅവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയി.î ലൂക്കോസ് 18 : 14

എന്നാൽ പരീശന് അവകാശവാദങ്ങളുണ്ട്. അവന് അഭിമാന വിഷയങ്ങളുണ്ട്. അവന് സ്വന്തമായ ന്യായീകരണങ്ങളുണ്ട്. അവൻ മറ്റുള്ളവരെക്കാൾ ഭേദമാണെന്ന സ്വയം മതിപ്പുണ്ട്. അവന്റെ പ്രാർത്ഥന:

> ìദൈവമെ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കകാരനെപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു.

ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു. നേടുന്നതിൽ ഒക്കെയും പതാരം കൊടുത്തുവരുന്നു എന്നിങ്ങനെ പ്രാർത്ഥിച്ചു.î ലൂക്കോസ് 18 : 11 - 12

അവന്റെ പ്രാർത്ഥനയിൽ ഹൃദയത്തകർച്ചയില്ല, അനുതാപമില്ല. പാപബോധമില്ല. അവൻ സ്വയം നീതിമാനാണെന്ന് മതിക്കുകയാണ്. അവന് ദൈവസന്നിധിയിൽ നീതീകരണം ലഭിച്ചില്ല.

ഞാൻ നീതികെട്ടവൻ, ഞാൻ കുറ്റവാളി എന്ന എളിമയോടെ ദൈവത്തിന്റെ സ്നേഹത്തിലും ദീർഘക്ഷമയിലും വിശ്വാസത്തോടെ അടുത്തു ചെല്ലുന്നവനാണ് നീതിയുടെ വാതിൽ തുറന്നു ലഭിക്കുന്നത്.

പ്രിയ സഹോദരാ, സഹോദരീ, നിന്റെ പരീശമനോഭാവം ഉപേക്ഷിച്ചെങ്കിലേ നിനക്ക് കരുണ ലഭിക്കുകയുള്ളു. നിന്റെ പാപത്തെക്കുറിച്ചുള്ള അരിഷ്ടതയോടും ദാരിദ്ര്യ ബോധത്തോടുംകൂടെ നീ ദൈവസന്നിധിയിൽ ഇപ്പോൾ നിന്റെ ഹൃദയം പകരുമോ?

പാപബോധം ഇല്ലാതെ പരീശമനോഭാവം പുലർത്തുന്നവരെക്കുറിച്ച് യിരമ്യാവ് പറയുന്നു:

ìഞാൻ കുറ്റമില്ലാത്തവൾ, അവന്റെ കോപം എന്നെ വിട്ടുമാറിയിരിക്കുന്നു സത്യം എന്നു പറയുന്നു, ഞാൻ പാപം ചെയ്തിട്ടില്ല എന്നു നീ പറയുന്നതുകൊണ്ട് ഞാൻ നിന്നോട് വ്യവഹരിക്കും.î 2 : 35

ìഅവൻ എന്നെക്കും കോപം സംഗ്രഹിക്കുമോ? അവൻ സദാകാലം ദ്വേഷം വെച്ചു ക്കൊണ്ടിരിക്കുമോ? എന്നിങ്ങനെ നീ പറഞ്ഞു

[redacted]



ദുഷ്ടതകളെ പ്രവർത്തിച്ചു നിനക്കു സാധിച്ചുമിരിക്കുന്നു.Î 3 : 5

പരീശമനോഭാവത്തോടെ, പാപബോധമില്ലാതെ ഏറെക്കാലം ജീവിച്ച ഒരാളാണ് മംഗലത്തുനടയിലുള്ള എൽദോസ്. ഇപ്പോൾ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ മിഷ്യണറിയായി കുടുംബസമേതം വയനാട്ടിൽ ദൈവവേല ചെയ്യുന്ന ഒരു കർത്തൃദാസനാണ് എൽദോസ്.

എൽദോസിന്റെ ജീവിതാനുഭവങ്ങൾ ഇപ്പോൾ നമുക്ക് കേൾക്കാം.

എൽദോസിന്റെ പഴയകാല ജീവിതത്തെക്കുറിച്ച് ഇന്ന് എന്താണ് പറയാനുള്ളത്?

ഞാൻ ഒരു യാക്കോബായ കുടുംബത്തിൽ ജനിച്ചു. നോമ്പ്, നമസ്ക്കാരം, പള്ളിയാരാധന ഇവയിലെല്ലാം നല്ല നിഷ്ഠയായിരുന്നു. ബാല്യത്തിൽ സൺഡേസ്കൂൾ പഠിച്ചു. പിന്നീട് സൺഡേ സ്കൂൾ പഠിപ്പിച്ചു. പക്ഷേ അന്നൊക്കെ ക്രിസ്തു ആരാണെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. ക്രിസ്തുവിനെക്കുറിച്ച് വിവരിക്കാനെനിക്കറിയാമായിരുന്നു. എന്നാൽ ക്രിസ്തു എനിക്കാര് എന്നു ചോദിച്ചാൽ ശരിയായി പറയാൻ എനിക്ക് സാധിക്കുകയില്ലായിരുന്നു.

കാരണം, ക്രിസ്തു എന്റെ പാപം പോക്കി, എന്നെ രക്ഷിച്ചു, എന്നെനിക്കറിഞ്ഞുകൂടായിരുന്നു. എനിക്ക് പാപബോധമില്ലായിരുന്നു. പുറമെ ഞാൻ നീതിമാനായിരുന്നു. പ്രകടമായ പാപപ്രവൃത്തികളിലേക്ക് ഞാൻ പോയിട്ടില്ല. എന്നാൽ എന്റെ ഹൃദയം നിറയെ തിൻമയായിരുന്നു. അശുദ്ധചിന്തകളും, മ്ലേച്ഛമോഹങ്ങളും എന്റെ ഹൃദയത്തിലുണ്ടായിരുന്നു. ലോകത്തിൽ ഉന്നതനാകണമെന്നും എല്ലാവരുടേയും ബഹുമാന

പാത്രമായിത്തീരണമെന്നും ഞാൻ ആഗ്രഹിച്ചിരുന്നു.

ചെറുപ്പത്തിൽതന്നെ ഒരു കടുത്ത നിരാശ എന്നെ ബാധിച്ചു. അപകർഷതാബോധം മൂലം ഞാൻ പലപ്പോഴും വളരെ നിരാശനാകുകയും മറ്റുള്ളവരിൽനിന്ന് അകന്നു നില്ക്കാൻ ശ്രമിക്കുകയും ചെയ്തു.

ബൈബിൾ വായിക്കാൻ എന്റെ അമ്മ എന്നോടു പറയുമ്പോൾ ഇതുകൊണ്ടൊന്നും ഒരു പ്രയോജനവുമില്ല എന്നു ഞാൻ പറയുമായിരുന്നു. നോവലുകളും മാസികകളും വായിച്ച് ഞാൻ സമയം കളഞ്ഞുകൊണ്ടിരുന്നു.

ഈ അവസ്ഥയ്ക്ക് ഭേദം വന്നതെങ്ങനെയാണ്?

1990 - ൽ എന്റെ ഇരുപത്തിരണ്ടാമത്തെ വയസ്സിൽ രണ്ടു ദൈവദാസൻമാർ എന്റെ വീട്ടിൽ ദൈവവചനം പറയാനായി വന്നു. അവർ പറഞ്ഞതെല്ലാം വളരെ അലക്ഷ്യമായി ഞാൻ കേട്ടുകൊണ്ടിരുന്നു. അവർ ചില ട്രാക്റ്റുകളും book let -കളും തന്നു. ഞാനതിന് പ്രതിഫലമായി ഒരു രൂപ കൊടുത്തു.

ഏതാനും സമയം കഴിഞ്ഞ് വളരെ യാദൃശ്ചികമായി ആ ട്രാക്റ്റുകൾ ഞാനെടുത്തു വായിച്ചു. അത് വേദപുസ്തകം വായിക്കുവാൻ എനിക്ക് താല്പര്യമുളവാക്കി. വായിക്കുന്തോറും എന്റെ ഹൃദയത്തിൽ അതുവരെ അനുഭവിക്കാത്ത ഒരു സമാധാനം ലഭിച്ചു. തുടർന്ന് ഞാൻ കൂട്ടായ്മകളിൽ പങ്കെടുക്കുവാൻ തുടങ്ങി. വചനം ഞാൻ ധാരാളം ധാരാളമായി കേട്ടു. അപ്പോൾ കൂടുതൽ മധുരം എനിക്കനുഭവമായിത്തുടങ്ങി.

സുവിശേഷവേലയിൽ വരാനിടയായതെങ്ങനെയാണ്?

തിരുവചനം ധാരാളമായി പഠിക്കണം എന്ന വാഞ്ഛയുണ്ടായി. അങ്ങനെ ഞാൻ തിരുവല്ലായിൽ

ëനവജീവോദയംÍ ബൈബിൾ കോളേജിൽ ചേർന്നു. കർത്താവിന്റെ വേല ചെയ്യണം എന്ന ആഗ്രഹവും ആത്മാക്കളെക്കുറിച്ചുള്ള ഭാരവും കർത്താവെനിക്കു തന്നു.

കുറെക്കാലം സെ. പോൾസ് പ്രെയർ ഫെല്ലോഷിപ്പിൽ ഞാൻ മിഷ്യണറിയായി വേല ചെയ്തു. പിന്നീടാണ് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വന്നത്.

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വരാനും ഇതിലെ മിഷ്യണറിയാകാനും ഇടയായതെങ്ങനെയാണ്?

ദൈവവേല ചെയ്യുവാനുള്ള ആർത്തിയിൽ ജീവിതത്തിൽ പാപമുണ്ടെന്നും ഹൃദയവിശുദ്ധിയില്ല എന്നും ഞാൻ ശ്രദ്ധിച്ചില്ല. ബൈബിൾ കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ നാട്ടിൽ വരുമ്പോഴെല്ലാം സാറിന്റെ വീട്ടിൽ നടക്കുന്ന യോഗങ്ങളിൽ പങ്കെടുക്കുമായിരുന്നു. ആ യോഗങ്ങളിൽ Ìദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെÎ, Ìഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാൻമാർÎ അവർ ദൈവത്തെ കാണുംÎ എന്നീ വേദവാക്യങ്ങളെ ഊന്നിക്കൊണ്ട് ഹൃദയപാപങ്ങൾ മാറി ഞാനൊരു വിശുദ്ധനായിത്തീരണം എന്നു പറഞ്ഞുകൊണ്ടിരുന്നത് എന്നെ കൂടുതൽ ചിന്തിപ്പിച്ചു.

ദൈവവേലയെക്കാൾ ഒന്നാമത് നടക്കേണ്ടത് ഹൃദയശുദ്ധീകരണമാണ് എന്ന കാര്യം ആദ്യമൊന്നും എനിക്കംഗീകരിക്കാൻ കഴിഞ്ഞില്ല. എന്റെ ഉള്ളിലുള്ള പാപങ്ങൾ മാറാതെ ഞാനെന്തു വേല ചെയ്താലും അത് ദൈവത്തിന് പ്രസാദമാകയില്ല എന്ന സത്യം കൂടെകൂടെ കേട്ടപ്പോൾ അതെന്റെ ഉള്ളത്തിൽ കടന്നു.

അങ്ങനെയാണ് ഞാൻ ഈ ഫെല്ലോഷിപ്പിൽ പ്രവർത്തിക്കാനാഗ്രഹിക്കുന്നു എന്ന് സാറിനോട് ഒരിക്കൽ

പറഞ്ഞത്. ëവേണ്ട, നിൽക്കുന്ന പ്രവർത്തനരംഗം വിടണ്ട; ഒരു വിശുദ്ധനായി അവടെ നിന്ന് വേല ചെയ്യൂ. ഈ കൂട്ടായ്മയിൽ വരികയല്ല വേണ്ടത് ë എന്നു സാർ പറഞ്ഞത് എന്നെ അത്ഭുതപ്പെടുത്തി.

മറ്റനേകർ വേലക്കാരെ തങ്ങളുടെ കൂട്ടായ്മയിലേക്ക് ക്ഷണിക്കുമ്പോൾ ഞാൻ സ്വമേധയാ വന്നിട്ടും സാർ എന്നെ നിരുത്സാഹപ്പെടുത്തിയത് എന്നെ ചിന്തിപ്പിച്ചു. ഞാൻ വീണ്ടും നിർബ്ബന്ധിച്ചപ്പോൾ സാർ പറഞ്ഞത് ഇന്നും ഞാൻ നല്ലതുപോലെ ഓർക്കുന്നു. ëകുറഞ്ഞത് രണ്ടാഴ്ച ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടി ഇരുന്നിട്ട് പിന്നെയും നിർബ്ബന്ധം തോന്നുന്നു എങ്കിൽ വരിക ë എന്ന്.

അതിനെ തുടർന്നാണ് എനിക്ക് അഗാധമായ പാപബോധം കിട്ടിയത്. ഞാനാകെ തകർന്നു. ഹൃദയശുദ്ധീകരണത്തിനായി ഞാൻ കർത്തൃപാദത്തിലിരുന്നു. ഞാനൊരു തികഞ്ഞ പരീശനാണെന്ന് എനിക്ക് മനസ്സിലായി. പരീശൻമാരെ നോക്കിയാണ്, ìനിങ്ങൾക്ക് ഹാ കഷ്ടംî എന്ന് കർത്താവ് പറഞ്ഞത് എന്നു ഞാനോർത്തു. ഞാൻ അരിഷ്ടതയോടെ കരഞ്ഞു. പരിശുദ്ധാത്മാവ് എന്റെ ഉള്ളത്തിലേയ്ക്ക് കടന്നുവന്നു.

ഇന്നത്തെ അനുഭവമെന്താണ്?

ഇന്ന് ഞാൻ വളരെ സമാധാനത്തോടെ കുടുംബമായി വയനാട്ടിൽ വേല ചെയ്യുന്നു. പാപത്തിന്റെമേലുള്ള ജയമാണ് സുവിശേഷവേലയ്ക്കുള്ള അത്യന്താപേക്ഷിതമായ യോഗ്യത എന്ന സത്യം എന്റെ ഹൃദയത്തിൽ വേരോടിയിരിക്കുന്നു. സ്തോത്രം.

ഏഴാമത് നീതിയുടെ വാതിൽ.

എട്ടാമത് മരണത്തിന്റെ വാതിൽ.

[redacted]

ìഅവർക്ക് സകലവിധ ഭക്ഷണത്തോടും വെറുപ്പു തോന്നി; അവർ മരണവാതിലുകളോടു സമീപിച്ചിരുന്നു.ì സങ്കീ. 107 : 18

ìമരണത്തിന്റെ വാതിലുകൾ നിനക്ക് വെളിപ്പെട്ടിട്ടുണ്ടോ? അന്ധതമസ്സിന്റെ വാതിലുകളെ നീ കണ്ടിട്ടുണ്ടോ?ì ഇയ്യോബ്. 38 : 17

ìയഹോവെ, എന്നോടു കരുണയുണ്ടാകണമെ. മരണവാതിലുകളിൽനിന്ന് എന്നെ ഉദ്ധരിക്കുന്നവനെ, എന്നെ പകയ്ക്കുന്നവരാൽ എനിക്ക് നേരിടുന്ന കഷ്ടം നോക്കേണമെ.ì സങ്കീ. 9 : 13

ഏതു മനുഷ്യനും കടന്നുപോകേണ്ട വാതിലാണ് മരണവാതിൽ. മരണം ഒരു യാഥാർത്ഥ്യമാണ്. അതാർക്കും ഒഴിവാക്കാനാവുകയില്ല.

മരണത്തിന്റെ വാതിൽക്കൽ നിന്നുകൊണ്ട് തിരിഞ്ഞുനോക്കുമ്പോൾ നമുക്കെന്താണ് പറയാനുള്ളത്?

ìഞാൻ നല്ല പോർ പൊരുതു; ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അത് നീതിയുള്ള ന്യായാതിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും. എനിക്ക് മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കുംകൂടെ.ì
2 തീമോ. 4 : 7 - 8

നിര്യാണകാലം അടുത്തു എന്ന് ഉറപ്പു വന്നപ്പോൾ സെ. പോൾ പറയുന്ന വാക്കുകളാണിവ.

ഹെർബർട്ട് സ്പെൻസർ എന്ന ഒരു സുപ്രസിദ്ധ

താത്വീകാചാര്യൻ ഉണ്ടായിരുന്നു. അദ്ദേഹം മഹാജ്ഞാനിയായിരുന്നു. മരണത്തോടടുത്ത് കിടന്നപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യൻമാരും സുഹൃത്തുക്കളും മരണക്കിടക്കയുടെ അരികത്തുണ്ടായിരുന്നു. അവർ അദ്ദേഹത്തോട് ചോദിച്ചു:

അങ്ങയുടെ ശവകുടീരത്തിലെ സ്മാരകശിലയിൽ ഞങ്ങളെന്താണെഴുതിവെയ്ക്കേണ്ടത്?

കുറെ നേരം അദ്ദേഹം ചിന്തിച്ചുകൊണ്ട് കിടന്നു. പിന്നീട് ഇങ്ങനെ പറഞ്ഞു:

നിങ്ങൾ ഇങ്ങനെ എഴുതിയാൽ മതി: ìMost unhappyî - ഏറ്റവും അസന്തുഷ്ടൻ.

മരണത്തോടടുത്തപ്പോൾ ഡി. എൽ. മൂഡി എന്ന സുപ്രസിദ്ധ ക്രിസ്തുഭക്തൻ പറഞ്ഞു:

ìഭൂമി മാറിപ്പോയിരിക്കുന്നു, എന്റെ മുമ്പിൽ സ്വർഗ്ഗം ഇതാ തുറന്നിരിക്കുന്നു. ഇതാണ് മരണമെങ്കിൽ മരണം എത്ര മധുരം. ഇതാ, ഇന്നെന്റെ കിരീടധാരണ ദിവസം. ഇന്ന് എന്റെ വിജയത്തിന്റെ ദിനം. ഇത് മഹത്വപൂർണ്ണമായിരിക്കുന്നു.î

സ്നേഹിതാ, ഒരായുസ്സല്ലേയുള്ളൂ. അത് ക്രിസ്തു പ്രസാധിക്കുന്ന ജീവിതം നയിക്കൂ. നിനക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകന്റെ തിരുമുറിവുകളെ തഴുകി, തിരുരക്തത്തിന്റെ മുദ്ര പ്രാപിക്കൂ. ഒരു വിശുദ്ധനായി ജീവിക്കൂ. ìJust one life; it will soon soon be past. That which is done for christ alone will last.î ìഒരേ ഒരായുസ്സുമാത്രം. അതു വളരെ വേഗം തീർന്നുപോകും. ക്രിസ്തുവിനുവേണ്ടി ചെയ്യുന്നതു മാത്രം നിലനിൽക്കും.î

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

[redacted]

# ആറ്

ìഅവിടെനിന്ന് ഞാൻ അവൾക്ക് മുന്തിരിത്തോട്ടങ്ങളെയും പ്രത്യാശയുടെ വാതിലായി ആഖോർ താഴ്‌വരയേയും കൊടുക്കും.î

ഹോശേയ. 2 : 15

Living Bible - ൽ ഈ വാക്യം ഇങ്ങനെയാണ്:

ìThere I will give back her vineyards to her, and transform her valley of troubles into a door of Hope.î

ìഅവിടെ ഞാനവൾക്ക് അവളുടെ മുന്തിരിത്തോട്ടങ്ങളെ മടക്കിക്കൊടുക്കും. അവളുടെ ദുരിതങ്ങളുടെ താഴ്‌വരയെ പ്രത്യാശയുടെ വാതിലായി രൂപാന്തരപ്പെടുത്തിക്കൊടുക്കുകയും ചെയ്യും.î എന്നാണ് ഈ വാക്യം തർജ്ജമ ചെയ്യേണ്ടത്.

ഒമ്പത്, പ്രത്യാശയുടെ വാതിൽ.

ആഖോർതാഴ്‌വര ന്യായവിധിയുടെ പ്രതീകമാണ്. യോശുവ 7:1-26 വരെ വായിക്കുമ്പോൾ പാപം ചെയ്ത ആഖാനെ

31

കല്ലെറിഞ്ഞു കൊന്ന തിഴ്വരയാണ് ആഖോർ താഴ്വരയെന്നു കാണാം. എന്നാൽ ശിക്ഷാവിധിയെ ദൈവം പ്രത്യാശയാക്കി മാറ്റുമെന്നാണ് ഇവിടെ പറയുന്നത്. കനാനിൽ ദൈവജനം എത്തിച്ചേർന്നതിനുശേഷം ആദ്യമായി ന്യായവിധി നടത്തിയ സ്ഥലമായ ആഖോറിനെ പ്രത്യാശയുടെ വിളനിലമാക്കി കർത്താവ് രൂപാന്തരപ്പെടുത്തും.

ìഎന്നെ അന്വോഷിച്ചിട്ടുള്ള എന്റെ ജനത്തിന്നായി ശാരോൻ ആടുകൾക്കു മേച്ചിൽപ്പുറവും ആഖോർതാഴ്വര കന്നുകാലികൾക്കു കിടപ്പിടവും ആയിരിക്കും.î യെശയ്യാ 65:10.

വാഗ്ദത്തദേശത്ത് ദൈവം ന്യായവിധി നടത്തിയ സ്ഥലം പുതിയോരവസരത്തിന്റെ പ്രതീകമായിത്തീരും.

സഹോദരാ, നിന്റെ ദുരിതങ്ങളും യാതനകളും മാറി, കഷ്ടതയും ക്ലേശവും നീങ്ങി പുതിയ പുഞ്ചിരിയും പുതിയ സമാധാനവും നിനക്കിനിയും ലഭിക്കും. സഹോദരീ, നിന്റെ തോരാക്കണ്ണീരും തീരാവേദനയും നീങ്ങി നവോന്മേഷവും പുതുവസന്തവും നിന്നിൽ തളിർക്കും.

ìഅവൻ ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും.î ഇയ്യോബ് 8:21.

നിലനില്ക്കുന്ന മൂന്നു കാര്യങ്ങളിൽ ഒന്നത്രേ പ്രത്യാശ. ìവിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ.î 1 കൊരി. 13:13.

ഇരുപതാമത്തെ വയസ്സിൽ തളർവാതം പിടിപ്പെട്ട ഒരാളാണ് ആൻ ആഡംസ്. കൃത്രിമ ശ്വാസകോശം ഉപയോഗിച്ചാണ് ശ്വാസോച്ഛ്വാസം നിർവ്വഹിച്ചിരുന്നത്. കഴുത്തിന് താഴെയുള്ള അവയവങ്ങളെല്ലാം പ്രവർത്തനരഹിതമായിപ്പോയി. ആഹാരവും

മറ്റും പരസഹായത്തോടെ വേണ്ടിവന്നു.

ഒരിക്കൽ ആൻ ആഡംസ് ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ എഴുതിയ Lift Your Hearts - ഹൃദയങ്ങളെ ഉയർത്തുവിൻ - എന്ന പുസ്തകം വായിച്ചു. അത് അവളെ ഉന്മേഷവതിയാക്കി.

ചാരുകസേരയിൽ ചാരി കിടന്നുകൊണ്ട് ബ്രഷ് പല്ലുകൊണ്ട് കടിച്ചുപിടിച്ചുകൊണ്ട് ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി. ആദ്യമാദ്യം നല്ല ചിത്രങ്ങളായിരുന്നില്ല. പക്ഷേ അവൾ മടുത്തില്ല. പിന്നീട് അവൾ മനോഹരമായ ചിത്രങ്ങൾ വരച്ചു.

ഒരാൾ വിജനപ്രദേശത്തുകൂടി ദൂരെയുള്ള കൊച്ചുഭവനത്തിലേക്ക് നടന്നുപോകുന്ന ചിത്രം വരച്ചു. അത് അവളെ പ്രശസ്തിയിലേക്കുയർത്തി.

അവൾ യാതനയിലും ആപത്തിലും തളരാതെ, പ്രത്യാശയോടെ അദ്ധ്വാനിച്ചതുകൊണ്ടാണ് അവൾക്ക് ജീവിതവിജയം നേടാൻ കഴിഞ്ഞത്.

പ്രത്യാശ കൈവിടരുത്. പ്രത്യാശയുടെ വാതിൽ തുറന്നു കിടക്കുകയാണ്.

ഒരു പള്ളിസ്റ്റോർ മുറിയിൽ ഒരു പഴയ വീണ ഉണ്ടായിരുന്നു.പൊടിയെല്ലാം പിടിച്ച് ഉപയോഗശൂന്യമായിരുന്ന ആ വീണ ലേലം ചെയ്യാൻ ആയിടയ്ക്ക് പുതുതായി വന്ന ശുശ്രൂഷകൻ തീരുമാനിച്ചു.

ഒരു പ്രായമുള്ള മനുഷ്യൻ മുന്നോട്ടുവന്ന് ആ വീണയെടുത്തു. അയാൾ അതിന്റെ പൊടിയെല്ലാം തട്ടിക്കളഞ്ഞ് അതു മീട്ടി. വളരെ ശ്രുതിമധുരമായ ഒരു ഹൃദയഹാരിയായ ഗാനം.

അയാൾ പറഞ്ഞു: ഞാൻ ഇരുപതു വർഷം മുമ്പു ഉണ്ടാക്കി

ഈ പള്ളിക്ക് സംഭാവന ചെയ്തതാണ്.

സ്രഷ്ടാവ് അതിനെ മീട്ടിയപ്പോൾ നല്ല ഇമ്പഗാനം. നമ്മെ ആർക്കും വേണ്ടായിരിക്കാം. നമ്മെ ആർക്കും വിലയില്ലായിരിക്കാം. പലരും നമ്മെ ഒറ്റപ്പെടുത്തുകയായിരിക്കാം. ഒന്നിനും കൊള്ളാത്തവൻ എന്ന് അനേകരും നമ്മെ വിധിക്കുകയായിരിക്കാം.

പക്ഷേ, സ്നേഹിതാ, നീ പ്രത്യാശ കൈവിടരുത്. തളരാതെ, മടുക്കാതെ, നീ അദ്ധ്വാനിക്കൂ. ജയം സുനിശ്ചിതമാണ്. പ്രത്യാശയുടെ വാതിൽ തുറന്നു കിടക്കുകയാണ്. ആശയോടെ മുന്നേറൂ. ജയം നേടൂ.

പത്താമത്, സ്വർഗ്ഗത്തിന്റെ വാതിൽ.

ìയഹോവ ഈ സ്ഥലത്തുണ്ട് സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു. അവൻ ഭയപ്പെട്ടു. ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല. ഇത് സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ.î ഉല്പത്തി 28:16-17.

ìഅനന്തരം സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നത് ഞാൻ കണ്ടു.î വെളിപാട് 4:1.

സ്വർഗ്ഗവാതിൽ തുറക്കുന്നത് എന്തിനുവേണ്ടിയാണ്?

ഒന്ന്, യാക്കോബിന് വാഗ്ദത്തം നൽകാൻവേണ്ടി സ്വർഗ്ഗവാതിൽ തുറന്നു.

നിരാശനായി ബേർ-ശേബാ മരുഭൂമിയിലൂടെ അലഞ്ഞുലഞ്ഞ് ഓടുന്ന യാക്കോബിന് പ്രത്യാശയുടെ വാഗ്ദത്തം നൽകാൻ സ്വർഗ്ഗവാതിൽ തുറന്നു.

നീ ഇന്ന് മരണഭീതിയോടെ ഓടുന്നെങ്കിലും നീ ശോഭനമായ

ഒരു ഭാവി നേടും എന്ന് യാക്കോബിന് വാഗ്ദത്തം ലഭിച്ചു. നീ ഈ ദേശത്തുനിന്ന് വിദൂരതയിലേക്ക് ഇപ്പോൾ പോയാലും നിന്നെ ഞാൻ തിരികെ വരുത്തും എന്നത്രേ നിത്യനായ ദൈവം യാക്കോബിനു നൽകുന്ന വാഗ്ദത്തം.

ഭാവിയിലേക്ക് നോക്കി നിരാശയും, ആശങ്കയും, ഭീതിയുമായിരിക്കുന്ന മാന്യ സ്നേഹിതാ, നിന്നെ പ്രത്യാശയിലേക്കും ഉണർവ്വിലേക്കും വരുത്തുവാൻ കരുണയുള്ള കർത്താവ് നിനക്ക് വാഗ്ദത്തങ്ങൾ തരികയാണ്. മകനേ, നീ തളരാതെ നവോന്മേഷത്തോടെ മുന്നോട്ടു പോകൂ.

അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം ജീവിക്കുന്നു. മകനേ, പ്രിയ മകളേ, നിന്റെ തളർച്ചയും വാട്ടവും വിട്ട് എഴുന്നേൽക്കൂ.

ഏലിയാവ് ഒരിക്കൽ തളർന്ന് അവശനായി ചൂരച്ചെടിയുടെ തണലിൽ കിടന്നു. മരിച്ചാൽ മതിയെന്ന് ദൈവപുരുഷൻ ആഗ്രഹിച്ചു. നിരാശയിൽ മുങ്ങിപ്പോയി ഏലിയാവ്. കർമ്മേലിൽ തീ ഇറങ്ങാൻ ദൈവകരങ്ങളിൽ ഉപയോഗപ്പെട്ടവൻ ഒരു ദുഷ്ടസ്ത്രീയുടെ ഭീഷണിയുടെ മുമ്പിൽ ചൂളിപ്പോയി.

എന്നാൽ ദൈവം ഏലിയാവിനെ മറന്നില്ല. തന്റെ ദൂതനെ അയച്ച് ദൈവപുരുഷനെ ഉണർത്തി. അപ്പവും വെള്ളവും ദൂതൻ ഏലിയാവിന് നൽകി.

Ìഏലിയാവേ, ഇവിടെ നിനക്കെന്തു കാര്യം? എഴുന്നേറ്റു തിന്നുക. നിനക്കു ദൂരയാത്ര ചെയ്യാനുണ്ടല്ലോ.Ì

ദൂരയാത ചെയ്യാനുണ്ട് എന്ന വാഗ്ദത്തം ഏലിയാവിന് ധൈര്യം നൽകി. പ്രത്യാശ നൽകി.

സഹോദരാ, ദൈവീക വാഗ്ദത്തങ്ങൾ ഇന്ന് ദൈവം നിന്നെ

ഓർമ്മപ്പെടുത്തുകയാണ്. ദൈവം നൽകിയിട്ടുള്ള പഴയകാല വാഗ്ദത്തങ്ങളിലേക്ക് നീ ഒന്ന് തിരിഞ്ഞുനോക്കൂ. ജീവനുള്ള ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തനത്രേ. അവൻ വാക്കുമാറാത്തവനത്രേ.

ìയേശുക്രിസ്തു ഇന്നലേയും ഇന്നും എന്നന്നേക്കും അനന്യൻ തന്നേ.î - ìJesus Christ the same yesterday, today and for ever.î

രണ്ടാമതായി സ്വർഗ്ഗവാതിൽ തുറക്കുന്നത്: ക്രിസ്തുവിന്റെ മഹത്വം വെളിപ്പെടുവാനാണ്.

ìസ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതൻമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും.î യോഹ. 1:51.

മറുരൂപമലയിൽ ദൈവമഹത്വം വെളിപ്പെട്ടുവല്ലോ. യേശു ക്രിസ്തുവും പത്രോസും യാക്കോബും യോഹന്നാനും താബോർ മലയിൽ ഇരിക്കുകയായിരുന്നു. സ്വർഗ്ഗം തുറന്ന് മോശയും ഏലിയാവും അവിടെ ഇറങ്ങിവന്നു. ക്രിസ്തുവിന്റെ രൂപവും ഭാവവും മാറി. തേജസ്സ് വെട്ടിത്തിളങ്ങി.

മരിച്ചവരുടെ പ്രതിനിധിയായി മോശയും ജീവനോടെ എടുക്കപ്പെട്ടവരുടെ പ്രതിനിധിയായി ഏലിയാവും അവിടെ വന്നിരിക്കയാണ്. അവർ തേജസ്സിൽ പ്രത്യക്ഷരായി. കർത്താവ് ìപ്രാർത്ഥിക്കുമ്പോൾ മുഖത്തിന്റെ ഭാവം മാറി, ഉടുപ്പ് മിന്നുന്ന വെള്ളയായും തീർന്നു.îലൂക്കോസ്9:29 - 30.

ഈ അത്ഭുതകരമായ കാഴ്ച കണ്ടതുകൊണ്ടാണ് പത്രോസ് പില്ക്കാലത്ത് എഴുതിയത്:

ìഞങ്ങൾ...... മഹിമ കണ്ട സാക്ഷികൾ.î 2 പത്രോസ് 1:16.

അപ്പോസ്തോലനായ യോഹന്നാൻ പത്മോസ് ദ്വീപിൽ നാടുകടത്തപ്പെട്ട് കിടക്കുമ്പോൾ ആത്മവിവശനായി. തുടർന്ന് തേജോമയനായ ക്രിസ്തുവിനെ കണ്ടു.

മാറത്ത് പൊൻകച്ച കെട്ടിയവനായി, വലംകൈയ്യിൽ ഏഴു പൊൻനക്ഷത്രം പിടിക്കുന്നവനായി, ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിന് സദൃശമായ കാലുകളുള്ളവനായി, തലയും തലമുടിയും പഞ്ഞിപോലെ ഹിമത്തോളം വെള്ളയായി, കണ്ണ് അഗ്നിജ്വാലയ്ക്കൊത്തതായി, വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നവനായി, മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെയായി, ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയുള്ളവനായി, ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നില്ക്കുന്നവനായ മഹത്വപൂർണ്ണനായ ക്രിസ്തു.

മുഖത്ത് തുപ്പലേറ്റവനായി, കന്നത്ത് അടിയേറ്റവനായി, ശിരസ്സിൽ മുൾമുടിവെച്ചവനായി, മാറ് കുത്തിത്തുളച്ച്, ചോരയും നീരും പൊട്ടിപ്പുറപ്പെട്ടവനായി, കൈകളും കാലുകളും തുളച്ചവനായി, പുറം ഉഴവുചാൽപോലെ കീറിയവനായി, അർദ്ധനഗ്നനായി, ആകാശത്തിനും ഭൂമിക്കും മദ്ധ്യത്തിൽ രണ്ടു കള്ളൻമാരുടെ മദ്ധ്യത്തിൽ ക്രൂശിൻമേൽ കിടന്നവനായ യേശു.

ഈ യേശുവാണ് മഹത്ത്വപൂർണ്ണനായി, തേജോമയനായി, അഗ്നിമയൻമാർ വിറയലോടെ ആരാധിക്കുന്നവനായി കാണപ്പെടുന്നത്.

അവന്റെ മഹത്ത്വം വെളിപ്പെടുവാൻ സ്വർഗ്ഗം തുറന്നു.

ìഞാൻ കെബാർ നദീതീരത്ത് പ്രവാസികളുടെ ഇടയിൽ ഇരിക്കുമ്പോൾ സ്വർഗ്ഗം തുറന്ന് ദിവ്യദർശനങ്ങളെ കണ്ടു.î

പുരോഹിതനും പ്രവാചകനുമായ യെഹസ്കേലിന്

[redacted]

ദിവ്യദർശനങ്ങൾ നൽകുവാൻ സ്വർഗ്ഗം തുറന്നു. സ്വർഗ്ഗീയ രഹസ്യങ്ങളും മർമ്മങ്ങളും ദൈവം യെഹസ്കേലിന് കാണിച്ചുകൊടുത്തു.

യിസ്രായേൽ ജനം ബാബിലോണിയായിൽ അടിമകളായി കഴിയുകയായിരുന്നു. ആ ജനത്തിന്റെ ഇടയിൽ ഇരുന്നപ്പോൾ യെഹസ്കേൽ ദിവ്യദർശനങ്ങൾ കണ്ടു. അടിമപ്പാടിൽ ഇരുന്ന ജനത്തിന് പ്രത്യാശയും പ്രകാശവും നൽകാൻ ദൈവം യെഹസ്കേലിനെ സ്വർഗ്ഗീയ രഹസ്യങ്ങൾ ഭരമേല്പിച്ചു.

യിസ്രായേൽ ജനത്തിന് വന്ന കെടുതികളുടെ കാരണം അവരുടെ പാപമാണെന്ന് ദൈവം വെളിപ്പെടുത്തിക്കൊടുത്തു. പാപംമൂലം മനുഷ്യന്റെമേൽ അവകാശം വരുത്തുന്ന പൈശാചികൻ വരുത്തുന്നവയാണ് ദുരിതങ്ങളും യാതനകളും എന്ന് ജനത്തെ പ്രവാചകൻ ഉദ്ബോധിപ്പിച്ചു. പാപത്തിന്റെ അധിപതിയായ പിശാചിനോട് മനുഷ്യൻ യാത്ര പറയുമ്പോൾ ദൈവത്തിന് പ്രവർത്തിക്കാൻ കഴിയും എന്ന മർമ്മം യെഹസ്കേൽ ജനത്തെ ഗ്രഹിപ്പിച്ചു.

നാലാമതായി, പീഡകളിൽ ആശ്വാസം പകരാൻ സ്വർഗ്ഗം തുറന്നു.

ìഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലതുഭാഗത്ത് നില്ക്കുന്നതും ഞാൻ കാണുന്നു.î അപ്പോ. പ്രവൃത്തികൾ 7:56.

സ്തേഫാനോസ് കല്ലേറുകൊള്ളുകയാണ്. ദൈവവചനം കേട്ട പുരോഹിതൻമാരും മതനേതാക്കളും കോപപരവശരായി സ്തേഫാനോസിന്റെ നേരെ പല്ലു കടിച്ചു. അപ്പോൾ സ്തേഫാനോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി; സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കി. ദൈവമഹത്ത്വവും ദൈവത്തിന്റെ

വലത്തുഭാഗത്ത് യേശു നില്ക്കുന്നതും കണ്ടു.

എതിർപ്പുകളും വൈരാഗ്യവും പെരുകുമ്പോൾ ദൈവ പൈതൽ പരിശുദ്ധാത്മാവ് നിറഞ്ഞവനായിത്തീരും. എതിർക്കുകയും എറിയുകയും ചെയ്യുന്നവരെയല്ല സ്വർഗ്ഗത്തിലെ യേശുവിലേക്കാണ് നോക്കുന്നത്. അപ്പോഴാണ് മഹത്ത്വപൂർണ്ണനായ യേശുവിനെ കാണുന്നത്. അപ്പോഴാണ് സ്വർഗ്ഗം തുറക്കുന്നത്.

അഞ്ചാമതായി, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി സ്വർഗ്ഗം തുറക്കുന്നു.

Ìഅനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു. ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിൻമേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്ന പേർ. അവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണു അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതീട്ടുള്ള ഒരു നാമവും അവന്നുണ്ട്; അതു അവന്നല്ലാതെ ആർക്കും അറിഞ്ഞു കൂടാ. അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു; അവന്നു ദൈവവചനം എന്നു പേർ.Ì വെളിപ്പാട് 19:11-13.

ക്രിസ്തു വീണ്ടും വരും. Ìജീവനുള്ളവരേയും മരിച്ചവരെയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്ത്വത്തോടെ ഇനിയും വരുവാനിരിക്കുന്നÌ യേശുക്രിസ്തുവിനെയാണ് ഇവിടെ യോഹന്നാൻ വർണ്ണിക്കുന്നത്. ക്രിസ്തു രണ്ടാമതു വരും.

സ്നേഹിതാ, അവന്റെ വരവിനായി നീ ഒരുങ്ങിയോ?

ഞാൻ വാതിലാകുന്നു എന്നു പറഞ്ഞ ക്രിസ്തു തന്റെ തിരുവിലാവ് തുറന്ന് ജീവങ്കലേക്കുള്ള ഒരു പുതുവഴി സൃഷ്ടിച്ചിരിക്കുകയാണ്. പ്രിയ സഹോദരാ, മാന്യ സഹോദരി,

നീ ഒരു നിമിഷം പോലും ഇനി പാഴാക്കാതെ ക്രിസ്തുവിന്റെ നിത്യരാജ്യത്തിന്റെ അവകാശം പ്രാപിക്കൂ. സ്വർഗ്ഗീയ പൗരത്വം സമ്പാദിക്കൂ. ഒരു പുതിയ സൃഷ്ടിയായി ജീവിക്കൂ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

[redacted]

# ഏഴ്

Ìയരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു.Î നെഹമ്യാവ്. 1 : 3

> Ìഎന്റെ പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നത് എങ്ങനെ?Î നെഹമ്യാവ്. 2 : 3

ദാവീദ് രാജാവിന്റെ മകനായ ശലോമോന്റെ കാലം കഴിഞ്ഞപ്പോൾ യിസ്രായേൽ ജാതി രണ്ടായി പിരിഞ്ഞു - യിസ്രയേൽ എന്നും യഹൂദാ എന്നും. രാജാക്കൻമാരുടെ ഒന്നാം പുസ്തകം പതിനൊന്നാം അദ്ധ്യായത്തിൽ കാണുന്ന പ്രകാരം ശലോമോന്റെ മകനായ രെഹബെയാമിന്റെ അധികാരത്തിൽ യഹൂദാ രാജ്യവും, ശലോമോന്റെ ദാസനായ യൊരോബെയാം ഒന്നാമന്റെ നേതൃത്വത്തിൽ യിസ്രായേൽ രാജ്യവും നിലവിൽ വന്നു.

ഈ രണ്ടു രാജ്യങ്ങളും തമ്മിലുള്ള യുദ്ധങ്ങളും

ആക്രമണങ്ങളും പരസ്പര സ്പർദ്ധയും മൂലം വന്ന കെടുതികളും നാശങ്ങളുമാണ് രാജാക്കൻമാരുടെ രണ്ടു പുസ്തകങ്ങളിലേയും ദിനവൃത്താന്തം രണ്ടു പുസ്തകങ്ങളിലേയും ഉള്ളടക്കം. ഈ രാജ്യങ്ങളും രാജാക്കൻമാരും സത്യദൈവത്തെ അന്വോഷിക്കുകയും ആരാധിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്യുമ്പോഴൊക്കെയും ഐശ്വര്യവും സമാധാനവും ശാന്തിയും ലഭിച്ചുകൊണ്ടിരുന്നു. ദൈവത്തെ ദുഃഖിപ്പിക്കുമ്പോഴെല്ലാം കൊടിയ വിനാശവും അനർത്ഥവും ശത്രുഭീതിയും കനത്ത നഷ്ടവും വന്നുകൊണ്ടുമിരുന്നു.

യഹൂദാരാജാക്കൻമാരിൽ ദൈവത്തെ ഏറ്റവും അധികം പ്രസാദിപ്പിച്ച രാജാവായിരുന്നു യോശീയാരാജാവ്.

> ìഅവനെപ്പോലെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടുംകൂടെ മോശെയുടെ ന്യായപ്രമാണ പ്രകാരമൊക്കെയും യഹോവയിങ്കലേക്കു തിരിഞ്ഞ ഒരു രാജാവു മുമ്പുണ്ടായിട്ടില്ല, പിമ്പു ഒരുത്തൻ എഴുന്നേറ്റിട്ടുമില്ല.î
>
> 2 രാജാക്കൻമാർ 23 : 25

യോശീയാവിന്റെ ശേഷം മക്കൾ ഓരോരുത്തരായി രാജ്യം വാണു. യെഹോവാഹാസ്, യെഹോയാക്കീം എന്നു വിളിക്കപ്പെട്ട എല്ല്യാക്കീം, യെഹോയാക്കീമിന്റെ മകൻ യെഹോയാഖീൻ, സിദക്കിയാവ് എന്നു വിളിക്കപ്പെട്ട മത്ഥന്യാവ് എന്നിവരായിരുന്നു യോശീയാവിന്റെ മക്കൾ. ഇവർ എല്ലാവരും യഹോവയായ ദൈവത്തിന് അനിഷ്ടമായുള്ളത് ചെയ്തതുകൊണ്ട് ദൈവത്തിന്റെ സംരക്ഷണം അവർക്ക് നഷ്ടപ്പെട്ടു.

ഇയ്യോബിനു ചുറ്റും കെട്ടിയിരുന്ന വേലി പൊളിഞ്ഞു പോയപ്പോൾ സാത്താൻ ഇയ്യോബിനെ അനവധി കഷ്ടങ്ങളാലും

നഷ്ടങ്ങളാലും ആപത്തനർത്ഥങ്ങളാലും വ്യാധികളാലും പരീക്ഷിച്ചതായി തിരുവെഴുത്തിൽ കാണുന്നുണ്ടല്ലോ.

ദൈവീക സംരക്ഷണത്തിന്റെ മതിൽ തകർന്നപ്പോൾ ബാബേൽരാജാവായ നെബൂഖദ്നേസർ യരുശലേമിനെ ആക്രമിക്കുകയും കനത്ത നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. രണ്ടു വർഷത്തോളം ബാബിലോണിയൻ സൈന്യം യരുശലേമിനെ ചുറ്റിവളഞ്ഞ് പട്ടണത്തെ നിരോധിച്ചുകൊണ്ടിരുന്നു. നഗരത്തിൽ ക്ഷാമം കലശലായി. രാജാവും സൈന്യവും ജീവരക്ഷാർത്ഥം നഗരത്തിൽനിന്ന് പാലായനം ചെയ്തു.

> ബാബേൽസൈന്യം രാജാവിനെ പിടിച്ചു. Ìഅവർ സിദെക്കീയാവിന്റെ പുത്രൻമാരെ അവർ കാൺകെ കൊന്നു; സിദെക്കീയാവിന്റെ കണ്ണു പൊട്ടിച്ചിട്ടു രണ്ടു ചങ്ങലകൊണ്ടു അവനെ ബന്ധിച്ചു ബാബേലിലേക്കു കൊണ്ടുപോയി.Ì
>
> 2 രാജാക്കൻമാർ 25 : 7

> Ìഅവൻ യഹോവയുടെ ആലയവും രാജധാനിയും ചുട്ടുകളഞ്ഞു; യരൂശലേമിലെ എല്ലാ വീടുകളും പ്രധാന ഭവനളൊക്കെയും അവൻ തീവെച്ചു ചുട്ടുകളഞ്ഞു.Ì 2 രാജാക്കൻമാർ 25 : 9

> Ìഅവർ ദൈവാലയം ചുട്ടു, മതിൽ ഇടിച്ചു, അതിലെ അരമനകളെല്ലാം തീക്കിരയാക്കി, അതിലെ മനോഹര സാധനങ്ങളൊക്കെയും നശിപ്പിച്ചു കളഞ്ഞു.Ì 2 ദിനവൃത്താന്തം 36 : 19

ഇത്ര ഭീകരവും ദാരുണവുമായ കെടുതികൾ സംഭവിച്ചതിൽ നിന്ന് ഒട്ടേറെ പാഠങ്ങൾ ദൈവജനത്തിന് ലഭിക്കുന്നുണ്ട്.

Ìസിദെക്കീയാരാജാവ്.......യഹോവയുടെ വായിൽനിന്നുള്ള വചനം പ്രസ്താവിച്ച യിരമ്യാപ്രവാചകന്റെ മുമ്പിൽ തന്നത്താൻ താഴ്ത്തിയില്ല........ അവൻ യഹോവയിങ്കലേക്ക് തിരിയാതവണ്ണം തന്റെ ഹൃദയം കഠിനമാക്കുകയും ചെയ്തു. പുരോഹിതൻമാരിൽ പ്രധാനികളൊക്കെയും ജനവും ജാതികളുടെ സകല മ്ലേച്ഛതകളേയും പോലെ വളരെ അകൃത്യം ചെയ്തു; യെരൂശലേമിൽ യഹോവ വിശുദ്ധീകരിച്ച അവന്റെ ആലയത്തെ അശുദ്ധമാക്കി. അവരുടെ പിതാക്കൻമാരുടെ ദൈവമായ യഹോവയ്ക്ക് തന്റെ ജനത്തോടും തന്റെ നിവാസത്തോടും സഹതാപം തോന്നീട്ടു അവൻ ജാഗ്രതയോടെ തന്റെ ദൂതൻമാരെ അവരുടെ അടുക്കൽ അയച്ചു. അവരോ ദൈവത്തിന്റെ ദൂതൻമാരെ പരിഹസിച്ചു അവന്റെ വാക്കുളെ നിരസിച്ചു. ഉപശാന്തിയില്ലാതാകുംവണ്ണം യഹോവയുടെ കോപം തന്റെ ജനത്തിന്നു നേരെ ഉജ്ജ്വലിക്കുവോളം അവന്റെ പ്രവാചകൻമാരെ നിന്ദിച്ചു കളഞ്ഞു.Ì 2 ദിന. 36 : 11 - 17

സ്നേഹിതാ, നീ ദൈവകോപത്തിനിടം കൊടുക്കരുത്. ദൈവത്തിന്റെ പ്രവാചകൻമാരെ നിന്ദിക്കരുത്. ദൈവത്തിന്റെ വേലക്കാരെ പരിഹസിക്കരുത്. ദൈവത്തിന്റെ വചനത്തിന് മുമ്പിൽ നീ താഴുന്നുവെങ്കിൽ നിനക്ക് നല്ലതാണ്. എന്തിന് വെറുതെ ശാപവും ദോഷവും അനർത്ഥവും ക്ഷണിച്ചു വരുത്തണം?

ദൈവകൃപ നിന്നെ പൊതിഞ്ഞു നില്ക്കത്തക്കവണ്ണം, മകനേ നില്ക്കുക. ദൈവകൃപ മാറിയാൽ നീ കേവലം പൂജ്യമാണെന്നോർക്കുക. ദിവ്യപരിപാലനത്തിന്റെ കരം

നിന്നിൽനിന്ന് മാറിനിടയാകാതെ നീ സൂക്ഷിക്കുക.

ബാബേലിലെ അടിമത്തത്തിൽ പോയ ജനം എസ്രാ ശാസ്ത്രിയുടേയും മഹാപുരോഹിതനായ യോശുവയുടേയും ഗവർണറായ സെരുബ്ബാബേലിന്റെയും നേതൃത്വത്തിൽ പേർഷ്യൻ ചക്രവർത്തിയായ സൈറസിന്റെ (കോരശ്) അനുമതി നേടി യരൂശലേമിലേക്ക് മടങ്ങി വന്നു. എസ്രാ ഇടിഞ്ഞു തകർന്നുപോയ യരൂശലേം ദേവാലയം പുതുക്കിപ്പണിതു.

ആ കാലത്ത് പേർഷ്യൻ ഭരണകർത്താവ് അർത്ഥഹ്ശഷ്ടാ രാജാവായിരുന്നു (Artaxerxes). അദ്ദേഹത്തിന്റെ പാനപാത്രവാഹകൻ നെഹമ്യാവ് എന്ന യഹൂദനായിരുന്നു. രാജാവിന് വീഞ്ഞു കൊടുക്കുന്നതിനു മുമ്പ് അത് പാനപാത്രവാഹകൻ രുചിച്ചു നോക്കണമായിരുന്നു. ശത്രുക്കൾ ആരെങ്കിലും രാജാവിനെ അപായപ്പെടുത്താൻ വിഷം കലർത്തിയിട്ടുണ്ടോ എന്നറിയുകഎന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം.

അർത്ഥഹ്ശഷ്ടാരാജാവിന്റെ അപ്പനായ അഹശ്വേരോശിനെ (Xerxes) അദ്ദേഹത്തിന്റെ പരിചാരകരിലൊരാൾ കിടപ്പുമുറിയിൽവെച്ച് വധിക്കുകയായിരുന്നു എന്ന് ചരിത്രകാരനായ Xenophon പറയുന്നുണ്ട്.

നെഹമ്യാവ് രാജാവിന് ഏറ്റവും അധികം വിശ്വാസമുള്ള ആളായിരുന്നു. അതുകൊണ്ടാണ് നെഹമ്യാവ് രാജാവിനോട് ഉള്ളു തുറന്ന് സങ്കടം ഉണർത്തിക്കുന്നത്:

> ìഎന്റെ പിതാക്കൻമാരുടെ കല്ലറകൾ ഉള്ള പട്ടണം ശൂന്യമായും അതിന്റെ വിതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നതെങ്ങനെ?î നെഹ. 2 : 3

ശത്രുവിന്റെ ആക്രമണത്തിൽനിന്ന് മാത്രമല്ല, ശത്രു അടുക്കുന്നതിൽനിന്നും പട്ടണത്തെ രക്ഷിക്കുന്നത് അതിന്റെ മതിലും വാതിലുകളുമാണ്. വാതിൽ ഉറപ്പിക്കുന്നതാണ് മതിലിന്റെ ഉറപ്പും ഭംഗിയും.

യരൂശലേമിന് പത്തുവാതിലുകൾ ഉള്ളതായി തിരുവെഴുത്തുകളിൽ പറയുന്നുണ്ട്. നെഹമ്യാവ് എല്ലാം ചുറ്റി നടന്ന് നോക്കിയതിനുശേഷം പ്രമാണികളോട് വിളിച്ചു പറഞ്ഞു:

> ìയെരൂശലേം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ട് വെന്തും കിടക്കുന്നതായി നാം അകപ്പെട്ടിരിക്കുന്ന ഈ അനർത്ഥം നിങ്ങൾ കാണുന്നുവല്ലോ. വരുവിൻ; നാം ഇനിയും നിന്ദാപാത്രമായിരിക്കാതവണ്ണം യെരൂശലേമിന്റെ മതിൽ പണിയുക. അവർ; നാം എഴുന്നേറ്റു പണിയുക എന്നു പറഞ്ഞു. അങ്ങനെ അവർ ആ നല്ല പ്രവർത്തിക്കായി അന്യോന്യം ധൈര്യപ്പെടുത്തി.ì നെഹ. 2 : 17 - 18

ദൈവത്തിന്റെ ആലയത്തേയും നഗരത്തെയും മതിലിനെയും വാതിലിനേയും കുറിച്ചെല്ലാം യിരമ്യാപ്രവാചകൻമൂലം ദൈവം അരുളിച്ചെയ്ത വചനങ്ങൾ നെഹമ്യാവിനറിയാമായിരുന്നു.

> ìനിങ്ങൾ എന്റെ വാക്കു കേട്ടനുസരിക്കയില്ലെങ്കിൽ ഞാൻ അതിന്റെ വാതിലുകളിൽ തീ കൊളുത്തും; അതുകെട്ടുപോകാതെ യെരൂശലേമിലെ അരമനകളെ ദഹിപ്പിക്കും.ì യിരമ്യാവ് 17 : 27

ഈ വചനമെല്ലാം അക്ഷരികമായി നിറവേറിയതു കണ്ട നെഹമ്യാവ് ഭയഭക്തിയോടെ മതിൽ പണിയുവാൻ തുടങ്ങി. ആട്ടിൻവാതിൽ മുതൽ യരൂശലേമിലെ പത്തു വാതിലുകളേയും

പണിതുറപ്പിച്ചുവെന്ന് തിരുവചനത്തിൽ കാണുന്നു.

ഒന്നാമത്തെ വാതിൽ ആട്ടിൻവാതിലാണ്. നെഹമ്യാവ് 3 : 1 മഹാപുരോഹിതനായ എല്യാശീബും അവന്റെ സഹോദരൻമാരായ പുരോഹിതൻമാരും ചേർന്നാണ് ആട്ടിൻവാതിൽ പണിയാരംഭിച്ചത്.

ആട്ടിൻവാതിൽ യരുശലേം നഗരത്തിന്റെ വടക്കുകിഴക്കൻ മൂലയിലാണ്. മതിൽപണിയുടെ മുഖ്യഭാഗം നിർവ്വഹിക്കപ്പെടുന്നത് വാതിൽപണിയിലാണ്. വാതിൽക്കലാണല്ലോ ശത്രുവിന്റെ ആക്രമണങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നത്.

ആട്ടിൻവാതിൽക്കലൂടെ (Sheep gate) യാണ് യാഗത്തിനുള്ള ആടിനെ ദേവാലയത്തിലേക്ക് കൊണ്ടുവരുന്നത്. ഹമ്മേയാ ഗോപുരവും ഹനനേൽ ഗോപുരവും ഈ വാതിലിന്റെ രണ്ടു വശവുമാണുള്ളത്. നെഹമ്യാവ് 3 : 32 - ലും 12:39- ലും ആട്ടിൻ വാതിലിനെക്കുറിച്ച് പറയുന്നുണ്ട്.

ബെഥസ്ദാ കുളത്തിനരികിലാണ് ആട്ടിൻവാതിൽ. യോഹ 5 : 1 ഇക്കാലത്തും ആട്ടിൻവാതിൽ ആടുകളുടെ ഒരു കച്ചവടസ്ഥലമായി ഉപയോഗിക്കാറുണ്ട്. യിരമ്യാവ് 37:13- ലും 38 : 7 - ലും സെഖര്യാവ് 14:10- ലും കാണുന്ന ബെന്യാമീൻവാതിൽ ആയിരിക്കണം ആ വാതിൽ.

പഴയനിയമപ്രകാരം യാഗത്താലാണ് പാപമോചനം ലഭിക്കുന്നത്. ആട്ടുകൊറ്റനെയോ കാളക്കിടാവിനെയോ യാഗമായി അർപ്പണം ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കുക എന്ന വസ്തുത യിസ്രയേൽ മക്കൾക്ക് ദൈവം കൊടുത്ത നിയമമായിരുന്നു.

ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവകുഞ്ഞാടായ

[redacted]

കർത്താവായ യേശുക്രിസ്തുവിന്റെ പരമ യാഗത്താൽ മനുഷ്യന്റെ പാപങ്ങൾ മോചിക്കപ്പെടുന്നു എന്ന സത്യത്തെ വ്യക്തമാക്കുവാനുള്ള ഒരു പ്രതീകം (Symbol) ആണ് ആട്ടിൻവാതിൽ (Sheep gate)

എബ്രായലേഖനകർത്താവ് ഇതു വിശദീകരിക്കുന്നു:

> ìക്രിസ്തുവോ വരുവാനുള്ള നൻമകളുടെ മഹാപുരോഹിതനായി വന്നിട്ട്; കൈപ്പണിയല്ലാത്ത തായി എന്നുവെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽകൂടി ആട്ടുകൊറ്റൻമാരുടെയും പശുക്കിടാക്കളുടേയും രക്തത്താലല്ല, സ്വന്തരക്ത ത്താൽതന്നേ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പു സാധിപ്പിച്ചു. ആട്ടുകൊറ്റൻമാരുടെയും കാളകളുയെും രക്തവും മലിനപ്പെട്ടവരുടേമേൽ തളിക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?î എബ്രായർ 9 : 11 - 14

ìനമ്മുടെ പെസഹാക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ìക്രിസ്തുതന്നെî എന്ന് കൊരിന്ത്യലേഖനത്തിൽ (1 കൊരി. 5:7). സെ. പോൾ പറയുന്നതുപോലെ സംഹാരദൂതന്റെ സംഹാരത്തിൽനിന്ന് രക്ഷിക്കുന്നത് ഊനമില്ലാത്ത കുഞ്ഞാടായ കർത്താവായ യേശുവിന്റെ തിരുരക്തമാണ്.

[redacted]



ഒരു രാജാവിനെക്കുറിച്ച് ഒരു പഴയ കഥ കേട്ടിട്ടുണ്ട്. തന്റെ രാജ്യത്തിൽ ന്യായവും നീതിയും പുലരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അഴിമതിയും കൈക്കൂലിയും തന്റെ നാട്ടിൽനിന്ന് ഒഴിവാക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. ആരെങ്കിലും കൈക്കൂലി വാങ്ങിയതായിട്ടറിഞ്ഞാൽ മുക്കാലിയിൽ കെട്ടി പരസ്യമായി നൂറ് അടി കൊള്ളും എന്ന് രാജാവ് വിളംബരം ചെയ്തു.

രാജാവിന്റെ അമ്മ ഒരാൾക്ക് ഒരു കാര്യം സാധിച്ചുകൊടുക്കുന്നിനുവേണ്ടി കൈക്കൂലി വാങ്ങി. സ്വന്തം അമ്മയാണെങ്കിലും ശിക്ഷ ഏറ്റേ മതിയാകൂ എന്ന് രാജാവ് വിധിച്ചു. പരസ്യമായി അടിക്കാനുള്ള സ്ഥലവും സമയവും നിശ്ചയിച്ചു. ജനമെല്ലാം വന്നുകൂടി. രാജ്ഞിയെ കൊണ്ടുവന്നു. രാജാവും വന്നുനിന്നു.

അമ്മ അടികൊള്ളാനായി നിന്നപ്പോൾ രാജാവ് മുന്നോട്ടു ചെന്ന് അമ്മയെ അവിടെനിന്ന് മാറ്റി. രാജാവ് ആ അടിയെല്ലാം കൊണ്ടു.

അമ്മയെ ശിക്ഷയിൽനിന്ന് ഒഴിവാക്കാൻ ശിക്ഷ മുഴുവൻ വഹിച്ച രാജാവിന്റെ പ്രവൃത്തി ക്രിസ്തു ചെയ്ത പരമയാഗത്തിന്റെ എത്രയോ മങ്ങിയ ഒരു ദൃഷ്ടാന്തമാണ്!

പ്രിയ സ്നേഹിതാ, നീ ഏല്ക്കേണ്ട ശിക്ഷ ക്രിസ്തു നിനക്കു പകരമായി ഏറ്റു എന്ന് നീ വിശ്വസിക്കുന്നുവോ? മാന്യ സഹോദരീ, ഊനമില്ലാത്ത ദൈവകുഞ്ഞാടായ ക്രിസ്തു നിന്റെ പാപമരണം ഒഴിവാക്കാൻ ക്രൂശിൽ മരണം രുചി നോക്കി എന്നു നീ അറിയുന്നുവോ? ക്രിസ്തു നിന്നോടു ചോദിക്കുന്നു-

ìനിനക്കുവേണ്ടി ഞാനിതെല്ലാം സഹിച്ചു. നീ

എനിക്കുവേണ്ടി നീ എന്തു ചെയ്തു?!

നീ മറുപടി പറയുമോ? നാഥാ ഇതുവരെ എന്റെ പാപങ്ങളാൽ ഞാൻ നിന്നെ ക്രൂശിച്ചു. എന്റെ അശുദ്ധിയാൽ ഞാൻ നിന്നെ അപമാനിച്ചു. എന്റെ ലോകസ്നേഹത്താൽ ഞാൻ നിന്നെ മുറിപ്പെടുത്തി. എന്റെ പ്രതാപമോഹത്താൽ ഞാൻ നിന്റെ ശിരസ്സിൽ മുൾമുടിവെച്ചു. ഞാനിതാ ആട്ടുവാതിൽക്കലേക്ക് വരുന്നു. എന്നെ ഒരു പുതിയ സൃഷ്ടയാക്കി എഴുന്നേൽപ്പിക്കണമെ. ഇന്നു മുതൽ നാഥാ, നിന്നെ സ്നേഹിക്കുന്ന ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കുമെന്ന്, ഇതാ, ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## എട്ട്

Ìയരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു.Ì
നെഹമ്യാവ്. 1 : 3

Ìഎന്റെ പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നത് എങ്ങനെ?Ì നെഹമ്യാവ്. 2 : 3

ബാബേൽരാജാവായ നെബുഖദ്നേസർ യരുശലേമിനെ ആക്രമിച്ച് നഗരത്തെയും ദേവാലയത്തേയും നശിപ്പിച്ചു കളഞ്ഞതിനെക്കുറിച്ച് രാജാക്കൻമാരുടെ പുസ്തകത്തിലും ദിനവൃത്താന്ത

പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്.

Ìഅവൻ യഹോവയുടെ ആലയവും രാജധാനിയും ചുട്ടുകളഞ്ഞു. യേരൂശലേമിലെ എല്ലാ വീടുകളും പ്രധാന ഭവനങ്ങളൊക്കെയും അവൻ

41

തീവെച്ച് ചുട്ടുകളഞ്ഞു.Ì 2 രാജാ. 25 : 9

Ìഅവർ ദേവാലയം ചുട്ടു, യെരുശലേമിന്റെ മതിൽ ഇടിച്ചു. അതിലെ അരമനകൾ എല്ലാം തീക്കിരയാക്കി. അതിലെ മനോഹര സാധനങ്ങളൊക്കെയും നശിപ്പിച്ചു കളഞ്ഞു.Ì
2 ദിന. 36 : 19

തകർന്നുപോയ ദേവാലയം പുതുക്കിപ്പണിയാൻ എസ്രാ ശാസ്ത്രി മുൻകൈ എടുത്തു. നശിച്ചുപോയ വാതിലുകൾ പണിയുവാൻ നെഹമ്യാവ് ഉത്സാഹിച്ചു.

യെരൂശലേമിന് പത്തു വാതിലുകളുണ്ട്. അവ,

| | | | |
|---|---|---|---|
| ഒന്ന് | : ആട്ടിൻവാതിൽ | - | The sheep gate. |
| രണ്ട് | : മീൻ വാതിൽ | - | The fish gate. |
| മൂന്ന് | : പഴയ വാതിൽ | - | The old gate. |
| നാല് | : താഴ്വര വാതിൽ | - | The valley gate. |
| അഞ്ച് | : കുപ്പ വാതിൽ | - | The dung gate. |
| ആറ് | : ഉറവുവാതിൽ | - | The fountian gate. |
| ഏഴ് | : നീർവാതിൽ | - | The water gate. |
| എട്ട് | : കുതിര വാതിൽ | - | The horse gate. |
| ഒൻപത് | : കിഴക്കെ വാതിൽ | - | The east gate. |
| പത്ത് | : ഹമ്മിഫ്ഖാദ് വാതിൽ | - | The inspection gate. |

ഈ വാതിലുകൾ ഓരോന്നും പുതുക്കിപ്പണിയുന്നതിന്

നെഹമ്യാവ് ഉത്സാഹിച്ചു.

നെഹമ്യാവിന്റെ പുസ്തകം മൂന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നാം കാണുന്നത്:

ìഅങ്ങനെ മഹാപുരോഹിതനായ എല്യാശീബും അവന്റെ സഹോദരൻമാരായ പുരോഹിതൻമാരും എഴുന്നേറ്റു ആട്ടിൻ വാതിൽ പണിതുî എന്നാണ്.

ദൈവവേലയുടെ മഹത്തായ നിർവ്വഹണത്തിന് ആദ്ധ്യാത്മീക നേതാക്കൻമാർ തന്നെയാണ് നേതൃത്വം കൊടുത്തത്. ജനങ്ങൾ ആ വേലയോട് സഹകരിച്ചു. ജീവനുള്ള ദൈവം ഓരോരുത്തരുടേയും വേലയെ പ്രത്യേകം കണ്ടു എന്നു മാത്രമല്ല, തന്റെ പുസ്തകത്തിൽ അവരുടെ പേരുകൾ രേഖപ്പെടുത്തുകയും ചെയ്തു. ഓരോരുത്തർക്കും അവരവരുടെ വേലയ്ക്ക് ഒരു നിശ്ചിതസ്ഥാനം ചുമതലയായിട്ടുണ്ടായിരുന്നു. എല്ലാം ഒരാൾക്ക് തനിയെ ചെയ്യുവാൻ സാദ്ധ്യമല്ല. എന്നാൽ ഓരോരുത്തർക്കും ചില കാര്യങ്ങൾ ചെയ്യാൻ കഴിയും.

പ്രിയ സ്നേഹിതാ, നീ ദൈവത്തിന്റെ വേലയ്ക്ക് ചുമൽ കൊടുക്കുന്നുണ്ടോ? നിന്നാൽ ആവത് ചെയ്യുവാൻ നീ ശ്രമിക്കുന്നുണ്ടോ? മറിയാമിനെക്കുറിച്ച് നമ്മുടെ കർത്താവരുളിച്ചെയ്തു: ìഅവൾ തന്നാലാവത് ചെയ്തു.î മർക്കോസ് 14:8.

പ്രിയ ദൈവപൈതലേ, കർത്താവിന്റെ വേലയിൽ ഒരു ചെറുവിരലനക്കാൻ നിനക്കു കഴിഞ്ഞാൽ അത് ഭാഗ്യമാണ്.

നെഹമ്യാവിന്റെ പുസ്തകം മൂന്നാം അദ്ധ്യായം നാം വായിക്കുമ്പോൾ നമുക്ക് മനസ്സിലാകും ആ മതിൽപണിയിലും വാതിലുകൾ പണിയുന്നതിലും ഉത്സാഹിച്ചവർ

നാല്പത്തിമൂന്നുകൂട്ടം പ്രവർത്തകരായിരുന്നു എന്ന്. അവരുടെ കൂട്ടായ യത്നം മൂലമാണ് ആ വാതിലുകൾ പത്തും പണിത് തീർന്നത്.

സങ്കടകരമായ ഒരു വസ്തുതയുള്ളതും ദൈവത്തിന്റെ പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിട്ടുണ്ട്:

Ìഎന്നാൽ അവരുടെ ശ്രേഷ്ഠൻമാർ കർത്താവിന്റെ
വേലയ്ക്ക് ചുമൽ കൊടുത്തില്ല.Î നെഹ. 3 : 5

അങ്ങനെയുമുണ്ട് ഏതാനും ആളുകൾ. എക്കാലത്തുമുണ്ട് കർത്താവിന്റെ വേലയ്ക്ക് ചുമൽ കൊടുക്കാത്ത ചില ആളുകൾ. അവർ പക്ഷേ, സമൂഹത്തിലെ ശ്രേഷ്ഠൻമാരായിരിക്കാം; അവർ ജനമദ്ധ്യത്തിൽ നിലയും വിലയും ഉള്ളവരായിരിക്കാം. പക്ഷേ അവർ കർത്താവിന്റെ വേലയ്ക്ക് ചുമൽ കൊടുത്തില്ല.

ദൈവപൈതലെ, എല്ലാവരും കർത്താവിന്റെ വേലയിൽ നിന്നോടു സഹകരിച്ചില്ല എന്നു വന്നേക്കാം. അത് തികച്ചും സ്വാഭാവികമാണ്. അതിൽ നീ തളർന്നുപോകരുത്. നീ നിന്റെ നാഥന്റെ വേലയിൽ മടുത്തുപോകരുത്.

ദൈവത്തിന്റെ വേലക്കാർ ചിലപ്പോൾ സമൂഹത്തിൽ ഒറ്റപ്പെടുത്തപ്പെട്ടു എന്നു വന്നേക്കാം കൂടെ നടന്നവർ കുതികാൽ ചവുട്ടി എന്നുവന്നേക്കാം. കൂടെ അദ്ധ്വാനിച്ചവർ പിൻമാറിപ്പോയി എന്നു വന്നേക്കാം. പക്ഷേ, ദൈവപൈതലേ, നിന്റെ മനസ്സ് വാടരുത്.

അപ്പോസ്തോലനായ പൗലോസ് മൂന്നു സംവത്സരം മുഴുവൻ രാപ്പകൽ കണ്ണീർ വാർത്തുകൊണ്ട് ബുദ്ധി പറഞ്ഞുകൊടുത്തതാണ് ആസ്യയിലുള്ളവർക്ക്. എന്നാൽ

[redacted]



അപ്പോസ്തോലൻ എഴുതിയ ഒടുവിലത്തെ ലേഖനത്തിൽ പറയുന്നതെന്താണ്?

ìആസ്യക്കാർ എല്ലാവരും എന്നെ വിട്ടു പൊയ്ക്കളഞ്ഞു.î 2 തിമോ. 1 : 15

നെഹമ്യാവിനോടുകൂടെ വേല ചെയ്തവർ ആരെല്ലാമായിരുന്നു? മൂന്നിന്റെ ഒന്നിൽ കാണുന്നത് എല്യ്യാശീബ് മഹാപുരോഹിതൻ വേലയിൽ സഹകരിച്ചു എന്നാണ്. മൂന്നാം അദ്ധ്യായം ഒൻപതാം വാക്യം മുതൽ പത്തൊൻപതാം വാക്യം വരെ വായിക്കുമ്പോൾ കാണാം, പ്രഭുക്കൻമാർ വേലയിൽ പങ്കാളികളായി എന്ന്. സ്ത്രീകളും വേലയിൽ സഹകരിച്ചു.

ìപ്രഭുവായ ഹല്ലോഹേശിന്റെ മകൻ ശല്ലൂമും അവന്റെ പുത്രിമാരും.î എന്ന് പന്ത്രണ്ടാം വാക്യത്തിൽ കാണുന്നു.

കരകൗശലവിദഗ്ദൻമാരും വാസ്തുശില്പവിദഗ്ദൻമാരും സഹകരിച്ചതിനെക്കുറിച്ച് എട്ടും മുപ്പത്തിരണ്ടും വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

യെരിഹോനിവാസികൾ, തെക്കോവ്യർ, ഗിബയോന്യർ, മിസ്പായർ എന്നിങ്ങനെ മറ്റു നഗരവാസികളായ യഹൂദൻമാർ ആ വേലയിൽ സഹകരിച്ചു. ചിലർ കൂടുതൽ വേല ചെയ്തു. ചിലർ മറ്റുള്ളവരെക്കാൾ ജാഗ്രതയോടെ വേല ചെയ്തു. ചിലർ തങ്ങളുടെ വീടിന്റെ നേരെയുള്ള ഭാഗം പണിതു. പതിനൊന്നാം വാക്യത്തിൽ കാണുന്ന പഹത്ത് - മോവാബിന്റെ മകൻ ഹശ്ശൂബ് പിൻമാറിപ്പോയവനായിരുന്നു. എസ്രായുടെ പുസ്തകം 10:31 വായിക്കുമ്പോൾ നാം കാണുന്നത് ഹശ്ശൂബ് പിൻമാറിപ്പോയവനായിരുന്നു എന്നാണ്.

പ്രിയ സ്നേഹിതാ, ഏതു തലത്തിലുള്ളവർക്കും

[redacted]



കർത്താവിന്റെ വേലയിൽ പങ്കാളികളാകാം .ഒരു വേലയും ചെയ്യാൻ പറ്റാത്തവർ ആരുമില്ല. ദൈവവേലയിൽ ആരും അപ്രധാനരല്ല. എല്ലാവർക്കുമുണ്ട് അവരവരുടെ പ്രാധാന്യം. കർത്താവ് തനിക്ക് വേല ചെയ്യുന്നവരെ മാനിക്കും. ìഎന്നെ മാനിക്കുന്നനെ ഞാൻ മാനിക്കുംî എന്നാണല്ലോ കർത്താവ് അരുളിച്ചെയ്യുന്നത്. കർത്താവിന്റെ വേലയിൽ നമുക്ക് പങ്കാളികളാകാം.

ആദ്യം പണിതത് ആട്ടിൻവാതിലാണ്. ഊനമില്ലാത്ത കുഞ്ഞാടിന്റെ തുറക്കപ്പെട്ട തിരുവിലാവിൽകൂടി മാത്രമാണ് ദൈവാലയത്തിലേക്ക് പ്രവേശനമുള്ളൂ എന്ന സത്യമാണ് ആട്ടിൻവാതിൽ സൂചിപ്പിക്കുന്നത്. ìആടുകളുടെ വാതിൽ ഞാനാകുന്നുî എന്നരുളിച്ചെയ്ത ക്രിസ്തുവിന്റെ ക്രൂശിലെ പരമയാഗം മൂലമാണ് മനുഷ്യൻ രക്ഷപ്പെടുന്നതെന്നുള്ള പരമസത്യം ആട്ടിൻവാതിൽ മൂകമായി പ്രഖ്യാപിക്കുന്നു.

ആദ്യമായി അറ്റകുറ്റം തീർക്കുന്നത് ആട്ടിൻവാതിലാണ്. കാരണം, യാഗം കൂടാതെ രക്ഷയില്ല. ഈ വാതിലിന് പൂട്ടില്ല. അകത്തു കടക്കുന്നത് തടയുന്ന വിഘ്നങ്ങളുമില്ല. രക്ഷയുടെ വാതിൽ ഏതു പാപിക്കും എപ്പോഴും തുറന്നിട്ടിരിക്കയാണ്.

ഈ വാതിൽ മാത്രമാണ് പ്രതിഷ്ഠിച്ചത്.

> ìഅവർ അതു പ്രതിഷ്ഠിച്ചു. അതിന്റെ കതകുകളും വെച്ചു. ഹമ്മേയാ ഗോപുരം വരെയും ഹനനേൽ ഗോപുരം വരെയും അവർ അത് പ്രതിഷ്ഠിച്ചു.î
> നെഹ.3 : 1

ഇതൊരു പ്രത്യേക വാതിലായി പരിഗണിച്ചതുകൊണ്ടാണ് ഇതിനെ വിശുദ്ധീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്.

രണ്ടാമത്തെ വാതിൽ മീൻവാതിലാണ്. 3:3.

[redacted]



മീൻപിടിത്തക്കാരായ മുക്കുവത്തൊഴിലാളികളെ കർത്താവ് ഗലീലാക്കടൽപ്പുറത്തുനിന്ന് വിളിച്ച് തന്റെ ശിഷ്യൻമാരാക്കി.

ശീമോനെയും അവന്റെ സഹോദരനായ അന്ത്രയോസിനെയും കർത്താവ് വിളിച്ചു. അവരോട് പറഞ്ഞു:

ìഎന്നെ അനുഗമിപ്പിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും.î മർക്കോസ് 1 : 17

സെബെദിയുടെ മക്കളായ യാക്കോബും യോഹന്നാനും മുക്കുവരായിരുന്നു. അവരെയും യേശു വിളിച്ചു. അവർ പടകിൽ ഇരുന്ന് വല നന്നാക്കുകയായിരുന്നു.

ജീവനുള്ള മത്സ്യത്തെ പിടിച്ചു കൊന്നുകൊണ്ടിരുന്ന മീൻപിടിത്തക്കാരെ കർത്താവ് രൂപാന്തരപ്പെടുത്തി. മരിച്ച മനുഷ്യരെ പിടിച്ച് ജീവിപ്പിക്കുന്നവരാക്കി.

നിരക്ഷരകുക്ഷികളായ മുക്കുവത്തൊഴിലാളികൾ ആത്മാക്കളെ നേടി. ആദ്യത്തെ ഒരൊറ്റ പ്രസംഗംകൊണ്ട് ശീമോൻ പത്രോസ് മൂവായിരം ആത്മാക്കളെ നേടി. യോപ്പയിൽ മരിച്ചു പോയ തബീഥയെ ഉയിർത്തെഴുന്നേല്പിച്ചു. പുറജാതിക്കാരനായ കൊർന്നേല്യോസിന്റെ ഭവനത്തിൽ പത്രോസ് സംസാരിച്ചു തുടങ്ങിയപ്പോഴേക്കും വചനം കേട്ട എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വന്നു.

മീൻ വാതിൽ സൂചിപ്പിക്കുന്നത് ആത്മാക്കളെ നേടുന്ന അതിശയകരമായ ദൈവവേലയാണ്. ഓരോ കാലത്തും ക്രിസ്തുവിനുവേണ്ടി സമർപ്പിക്കപ്പെട്ട വിശുദ്ധൻമാരിൽ നിന്നുകൊണ്ട് എത്രയെത്ര ആത്മാക്കളെ ക്രിസ്തു തന്റെ രാജ്യത്തിന്നായി സമ്പാദിച്ചു. ഡി.എൽ. മൂഡി, ചാൾസ് ഫിന്നി, വില്ല്യം ബൂത്ത്, വില്ല്യം കേറി, ജോൺവെസ്ലി എന്നിങ്ങനെ

എത്രയെത്ര വിശുദ്ധൻമാർ ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടി!

സ്നേഹിതാ, നിന്റെ ജീവിതംകൊണ്ട് ഇതുവരെ നീ എന്തു നേടി? നീ പറയും ഞാൻ വിദ്യാഭ്യാസം നേടി; ജോലി സമ്പാദിച്ചു; ഭാര്യയെ അല്ലെങ്കിൽ ഭർത്താവിനെ നേടി; മക്കളെ വളർത്തി; വീടുവെച്ചു; നിലം പുരയിടങ്ങൾ വാങ്ങി; മക്കളുടെ വിവാഹം നടത്തി എന്നിങ്ങനെ പല കാര്യങ്ങൾ. എന്നാൽ പ്രിയനെ, നിന്നോടു ചോദിക്കട്ടെ. ശവക്കുഴിക്കപ്പുറത്തേക്കു നീ എന്തു നേടി? നീ ഇപ്പറഞ്ഞതെല്ലാം ശവക്കുഴിവരെ മാത്രം നിലനില്ക്കുന്നതത്രേ. നിത്യതയ്ക്കുവേണ്ടി നീ എന്തു സമ്പാദിച്ചു? ഒരിക്കലും തീരാത്ത നിക്ഷേപം നീ എന്തു നേടി? സ്വർഗ്ഗരാജ്യത്തിനുവേണ്ടി നീ നിക്ഷേപം സ്വരൂപിച്ചുവോ?

കർത്താവ് അരുളിച്ചെയ്തു:

> ìപുഴുവും തുരുമ്പും കെടുക്കയും കള്ളൻമാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളൻമാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിങ്ങൾ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ.ì
>
> മത്തായി 6 : 9 - 20

ദൈവപൈതലേ, നീ നിത്യജീവന്റെ അവകാശം പ്രാപിക്കാതെ മറ്റുള്ളവരെ നിത്യജീവങ്കലേക്ക് ആനയിക്കാൻ സാദ്ധ്യമല്ല. നീ ക്രിസതുവിന്റെ രക്ഷ നേടുക. അനേകരെ ക്രിസ്തുവിന്റെ രക്ഷയിലേക്ക് നേടുക; മീൻ വാതിൽ സൂചിപ്പിക്കുന്നതതാണ്.

യെഹസ്കേൽ പ്രവാചകൻ, ആത്മനിറവിന്റെ ശുശ്രൂഷ കൊണ്ടു നേടുന്ന ആത്മാക്കളുടെ പെരുപ്പത്തെക്കുറിച്ച്

വിവരിക്കുന്നുണ്ട്.

> “ഈ നദി ചെന്നുചേരുന്നെടത്തൊക്കെയും ചലിക്കുന്ന സകല പ്രാണികളും ജീവിച്ചിരിക്കും, ഈ വെള്ളം അവിടെ വന്നതുകൊണ്ട് ഏറ്റവും വളരെ മത്സ്യം ഉണ്ടാകും, ഈ നദി ചെന്നുചേരുന്നെടത്തൊക്കെയും അതു പത്ഥ്യമായിത്തീർന്നിട്ടു സകലവും ജീവിക്കും. അതിന്റെ കരയിൽ ഏൻ-ഗതി മുതൽ ഏൻ-എഗ്ലയീം വരെ മീൻ പിടിക്കാർ നിന്നു വല വീശും; അതിലെ മത്സ്യം മഹാസമുദ്രത്തിലെ മത്സ്യംപോലെ വിവിധജാതിയായി അസംഖ്യമായിരിക്കും.”
>
> യെഹസ്കേൽ 47 : 9 - 11

ജീവജലനദിയുടെ പ്രവാഹം ഓരോരുത്തരുടേയും ഉള്ളത്തിൽനിന്നുളവാകുമ്പോൾ അനേകം ആത്മാക്കൾ ആദായപ്പെടും. നിരാശമുറ്റിയ അനേകജീവിതങ്ങൾ പ്രത്യാശ നിറഞ്ഞതായിത്തീരും.

സമാധാനമില്ലാതെ അലഞ്ഞുഴലുന്ന അനേക ജീവിതങ്ങളിൽ നിതാന്തശാന്തിയാവസിക്കും. ആകുലവും ആവലാതിയുമായി വലയുന്ന അനേക ഹൃദയങ്ങൾ രക്ഷയുടെ ശുഭതീരത്തെത്തിച്ചേർന്ന് ദൈവത്തെ സ്തുതിക്കും.

സ്നേഹിതാ, പ്രീയപ്പെട്ട സഹോദരീ, ഈ മഹാഭാഗ്യം നിനക്ക് കരഗതമാക്കണമോ? ദുരിതവും ക്ലേശവും പ്രശ്നവും ഭാരവുമായി ഉലയുന്ന നിന്റെ ജീവിതത്തിൽ ആശ്വാസം വേണമോ? രോഗംകൊണ്ടും കടഭാരംകൊണ്ടും വീർപ്പുമുട്ടുന്ന നിന്റെ ജീവിതത്തിൽ സ്വസ്ഥതും ശാന്തിയും കൈവരണമോ? എങ്കിൽ ഇതാ രക്ഷയുടെ പെട്ടകം നിനക്കായി തുറന്നിരിക്കുന്നു. ആട്ടിൻവാതിലിലൂടെ നീ ആലയിൽ പ്രവേശിക്കൂ. നിന്റെ

[redacted]

45

ഇടയന്റെ തൊഴുത്തിൽ നീ വിശ്രമം കണ്ടെത്തൂ.

രക്ഷയുടെ സന്തോഷം അനുഭവിച്ച് കുഞ്ഞാടിന്റെ തിരുരക്തത്തിന്റെ മുദ്ര പ്രാപിച്ച് നീ മീൻ വാതിലിന്റെ അനുഭവത്തിലേക്ക് വരൂ. നശിച്ചുപോകുന്ന അനേകമാത്മാക്കളെ രക്ഷകനുവേണ്ടി നീ നേടിയെടുക്കൂ. സ്വർഗ്ഗരാജ്യത്തിൽ നീ മുതൽക്കൂട്ടുണ്ടാക്കൂ. ആ മഹാഭാഗ്യത്തിന് സർവ്വശക്തൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ഒൻപത്

Ìയരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു.Î നെഹമ്യാവ്. 1 : 3

Ìഎന്റെ പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നത് എങ്ങനെ?Î നെഹമ്യാവ്. 2 : 3

തകർന്നുപോയ വാതിലുകളെ പുതുക്കിപ്പണിയുവാൻ നെഹമ്യാവ് ഉത്സാഹിക്കുകയാണ്; യരുശലേം നഗരവും ദേവാലയവും വാതിലുകളും നശിച്ചുപോയതിൽ മനമുരുകിക്കരഞ്ഞുകൊണ്ട് നെഹമ്യാവ് ആലയത്തിനുചുറ്റും മതിലുകളും വാതിലുകളും പണിയുന്നതിന് മുൻകൈ എടുത്തു.

യരുശലേം നഗരത്തിന്റെ വാതിലുകളെല്ലാം വിശ്വാസിയുടെ ജീവിതത്തോടുള്ള ബന്ധത്തിൽ പ്രതീകാത്മകമായി

പഠിക്കുമ്പോൾ ഒട്ടേറെ ആത്മീയ പാഠങ്ങൾ നമ്മുക്ക് നൽകുന്നുണ്ട്. ഒന്നാമത്തെ വാതിലായ ആട്ടിൻവാതിൽ ക്രിസ്തുവിന്റെ ക്രൂശിലെ പരമയാഗത്തെയും കരളറുക്കപ്പെട്ട ദൈവകുഞ്ഞാടിന്റെ തിരുരക്തം മൂലമുള്ള വീണ്ടെടുപ്പിനെയും സാദൃശ്യവൽക്കരിക്കുകയാണ്.

രണ്ടാമത്തെ വാതിലായ മീൻ വാതിൽ അറ്റകുറ്റം തീർത്തു എന്ന് നെഹമ്യാവിന്റെ പുസ്തകത്തിൽ നാം കാണുന്നത് ആത്മാക്കളെ നേടുന്നതിനുവേണ്ടിയുള്ള യത്നം പൂർവ്വാധികം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുകയാണ്.

മൂന്നാമത്തെ വാതിൽ പഴയ വാതിലാണ്. പ ഴയ വാതിൽ സൂചിപ്പിക്കുന്നത് പഴയ പാതകളെയും പുരാതന സത്യങ്ങളെയുമാണ്.

യിരമ്യാപ്രവാചകൻ പറഞ്ഞു:

> ìയഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്ന് പഴയ പാതകളെ നോക്കി ചോദിച്ച് അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസ്സിന്ന് വിശ്രാമം ലഭിക്കും.î
>
> യിരമ്യാവ് 6 : 16

ഈ പുരാതന പാതകളെക്കുറിച്ച് പ്രവാചകൻ പിന്നെയും പറയുന്നു:

> ìഎന്റെ ജനമോ എന്നെ മറന്നു മിത്ഥ്യാ മൂർത്തികൾക്കു ധൂപം കാട്ടുന്നു; അവരുടെ വഴികളിൽ, പുരാതന പാതകളിൽ തന്നേ, അവർ അവരെ ഇടറി വീഴുമാറാക്കി അവർ നിരപ്പില്ലാത്ത വഴികളിലും പാതകളിലും നടക്കുന്നു.î

യിരമ്യാവ് 18 : 15

ഈ വാക്യം Living Bible - ൽ കാണുന്നത് ഇപ്രകാരമാണ്:

ìThey have turned away from the ancient highways of good, and walk the muddy paths of sin.î അവർ നൻമയുടെ പുരാതനമായ ദീർഘദൂര വഴികളെ പരിത്യജിച്ച്, പാപത്തിന്റെ ചെളി നിറഞ്ഞ പാതകളിൽകൂടെ നടക്കുന്നു.

പുരാതനകാല വിശുദ്ധൻമാർ സഞ്ചരിച്ച പാതകൾ പുണ്യപാതകളാണ്. അവ വളരെ ഇടുക്കവും ഞെരുക്കവുമുള്ള പാതകളാണ്. അവ ജീവന്റെ സരണികളാണ്. കാരണം അവയിൽകൂടി മുന്നോട്ടുപോയാൽ നിത്യജീവനിലെത്തിച്ചേരും. ആ ജീവന്റെ മാർഗ്ഗം വളരെ ദുർഘടങ്ങളുള്ളതാണ്. പൈശാചികശക്തിയോട് നിരന്തരം പടവെട്ടിയെങ്കിലേ ആ വഴിയിലൂടെ മുന്നേറാൻ സാധിക്കുകയുള്ളൂ. അങ്ങനെ പടപൊരുതി ജയിച്ച പുണ്യപിതാക്കൻമാർ പോയ വഴികളാണ് പഴയ പാതകൾ.

ദൈവത്തിന്റെ വചനത്തിന്റെ മാറ്റമില്ലാത്ത സത്യങ്ങളാണ് പഴയ വഴികൾ. എന്നാൽ ലോകമനുഷ്യൻ എന്നും എന്തെങ്കിലും പുതുമ വേണമെന്നാഗ്രഹിക്കുന്നവനാണ്. അപ്പോസ്തോലനായ പൗലോസ് ആതൻസിൽ ചെന്നപ്പോൾ അവിടെയുള്ള ബുദ്ധിജീവികൾ പൗലോസ് പുതിയ കാര്യങ്ങളെന്തെക്കിലും പ്രസ്താവിക്കും എന്നു പ്രതീക്ഷിച്ചു.

> ìഎന്നാൽ അഥേനർ ഒക്കെയും അവിടെ വന്നു പാർക്കുന്ന പരദേശികളും വല്ല പുതുമയും പറകയോ കേൾക്കയോ ചെയ്യാനല്ലാതെ മറ്റൊന്നിനും അവസരമുള്ളവരല്ല.î അപ്പോ. പ്രവൃത്തികൾ 17 : 21

ìAll the Athenians aas well as the foreigners in Athens

seemed to spend all their time discussing the ltest new ideas.î

ìഅഥേനയിലുള്ള എല്ലാവരും അവിടെയുള്ള വിദേശീയരും ഏറ്റവും നൂതനമായ ആശയങ്ങൾ ചർച്ച ചെയ്യുന്നതിന് മുഴുവൻ സമയവും ചെലവഴിക്കുന്നവരാണ്.î

പുതുമയ്ക്കുവേണ്ടിയുള്ള ആഗ്രഹം മനുഷ്യ സഹജമാണ്. ആ ആഗ്രഹത്തിന്റെ കുത്തൊഴുക്കിൽ പണ്ടുകാലത്തെ വിശുദ്ധൻമാർ പറഞ്ഞുവെച്ചതും പഠിപ്പിച്ചതുമായ മാതൃകകളെ അഗണ്യമാക്കുന്നു എന്നതാണ് അപകടകരം.

പഴയവാതിൽ അറ്റകുറ്റപ്പണികൾ ചെയ്ത് ശരിയാക്കി. പഴയകാല പുണ്യമതികൾ അടിസ്ഥാന സത്യങ്ങളിൽ ഉറച്ചുനിന്നവരാണ്. സാൻമാർഗ്ഗികത്വം, സത്യസന്ധത, വിശ്വസ്തത മുതലായ കാര്യങ്ങളിൽ അവർക്ക് വലിയ നിഷ്ഠയുണ്ടായിരുന്നു. അവരുടെ വ്രതവിശുദ്ധി എക്കാലത്തും സത്യവിശ്വാസത്തിന്റെ അടിത്തറ പാകിയിരുന്നു.

എന്നാൽ കാലത്തിനൊപ്പം ആത്മീയ മൂല്യങ്ങൾക്കും പൊളിച്ചെഴുത്ത് വേണമെന്നുള്ള അഭിപ്രായമുള്ള ആളുകൾ ഇന്നുണ്ട്. അയഞ്ഞ സാൻമാർഗ്ഗികജീവിതം, മാതൃകായോഗ്യമല്ലാത്ത വേഷഭൂഷാദികൾ എന്നിങ്ങനെ എത്രയെത്ര കാര്യങ്ങളിൽ പരിഷ്ക്കാരവും ലോകമയത്വവും കടന്നുവന്ന് ആത്മീയത്വം തകർന്നു കിടക്കുന്നു.

സ്നേഹിതാ, പിതാക്കൻമാരുടെ കാലത്തുള്ള പ്രാർത്ഥനാജീവിതം നിനക്കുണ്ടോ? പൂർവ്വീക പിതാക്കൻമാരുടെ കൈമുതലായിരുന്ന സത്യസന്ധത, വിശ്വസ്തത എന്നിവ നിനക്കുണ്ടോ? പിതാക്കൻമാർക്കുണ്ടായിരുന്ന സാൻമാർഗ്ഗനിഷ്ഠ നിനക്കുണ്ടോ? ഫാഷൻഭ്രമം നിന്നെ പിടികൂടിയിട്ടില്ലേ?

[redacted]

മകളേ, നിന്റെ വേഷം മാതൃകായോഗ്യമാണോ? ശരീരഭാഗങ്ങളെല്ലാം മറച്ച്, യോഗ്യമായ രീതിയിൽ വസ്ത്രം ധരിച്ചിരുന്ന പൂർവ്വീക സമ്പ്രദായമെല്ലാം നിനക്കിന്ന് പുച്ഛമല്ലേ? സ്വാതന്ത്ര്യം സംസ്കാരത്തിന്റെ ലക്ഷണമാണ് എന്നെല്ലാം പറയുന്ന ചില ആശയങ്ങളുടെ പിൻബലത്തിൽ ഇന്ന് സ്വാതന്ത്ര്യം അതിരുകവിഞ്ഞു പോകുന്നില്ലേ? പണ്ടു സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ ഒന്നു മിണ്ടുകപോലും വിരളമായിരുന്നു. ഇന്ന് സ്വാതന്ത്ര്യത്തിന്റെ മറവിൽ അഴുക്കും അശുദ്ധിയും നടമാടുന്നില്ലേ!

സ്നേഹിതരേ, പഴയ വാതിൽ കേടുപോക്കേണ്ടിയിരിക്കുന്നു. അടിസ്ഥാന സത്യങ്ങൾ നിറഞ്ഞിരിക്കുന്ന തിരുവചനസത്യത്തിലേക്ക് ഇന്നത്തെ യുവജനങ്ങൾ തിരിഞ്ഞില്ലെങ്കിൽ ലൈഗിംക അരാജകത്വം, ദുശ്ശീലങ്ങൾ, ദുഷ്പ്രവണതകൾ എന്നിങ്ങനെ അപകടകരമായ നിലവാരത്തിലേക്ക് നമ്മുടെ യുവതലമുറ വീണുപോകും.

നാലാമത്തെ വാതിൽ താഴ്വര വാതിലാണ്. താഴ്വര വാതിൽ കേടുപോക്കി. ഇത് ക്രിസ്തുവിന്റെ സന്നിധിയിൽ വരേണ്ട താഴ്മയാണ്. ക്രിസ്തു കാണിച്ചുതന്ന മാതൃക താഴ്മയുടേയും വിനയത്തിന്റേയും സ്വഭാവമാണ്.

ദൈവം എതിർത്തുനില്ക്കുന്ന പാപമാണ് നിഗളം. ദൈവം മദ്യപാനികളോടോ കൊലപാതകികളോടോ വ്യഭിചാരികളോടോ എതിർത്തുനില്ക്കുന്നു എന്ന് പറഞ്ഞിട്ടില്ല.

ìദൈവം നിഗളികളോട് എതിർത്തുനില്ക്കുന്നു,
താഴ്മയുള്ളവർക്കോ കൃപ നൽകുന്നു.î

യാക്കോബ് 4 : 6

[redacted]

> “എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ.” 1 പത്രോസ് 5 : 5

“നാശത്തിന് മുമ്പേ ഗർവ്വം; വീഴ്ചയ്ക്കു മുമ്പേ ഉന്നതഭാവം.” സദൃശ്യവാക്യങ്ങളിൽ ജ്ഞാനികളിൽ ജ്ഞാനിയായ ശാലോമോൻ അങ്ങനെയാണ് പ്രബോധിപ്പിക്കുന്നത്.

ക്രിസ്തുവിന്റെ താഴ്മയെപ്പറ്റി ഫിലിപ്യലേഖനത്തിൽ പൗലോസ് അപ്പോസ്തോലൻ വിവരിക്കുന്നു.

> “അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ള വനായിത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി.” ഫിലിപ്യർ 2 : 6 - 10

സ്നേഹിതാ, താഴ്വര വാതിൽ പണിയാതെ ഇന്നും ഇടിഞ്ഞുകിടക്കുകയല്ലേ? നിന്റെ നോട്ടത്തിൽപ്പോലും അഹങ്കാരം നിറഞ്ഞുനിൽക്കുകയല്ലേ?

ഈശ്വരചന്ദ്രവിദ്യാസാഗർ എന്ന മഹാനായ വ്യക്തിയെക്കുറിച്ച് കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മഹത്വത്തെപ്പറ്റി കേട്ട ഒരാൾ അദ്ദേഹത്തെ ഒന്നു കാണാൻ ആഗ്രഹിച്ചു. അദ്ദേഹത്തെ എഴുതി അറിയിച്ചു, അദ്ദേഹത്തെ കാണാൻ വരുന്നുണ്ടെന്ന്. അദ്ദേഹം തിരികെ എഴുതി, റയിൽവേസ്റ്റേഷനിൽനിന്ന് നിങ്ങളെ കൂട്ടിക്കൊണ്ടുപോരാൻ ആൾ വരുമെന്ന്.

നിശ്ചിതദിവസം ട്രെയിനിൽ അദ്ദേഹം വന്നു. റയിൽവേ പ്ലാറ്റ്ഫോമിൽ ആരും അങ്ങനെ കാത്തുനില്ക്കുന്നതായി കണ്ടില്ല. അവിടെ വളരെ ലളിതമായി വസ്ത്രം ധരിച്ച്, എളിമയോടെ നിന്നിരുന്ന ഒരാൾ, ട്രെയിനിൽ വന്നിറങ്ങിയ ഒരാൾ വളരെ അക്ഷമനായി അങ്ങുമിങ്ങും നോക്കിനില്ക്കുന്നത് കണ്ടിട്ട് അടുത്തു ചെന്ന് ചോദിച്ചു, ìഅങ്ങാരെയാണ് നോക്കുന്നത്?î

ìഎനിക്ക് ഒരു കൂലിയെ വേണം, എന്റെ ഈ സൂട്ട്കേസ് ഒന്ന് പിടിക്കാൻ.î

ìഅതു ഞാൻ പിടിച്ചുകൊള്ളാമല്ലോ.î

ìനിനക്ക് ഈശ്വരചന്ദ്രവിദ്യാസാഗറുടെ വീടറിയാമോ?î

ìഉവ്വല്ലോ. അറിയാമല്ലോ. ഞാനീ പെട്ടി അവിടെ കൊണ്ടുവന്നു തരാം.î

വന്നയാൾ വളരെ ആഡംബരപൂർവ്വം വസ്ത്രധാരണം ചെയ്ത് പരിഷ്ക്കാരിയായ ഒരാളാണ്. മറ്റെയാൾ സാധുവായ ഒരു കൂലിക്കാരൻ. രണ്ടുപേരും നടന്ന് വീട്ടിലെത്തി. പെട്ടി ഇറക്കിവെച്ചപ്പോൾ അതിഥി ചോദിച്ചു: ìഎവിടെ ഈശ്വരചന്ദ്രവിദ്യാസാഗർ?î

ìഅത് ഞാൻ തന്നെയാണ്.î

വന്നയാൾ ലജ്ജിച്ച് തല താഴ്ത്തി.

ഇതാണ് താഴ്മ.

അസ്സീസ്സിയിലെ ഫ്രാൻസിസിന്റെ ഒരു പ്രാർത്ഥന വളരെ പ്രസിദ്ധമാണ്.

Lord, make me an instrument of peace

Where there is hatred, let me sow love.
Where there is injury, pardon
Where there is doubt, faith
Where there is error, truth
Where there is discord, unity
Where there is despair, hope
Where there is sadness, joy
Where there is darkness, light
O, divine master, grant that I may not so
much seek to be consoled as to console.
To be understood, as to understand
To be loved as to love
For it is in giving, that we receive
It is in pardoning, that we are pardoned
It is in dying, that we are born to eternal life.

Ìകർത്താവേ, എന്നെ നിന്റെ സമാധാനത്തിന്റെ പാത്രമാക്കിത്തീർക്കണമേ.

എവിടെ വിദ്വേഷമുണ്ടോ, അവിടെ സ്നേഹം വിതയ്ക്കുവാൻ,

എവിടെ മുറിവുണ്ടോ, അവിടെ ക്ഷമ വിതയ്ക്കുവാൻ,

എവിടെ സംശയമുണ്ടോ, അവിടെ വിശ്വാസം വിതയ്ക്കുവാൻ,

എവിടെ തെറ്റുണ്ടോ, അവിടെ സത്യം വിതയ്ക്കുവാൻ,

എവിടെ അകൽച്ചയുണ്ടോ, അവിടെ ഐക്യം വിതയ്ക്കുവാൻ,

എവിടെ നിരാശയുണ്ടോ, അവിടെ പ്രത്യാശ വിതയ്ക്കുവാൻ,

എവിടെ ദുഃഖം നിലനില്ക്കുന്നുവോ, അവിടെ സന്തോഷം വിതയ്ക്കുവാൻ,

എവിടെ കൂരിരുട്ടുണ്ടോ, അവിടെ ദീപം തെളിയിക്കുവാൻ.......Ì

സ്നേഹത്തിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്ന താഴ്മയായിരുന്നു ഫ്രാസിസ് ഓഫ് അസ്സീസിയുടെ ജീവിതാദർശം. ക്രിസ്തുവിനെ ജീവിതത്തിൽ പകർത്താൻ ഇരുപത്തഞ്ചാമത്തെ വയസ്സിൽ അദ്ദേഹം എടുത്ത പ്രതിഷ്ഠയാണ്

ഈ അനുഭവത്തിലേക്ക് അദ്ദേത്തെ നയിച്ചത്

ക്രിസ്തു ജനിക്കുന്നതിന് എഴുന്നൂറ്റമ്പതു വർഷം മുമ്പ് യെശയ്യാ പ്രവാചകൻ ക്രിസ്തുവിന്റെ താഴ്മയെക്കുറിച്ചും പീഡാനുഭവത്തെപ്പറ്റിയും എഴുതി:

> Ìതന്നത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു. കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു.Ì യെശയ്യാ 53 : 7

മാന്യ സ്നേഹിതാ, പ്രിയ സഹോദരി, നീ ഈ താഴ്മ അഭ്യസിച്ചിട്ടുണ്ടോ? നിന്റെ കുടുംബജീവിതത്തിന്റെ പരാജയം നിന്റെ താഴ്മയില്ലാത്ത സ്വഭാവമല്ലേ? മകനേ, നിന്റെ മാതാപിതാക്കളുടേയും ഗുരുജനങ്ങളുടേയും മുമ്പിൽ താഴാത്തതല്ലേ, നിന്റെ ജീവിതം തകരുന്നതിന് കാരണമായത്? മകളേ, നിന്റെ ഭർത്താവിനോട് തറുതല പറയുന്നതും കീഴ്വഴക്കമില്ലാതെ പെരുമാറുന്നതുമല്ലേ നിന്റെ കുടുംബജീവിതം തകർന്നുപോകുന്നതിന് കാരണം?

അതിവേഗം താഴ്വരവാതിൽ പണിയുക. തന്നെത്തന്നെ കാണുക. സ്വന്തം തെറ്റുകളെ ഓർത്ത് അനുതപിക്കുകയും

ഏറ്റുപറയുകയും മേലിൽ ആവർത്തിക്കുകയില്ലെന്ന് ദൃഢനിശ്ചയം എടുക്കുകയും ചെയ്യുക. എളിമപ്പെടുക. താണിരിക്ക. ദൈവകൃപ നിന്നിലേക്കൊഴുകട്ടെ. സ്വർഗ്ഗീയ ശാന്തി നിന്നിൽ പകരട്ടെ. ദൈവത്തിന്റെ ആലയമായ നിന്റെ ആളത്വം താഴ്മകൊണ്ട് അലംകൃതമാകട്ടെ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# പത്ത്

Ìയരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു.Î
നെഹമ്യാവ്. 1 : 3

Ìഎന്റെ പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നത് എങ്ങനെ?Î നെഹമ്യാവ്. 2 : 3

യരുശലേം നഗരം രാജാവിന്റെ നഗരമാണ്. യരുശലേം നഗരം ദേവാലയമുള്ള നഗരമാണ്. യരുശലേം നഗരം ആരാധനയുള്ള നഗരമാണ്. യരുശലേം നഗരം യാഗങ്ങളുള്ള നഗരമാണ്. യരുശലേം നഗരം രാജാധിരാജാവിന്റെ എഴുന്നള്ളത്തിനെ എതിരേൽക്കേണ്ട നഗരമാണ്. യരുശലേം നഗരം പിതാക്കൻമാരുടെ കല്ലറകൾ ഉള്ള നഗരമാണ്.

എന്നാൽ ആ നഗരം ശത്രു കൈയേറി. ആ നഗരം ശത്രു

നശിപ്പിച്ചു. ആ നഗരത്തിന്റെ മതിലുകൾ ശത്രു ഇടിച്ചുകളഞ്ഞു. ആ നഗരത്തിന്റെ വാതിലുകൾ ശത്രു തീവെച്ച് ചുട്ടുകളഞ്ഞു. ആ നഗരത്തിലെ ആരാധന മുടങ്ങിപ്പോയി. ആ നഗരത്തിലെ പാട്ട് നിലച്ചുപോയി.

അത് കണ്ടപ്പോൾ ദൈവപുരുഷന്റെ ഉള്ളം നൊന്തു. ദൈവപുരുഷന്റെ മുഖം വാടി. ദൈവപുരുഷൻ മതിൽ പണിയാനും വാതിൽ പണിയാനും ഉത്സാഹിച്ചു. കൂട്ടാളികളെ ഉത്സാഹിപ്പിച്ചു.

സുഹൃത്തേ, നിന്റെ മുഖം വാടുന്നുണ്ടോ? പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായി കിടക്കുന്നതിൽ നിന്റെ ഉള്ളുരുകുന്നുണ്ടോ? ദൈവാലയത്തിലെ ആരാധന മുടങ്ങിയതിൽ നിന്റെ ഹൃദയം തേങ്ങുന്നുണ്ടോ? പൈതൃകപാരമ്പര്യമാകുന്ന വിശുദ്ധിയുടെ തനിമ കൈമോശം വന്നതിൽ നിന്റെ മനം കരയുന്നുണ്ടോ? ആത്മീയത്തിന്റെ നറുംപാലിൽ ലൗകികത്വത്തിന്റെ വിഷം കലർന്നുപോയതിൽ നീ വിതുമ്പുന്നുണ്ടോ?

എങ്കിൽ നീ വേഗം എഴുന്നേറ്റു മതിൽ പണിയുക. ഒട്ടും വൈകാതെ വാതിലുകൾ പണിതുറപ്പിക്കുക.

ഒന്നാമത്തെ വാതിൽ ആട്ടിൻവാതിൽ. ഊനമില്ലാത്ത കുഞ്ഞാടിന്റെ തിരുരക്തത്താലുള്ള വീണ്ടെടുപ്പ് അനുഭവിക്കുക. രണ്ടാമത്തെ വാതിൽ മീൻ വാതിൽ. ആദിമകാല അപ്പോസ്തോലൻമാരെപ്പോലെ ആത്മാക്കളെ നേടുക. ലോകത്തെ സുവിശേഷം കൊണ്ട് കീഴ്മേൽ മറിക്കുക.

മൂന്നാമത്തെ വാതിൽ പഴയ വാതിൽ. വിശുദ്ധൻമാരുടെ പഴയ പാതകൾ തെരഞ്ഞെടുത്ത് സ്നേഹത്തിന്റെയും വിശുദ്ധിയുടേയും ആരാധനയും പഴയകാല

വചനതീക്ഷ്ണതയും ഉൾക്കൊള്ളുക.

നാലാമത്തെ വാതിൽ താഴ്‌വര വാതിൽ. താഴ്മ ആഭരണമാക്കുക. ക്രൂശിലെ മരണത്തോളം താണവനായ ക്രിസ്തുയേശുവിന്റെ സ്വഭാവം പ്രാപിക്കുക. സ്വർഗ്ഗീയ മഹത്ത്വത്തിന്റെ ഔന്നത്യം വിട്ട് ഭൗമിക നിസ്സാരതയുടെ താഴ്‌വരയിലേക്ക് ഇറങ്ങിവന്ന ക്രിസ്തുവിന്റെ സൗമ്യത സ്വായത്തമാക്കുക. മരണമില്ലാത്തവൻ മരണനിഴൽ താഴ്‌വരയിലേക്കിറങ്ങിവന്നു. മരണമില്ലാത്ത സ്വർഗ്ഗത്തിൽ ലഭിക്കുന്ന നിത്യജീവൻ നമ്മുക്കു തരാൻ മരണം രുചി നോക്കിയ കർത്താവിനെ നമ്മുടെ നാഥനായി സ്വീകരിക്കുക.

അഞ്ചാമത്തെ വാതിൽ കുപ്പവാതിലാണ്. ഊഴ ഴമലേ. 3:14. ഈ വാതിലിൽകൂടിയാണ് നഗരത്തിൽ തൂത്തുവാരുന്ന സകല മാലിന്യങ്ങളും പുറത്തു കൊണ്ടുപോകുന്നത്. നഗരത്തെ ശുദ്ധീകരിക്കുന്നതിന് അതിനകത്തുള്ള അവശിഷ്ടങ്ങൾ, ഉച്ഛിഷ്ടങ്ങൾ, അഴുക്കുവസ്തുക്കൾ എന്നിവ അടിച്ചുവാരി പുറത്തു കൊണ്ടു പോകുമായിരുന്നു. അതിനുള്ള വാതിലാണ് കുപ്പവാതിൽ.

നഗരത്തിലെ ചപ്പുചവറുകളും മാലിന്യങ്ങളുമെല്ലാം കൊണ്ടുപോകാനുള്ള വാതിൽ പണിയുന്നതും അറ്റകുറ്റം തീർക്കുന്നതും എത്ര പ്രയാസമുള്ള കാര്യമാണ് ? എത്രമാത്രം ദുർഗന്ധം സഹിച്ചും വലഞ്ഞുമായിരിക്കും കുപ്പവാതിൽ നന്നാക്കുന്നത്!

നമ്മുടെ ജീവിതത്തെ ശുദ്ധീകരിക്കുന്നതിനെയാണ് കുപ്പവാതിൽ നന്നാക്കുന്ന കാര്യം സൂചിപ്പിക്കുന്നത്. അപ്പോസ്തോലനായ പൗലോസ് ആവർത്തിച്ചു പറഞ്ഞിഞ്ഞുള്ള ഒരു സുപ്രധാന വസ്തുതയാണ് ശുദ്ധീകരണം.

[redacted]

ìദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ.ì 1 തെസ്സലോനിക്യർ 4 : 3

ìദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനത്രേ വിളിച്ചത്.ì 1 തെസ്സ. 4 : 7

ìസമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ.ì 1 തെസ്സ. 5 : 23

ìഎല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല.ì എബ്രായർ. 12 : 14

ì(അവിശ്വാസികളുടെ) അവരുടെ നടുവിൽനിന്നു പുറപ്പെട്ട് വേർപ്പെട്ടിരിപ്പിൻ എന്ന് കർത്താവരുളിച്ചെയ്യുന്നു. അശുദ്ധമായത് ഒന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈകൊണ്ട് നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്ക് പുത്രൻമാരും പുത്രിമാരും ആയിരിക്കും.ì

2 കൊരി. 6 : 16

ìപ്രിയമുള്ളവരെ, ഈ വാഗ്ദത്തങ്ങൾ നമ്മുക്ക് ഉള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല കൻമഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക.ì 2 കൊരിന്ത്യർ. 7 : 1

ì സഹോദരൻമാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു

5

പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ.ì
റോമർ. 12 : 1

നമ്മുടെ കർത്താവിന്റെ ആദ്യത്തെ പ്രസംഗത്തിൽ കർത്താവ് ഈ കാര്യമാണ് ഊന്നിപ്പറഞ്ഞത്.

ìഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും.ì മത്തായി. 5 : 8

ìസഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്ക് യോഗ്യനാകും; സഹോദരനോടു നിസ്സാര എന്നു പറഞ്ഞാലോ ന്യായിധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരഗത്തിനു യോഗ്യനാകും.ì
മത്തായി. 5 : 22

ìസ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി.ì മത്തായി. 5 : 28

കർത്താവ് മറ്റൊരവസരത്തിൽ അരുളിച്ചെയ്തു:

ìമനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നത്. അകത്തുനിന്ന്, മനുഷ്യരുടെ ഹൃദയത്തിൽനിന്നു തന്നേ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു.ì
മർക്കോസ്. 7 : 20 - 23

മോശയിൽകൂടി ദൈവം തന്റെ ജനത്തിന് നൽകിയ കല്പനയിൽ ആവർത്തിച്ചു പറഞ്ഞിരിക്കുന്ന ഒരു വാക്യമുണ്ട്:

> “ഞാൻ വിശുദ്ധനാകയാൽ നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിച്ച് വിശുദ്ധൻമാരായിരിക്കേണം.... ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിക്കേണം.” ലേവ്യ 11 : 44 - 45

> “നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിച്ച് വിശുദ്ധൻമാരായിരിപ്പിൻ. ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു.”
> ലേവ്യ 20 : 7 - 8

> “നിങ്ങൾ എനിക്ക് വിശുദ്ധൻമാരായിരിക്കേണം. യഹോവയായ ഞാൻ വിശുദ്ധനാകകൊണ്ട് നിങ്ങളും എനിക്ക് വിശുദ്ധരായിരിക്കേണം.” ലേവ്യ 20 : 26

ലേവ്യപുസ്തകത്തിൽ അനേകമനേകം വാക്യങ്ങളിൽ വിശുദ്ധീകരണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 20 : 8; 21 : 15; 22 : 9; 22 : 16; 22 : 32; 11 : 44, 45.

വിശുദ്ധീകരണം അനുഭവിക്കുന്നതെങ്ങനെയാണ്?

> “അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ. ദുർനടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളൻമാർ, അത്യാഗ്രഹികൾ, മദ്യപൻമാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും

> നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു.Ì
>
> 1 കൊരിന്ത്യർ 6 : 9 - 11

ദൈവത്തിന്റെ ആത്മാവിലാണ് ശുദ്ധീകരണം പ്രാപിക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് പാപബോധവും അനുതാപവും തരുന്നത്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്ന പരിശുദ്ധാത്മാവ് കുറ്റബോധം നൽകുന്നു.

ആത്മാവിന്റെ കൃപാവരങ്ങളെക്കുറിച്ച് പറയുമ്പോൾ പൗലോസ് അപ്പോസ്തോലൻ ഇപ്രകാരം പറയുന്നു:

> Ìഎല്ലാവരും പ്രവചിക്കുന്നു എങ്കിലോ അവിശ്വാസിയോ ആത്മവരമില്ലാത്തവനോ അകത്തു വന്നാൽ എല്ലാവരുടെ വാക്കിനാലും അവന്നു പാപബോധം വരും, അവൻ എല്ലാവരാലും വിവേചിക്കപ്പെടും. അങ്ങനെ അവൻ കവിണ്ണുവീണു, ദൈവം നിങ്ങളുടെ ഇടയിൽ ഉണ്ട് എന്നു ഏറ്റുപറഞ്ഞ് ദൈവത്തെ നമസ്ക്കരിക്കും.Ì
>
> 1 കൊരി. 14 : 24 - 25

വിശുദ്ധീകരണത്തിന് പരിശുദ്ധാത്മാവ് തന്റെ തേജസ്സാർന്ന കൃപാവരങ്ങളാൽ ഓരോരിത്തരിലും പ്രവർത്തിക്കുന്നതെങ്ങനെ എന്നാണ് ഇവിടെ വിവരിച്ചിരിക്കുന്നത്.

ഒന്ന്, ആത്മാവ് പാപബോധം നൽകുന്നു.

രണ്ട്, പരിശുദ്ധാത്മാവ് വിവേചിക്കുന്നു. (Discerning of the

spirits)

മൂന്ന്, ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുന്നു.

ഈ മൂന്ന് വിധത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ ശുദ്ധീകരണം ലഭിക്കുന്നു.

> ìതന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആര്? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ. സ്വമേധയാ പാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ; അവ എന്റെമേൽ വാഴരുതേ; എന്നാൽ ഞാൻ നിഷ്കളങ്കനും മഹാപാതകരഹിതനുമായിരിക്കും.î എന്ന് സങ്കീർത്തനകാരൻ പറയുന്നുണ്ട്. സങ്കീ. 19 : 12 - 13
>
> “ദൈവമേ, എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയണമേ, എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ.” എന്ന് ദാദീവ് പ്രാർത്ഥിച്ചു. സങ്കീ. 139 : 23 - 24

ആളത്വം സമ്പൂർണ്ണമായി ശുദ്ധീകരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവർക്ക് ലഭിക്കുന്ന മഹാഭാഗ്യമാണ് ശുദ്ധീകരണം. ബോധമനസ്സ് (Conscious mind) മാത്രമല്ല, (Subconscious mind) ഉപബോധമനസ്സും ശുദ്ധീകരിക്കപ്പെടണം. അത് പരിശുദ്ധാത്മാവ് ആഴങ്ങൾ ശോധന ചെയ്ത്, രഹസ്യങ്ങൾ വെളിപ്പെടുത്തി, അഗാധതലങ്ങളിൽ മറഞ്ഞുകിടക്കുന്ന പാപങ്ങളെ കാണിച്ചുതന്ന്, കുറ്റബോധവും പാപബോധവും തന്ന്, അനുതാപവും തകർന്നഹൃദയവും തന്ന് കഴുകുന്ന പ്രക്രിയയാണ്. അതാണ് വാസ്തവത്തിൽ അഗ്നികൊണ്ടുള്ള

സ്നാനം എന്നു പറയുന്നത്.

നിരന്തരം അഗ്നിസ്നാനത്തിന്റെ അഥവാ അഭിഷേകത്തിന്റെ അനുഭവത്തിൽ നില്ക്കുന്നതാണ് ആത്മനിറവിൻ ജീവിതം. ആത്മനിറവ് എന്നത് എതെങ്കിലും കൃപാവരങ്ങളുടെ വ്യാപാരമല്ല; പ്രത്യുത വിശുദ്ധീകരണത്തിന്റെ തേജസ്സാണ്.

ഈ മഹത്തായ അനുഭവം പ്രാപിച്ച ഒരു ശ്രേഷ്ഠ ദൈവദാസനാണ് എസ്.എൽ. ബ്രെംഗിൾ (S.L. Brengle). അദ്ദേഹത്തിന്റെ ëവിശുദ്ധ ജീവിതംÌ എന്ന ഗ്രന്ഥം വിശുദ്ധീകരണം അനുഭവിക്കാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും വഴികാട്ടിയാണ്.

സാധു സുന്ദരസിംഗ് വിശുദ്ധീകരണത്തിന്റെ ആഴമേറിയ അനുഭവങ്ങൾ പ്രാപിച്ച ഒരാളാണ്. ക്രിസ്ത്യൻ മിഷ്യണറിമാരുടെ കൂടെ ജീവിച്ചതിനുശേഷം അദ്ദേഹം പറഞ്ഞ വാക്കുകൾ വളരെയേറെ ചിന്തോദ്ദീപങ്ങളാണ്.

Ìക്രിസ്തീയ മിഷ്യണറിമാരുടെ ജീവിതം കണ്ടപ്പോൾ ക്രിസ്തു പറഞ്ഞതും കാണിച്ചുതന്നതുമായ മാതൃകയൊന്നും കാണാഞ്ഞതിനാൽ ഞാനതിയായി വേദനിച്ചു. ഞാൻ ക്രിസ്തുവിനെ നേരിട്ടു കാണുകയും ക്രിസ്തു എന്നോട് നേരിട്ട് സംസാരിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ ഞാൻ ഹിന്ദുമതത്തിലേക്ക് തിരികെ പോകുമായിരുന്നു.Ì

വിശുദ്ധീകരണം അനുഭവിക്കാത്ത ക്രിസ്തീയ പ്രവർത്തകർ മൂലം ക്രിസ്തുവിന് പ്രവർത്തിക്കാൻ വയ്യാത്ത സ്ഥിതിയാണ്.

മാന്യ സ്നേഹിതാ, നിന്റെ ജീവിതത്തിൽ വിശുദ്ധീകരണം പ്രാപിക്കാൻ നിനക്കു ദാഹമുണ്ടോ? മുഴുവനായി കഴുകപ്പെടണമെന്ന് നിന്റെ ഹൃദയം വാഞ്ഛിക്കുന്നുവോ?

55

വിശുദ്ധീകരണം പ്രാപിപ്പാൻ പരിശുദ്ധാത്മാവിന്റെ വചനത്തിന് കീഴ്പ്പെടുവാൻ നിനക്ക് മനസ്സോ? Ìഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്ക് എന്നോടുകൂടെ പങ്കില്ലÎ എന്ന ക്രിസ്തുവിന്റെ വചനത്തിങ്കൽ നീ വിനയപ്പെടുമോ?

പ്രിയ ദൈവപൈതലേ, നിന്റെ ജീവിതത്തിൽ കുപ്പവാതിൽ പണിയാനും കേടുപോക്കാനും നീ ആഗ്രഹിക്കുന്നുവോ? എങ്കിൽ ക്രിസ്തു ഇതാ നിന്റെ അരികിൽ നില്ക്കുന്നു. നീ ക്രിസ്തുവിനോടു പറയൂ. അവിടുത്തെ പുണ്യരക്തത്തിൽ ആശ്രയിച്ചുകൊണ്ട് പറയൂ:

Ìനാഥാ, എന്നെ സമ്പൂർണ്ണമായി ശുദ്ധീകരിക്കേണമെ. എന്റെ അകവും പുറവും ശുദ്ധീകരിക്കേണമെ. എന്റെ വാക്കുകളും പ്രവർത്തികളും മാത്രമല്ല എന്റെ ചിന്തയും മനോഭാവവും മനോരാജ്യവും ആഗ്രഹവും ഓർമ്മയും എല്ലാം ശുദ്ധീകരിക്കേണമെ. അപവാദിയായ പിശാച് കുറ്റം

പറയുന്ന യാതൊന്നും എന്നിലില്ലാതവണ്ണം എന്നെ തിരുരക്തത്താൽ കഴുകണമെ. ഇന്നു മുതൽ ഒരു രഹസ്യവിശുദ്ധനായി ഞാൻ ജീവിക്കുമെന്ന് ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു.Î സ്തോത്രം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

[redacted]

## പതിനൊന്ന്

ìയരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു.î

നെഹമ്യാവ്. 1 : 3

ìഎന്റെ പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നത് എങ്ങനെ?î നെഹമ്യാവ്. 2 : 3

ആറാമത്തെ വാതിൽ ഉറവുവാതിലാണ് - fountain gate.

താഴ്വരവാതിൽ കഴിഞ്ഞ് കുപ്പവാതിൽ. കുപ്പവാതിൽ കഴിഞ്ഞ് ഉറവുവാതിൽ. ഉറവുവാതിൽ

പരിശുദ്ധാത്മാവാകുന്ന ജീവ ഉറവയെ സൂചിപ്പിക്കുന്നു. ആന്തരികമായ എളിമയുളവായിക്കഴിഞ്ഞാൽ വിശുദ്ധീകരണം ലഭിക്കുന്നു. വിശുദ്ധീകരണം പ്രാപിക്കുന്നവരിൽ പരിശുദ്ധാത്മാവിന്റെ പ്രവാഹം ഉണ്ടാകും.

ഉറവുവാതിൽ പരിശുദ്ധാത്മനിറവിനെയാണ് സൂചിപ്പിക്കുന്നത്.

> ìഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട്: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു. അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ച് ആകുന്നു പറഞ്ഞത്.î
>
> യോഹന്നാൻ 7 : 37 - 39

പരിശുദ്ധാത്മാവിന്റെ നിറവ് ലഭിക്കുക മഹാഭാഗ്യമാണ്. വിശുദ്ധീകരണത്തെത്തുടർന്ന് ലഭിക്കുന്ന ഒരു നിസ്തുല ദാനമാണ് പരിശുദ്ധാത്മാവ്. ഓരോ വിശ്വാസിയും പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടതാണ്. പരിശുദ്ധാത്മാവിനിൽ മാത്രമേ പാപത്തിൻമേൽ ജയം ലഭിക്കുകയുള്ളൂ. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാത്രമേ ഫലപ്രദമായ ശുശ്രൂഷ നിർവ്വഹിപ്പാൻ കഴിയുകയുള്ളൂ. ശക്തിയും ധൈര്യവും പ്രത്യാശയും സ്നേഹവും വിശ്വാസവും പരിശുദ്ധാത്മാവിനാൽ മാത്രമേ ഉളവാകുകയുള്ളൂ.

പരിശുദ്ധാത്മാവിനെപ്പറ്റി പ്രതീകാത്മകമായി വിശുദ്ധ ബൈബിളിൽ അനേകം ഭാഗങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഏദൻതോട്ടത്തിലുള്ള നദിയെക്കുറിച്ച് പറയുന്ന വിവരണം വായിക്കുമ്പോൾ മനുഷ്യജീവിതത്തിന് കുളിർമ നൽകുന്ന പരിശുദ്ധാത്മാവിനെ നാം കാണുകയാണ്.

> ìതോട്ടം നനപ്പാൻ ഒരു നദി ഏദനിൽനിന്ന് പുറപ്പെട്ടു. അത് അവിടെനിന്ന് നാലു ശാഖയായി പിരിഞ്ഞു. ഒന്നാമത്തേതിനു പീശോൻ എന്നു പേർ;

അത് ഹവീലാ ദേശമൊക്കെയും ചുറ്റുന്നു; അവിടെ പൊന്നുണ്ട്. ആ ദേശത്തിലെ പൊന്ന് മേത്തരമാകുന്നു; അവിടെ ഗുൽഗുലുവും ഗോമേദകവുമുണ്ട്.Ì
ഉല്പത്തി 2 : 10 - 12

ഈ നദിയെക്കുറിച്ചാണ് നാല്പത്തിയാറാം സങ്കീർത്തനത്തിൽ കോരഹ്പുത്രൻമാർ പാടുന്നത്.

Ìഒരു നദി ഉണ്ട്; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധ നിവാസത്തെ തന്നേ, സന്തോഷിപ്പിക്കുന്നു. ദൈവം അതിന്റെ മദ്ധ്യേ ഉണ്ട്; അത് കുലുങ്ങിപ്പോകയില്ല. ദൈവം അതികാലത്തുതന്നേ അതിനെ സഹായിക്കും.Ì സങ്കീ. 46 : 4 - 5

ജീവജലനദിയുടെ തോടുകൾ അത്യുന്നതനായ ദൈവത്തിന്റെ വിശുദ്ധനിവാസമായ മനുഷ്യഹൃദയങ്ങളെ സന്തോഷിപ്പിക്കുന്നു. നീറിപ്പുകയുന്ന മനസ്സുകൾക്ക് കുളിർമയും ആശ്വാസവും പകരാൻ പരിശുദ്ധാത്മസാന്നിദ്ധ്യം ലഭിക്കുന്നു.

യിസ്ഹാക്ക് കിണറു കുഴിച്ച് വെള്ളം കണ്ടതിനെക്കുറിച്ച് ഉല്പത്തി ഇരുപത്തിയാറാം അദ്ധ്യായത്തിൽ കാണുന്നു.

Ìതന്റെ പിതാവായ അബ്രാഹാമിന്റെ കാലത്ത് കുഴിച്ചതും അബ്രാഹം മരിച്ചശേഷം ഫെലിസ്ത്യർ നികത്തിക്കളഞ്ഞതുമായ കിണറുകൾ യിസ്ഹാക്ക് പിന്നെയും കുഴിച്ചു തന്റെ പിതാവ് അവക്കു ഇട്ടിരുന്ന പേർ തന്നെ ഇട്ടു.Ì ഉല്പത്തി 26 : 18

Ìയിസ്ഹാക്കിന്റെ ദാസൻമാർ ആ താഴ്വരയിൽ കുഴിച്ചു. നീരുറവുള്ള ഒരു കിണർ കണ്ടു.Ì 26 : 19

[redacted]

> Ìയിസ്ഹാക്കിന്റെ ദാസൻമാർ വന്ന് തങ്ങൾ കുഴിച്ച കിണറിന്റെ വസ്തുത അവനെ അറിയിച്ചു. ഞങ്ങൾ വെള്ളം കണ്ടു എന്നു പറഞ്ഞു.Ì 26 : 32

ഇതേ പ്രതീകം തന്നേ പരിശുദ്ധാത്മാവിനെപ്പറ്റി സംഖ്യാപുസ്തകത്തിൽ നാം കാണുന്നു. സീനായി മരുഭൂമിയിൽകൂടി ദാഹിച്ചു വലഞ്ഞു നടന്നുനീങ്ങുന്ന ജനത്തിന് വെള്ളം കൊടുക്കുന്ന ദൈവത്തിന്റെ കരുതലും വാത്സല്യവുമാണ് നാമവിടെ കാണുന്നത്.

യഹോവ മോശയോട്: Ìജനത്തെ ഒന്നിച്ചുകൂട്ടുക: ഞാൻ അവർക്ക് വെള്ളം കൊടുക്കുമെന്ന് കല്പിച്ച കിണർ അതു തന്നേ.Ì ആ സമയത്ത് യിസ്രായേൽ :

> Ìകിണറേ, പൊങ്ങിവാ; അതിന്നു പാടുവിൻ. പ്രഭുക്കൻമാർ കുഴിച്ച കിണർ; ജനശ്രേഷ്ഠൻമാർ ചെങ്കോൽകൊണ്ടും തങ്ങളുടെ ദണ്ഡുകൾകൊണ്ടും കുത്തിയ കിണർ.Ì സംഖ്യാപുസ്തകം 21 : 16 - 18

ഊഷരമായ മരുപ്പറമ്പിൽ ദൈവം തന്റെ ജനത്തിന് കുളിർ തണ്ണീർ നൽകുന്നു. പരിശുദ്ധാത്മാവ് നൽകുന്ന ആശ്വാസം.

പ്രിയ ദൈവപൈതലേ, പ്രശ്നങ്ങളുടെ കുരുക്കുകളിലും യാതനകളുടെ നൂലാമാലകളിലും പെട്ട് എരിപൊരികൊള്ളുന്ന നിന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവ് തരുന്ന ശാന്തിയും സ്വസ്തതയും എത്ര ആശ്വാസപ്രദമാണ്. ഈ അത്ഭുതശാന്തി നീ അനുഭവിച്ചിട്ടുണ്ടോ? ഈ കുളിർമയുടെ ആശ്വാസം നിനക്ക് വേണമോ? എങ്കിൽ ഇപ്പോൾ നിന്റെ അരികത്തു നില്ക്കുന്ന ക്രിസ്തുവിനോടു നീ യാചിക്കൂ: നിനക്ക് പരിശുദ്ധാത്മദാനം ലഭിക്കും. പരിശുദ്ധാത്മാവ് ആശ്വാസപ്രദനാണ്.

[redacted]



ന്യായാധിപതിയായ ശിംശോൻ ദാഹിച്ചു വലഞ്ഞ ഒരവസരമുണ്ടായി. വലിയോരു ശുശ്രൂഷ കഴിഞ്ഞ് ശിംശോൻ ക്ഷീണിച്ചുപോയിരുന്നു. ഒരു കഴുതയുടെ താടിയെല്ലുകൊണ്ട് ആയിരം ഫെലിസ്ത്യരെ സംഹരിച്ചുകളഞ്ഞതിനെ തുടർന്നായിരുന്നു യഹോവയുടെ വ്രതസ്ഥനായ ശിംശോൻ ദാഹിച്ചുപോയത്. അവൻ ദൈവത്തോട് നിലവിളിച്ചു പ്രാർത്ഥിച്ചു:

> Ìഅപ്പോൾ ദൈവം ലേഹിയിൽ ഒരു കുഴിപുളരുമാറാക്കി, അതിൽനിന്നു വെള്ളം പുറപ്പെട്ടു; അവൻ കുടിച്ചു ചൈതന്യം പ്രാപിച്ചു.Ì
>
> ന്യായാധിപൻമാർ 15 : 19

ക്ഷീണിച്ച് അവശനായിപ്പോകുന്നവന് ചൈതന്യം വരുത്തുന്നതാണ് ജീവ ഉറവ. ഉറവവാതിൽ പണിയുകയും അതിന്റെ അറ്റകുറ്റം പോക്കുകയും ചെയ്യുന്നവന് ചൈതന്യം ലഭിക്കും. ഉറവവാതിൽ പരിശുദ്ധാത്മനിറവിനെയും നിറവിന്റെ ശുശ്രൂവയെയും നിറവുമൂലമുള്ള ജയജീവിതത്തെയും സൂചിപ്പിക്കുന്നു.

അതാണ് യെഹസ്കേൽ നാല്പത്തേഴാം അദ്ധ്യായത്തിൽ കാണുന്നത്.

> Ìആലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴെ നിന്ന് വെള്ളം കിഴക്കോട്ട് പുറപ്പെടുന്നത് ഞാൻ കണ്ടു.Ì
>
> യെഹസ്കേൽ 47 : 1

ദൈവാലയത്തിൽനിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മ ജീവഉറവയെക്കുറിച്ചാണ് പ്രവാചകൻ ഇവിടെ പ്രതിപാദിക്കുന്നത്.

> Ìആ വെള്ളം ആലയത്തിന്റെ വലത്തുഭാഗത്ത് കീഴെനിന്ന് യാഗപീഠത്തിന്നു തെക്കുവശമായി

[redacted]

ഒഴുകി..... വെള്ളം വലത്തുഭാഗത്തു കൂടി ഒഴുകുന്നതു ഞാൻ കണ്ടു.... വെള്ളം നരയാണിയോളം ആയി...... വെള്ളം മുട്ടോളം ആയി..... വെള്ളം അരയോളം ആയി..... അത് എനിക്ക് കടപ്പാൻ വഹിയാത്ത ഒരു നദി ആയി. വെള്ളം പൊങ്ങി; നീന്തിയിട്ടല്ലാതെ കടപ്പാൻ വഹിയാത്ത നദിയായിത്തീർന്നു. (നദിയിലെ).....വെള്ളം കടലിൽ വീണിട്ട് അതിലെ വെള്ളം പത്ഥ്യമായിത്തീരും. എന്നാൽ ഈ നദി ചെന്നുചേരുന്നേടത്തൊക്കെയും ചലിക്കുന്ന സകല പ്രാണികളും ജീവിച്ചിരിക്കും.... നദീത്തീരത്ത് ഇക്കരെയും അക്കരെയും തിൻമാൻ തക്കഫലമുള്ള സകലവിധ വൃക്ഷങ്ങളും വളരും. അവയുടെ ഇല വാടുകയില്ല, ഫലം ഇല്ലാതെ പോകയുമില്ല. അതിലെ വെള്ളം വിശുദ്ധമന്ദിരത്തിൽ നിന്ന് ഒഴുകി വരുന്നതുകൊണ്ട് അവ മാസം തോറും പുതിയ ഫലം കായ്ക്കും; അവയുടെ ഫലം തിൻമാനും അവയുടെ ഇല ചികിത്സയ്ക്കും ഉതകും.Ì യെഹസ്കേൽ 47 : 1 - 12

പരിശുദ്ധാത്മാവിന്റെ ഉറവ ഒരുവന്റെ ഉള്ളിൽനിന്ന് പൊട്ടിപ്പുറപ്പെടുവാന്തക്കവണ്ണമുള്ള ആത്മനിറവ് പ്രാപിക്കേണ്ടതിന്റെ ആവശ്യകതയാണ് ഉറവവാതിൽ പണിയുന്നത് നമ്മെ ഓർമ്മപ്പെടുത്തുന്നത്.

യെഹസ്കേൽ കാണുന്ന ദർശനത്തിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന പരിശുദ്ധാത്മ നിറവിന്റെ തേജസ്സ് നിത്യതയിൽ പുലരുന്നതായി വെളിപാടുപുസ്തകത്തിൽ കാണുന്നു. വെളിപാടു പുസ്തകം ഒടുവിലത്തെ അദ്ധ്യായത്തിൽ നാം വായിക്കുന്നു:

Ìവീഥിയുടെ നടുവിൽ ദൈവത്തിന്റേയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്; അത് പന്ത്രണ്ടുവിധം ഫലം കായിച്ചു മാസം തോറും അതതുഫലം കൊടുക്കുന്നു. വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു.Ì

വെളി. 22 : 1 - 2

ഈ ശോഭനമായ അനുഭവമാണ് യോവേൽ പ്രവചിക്കുന്നത്:

Ìയഹോവയുടെ ആലയത്തിൽനിന്ന് ഒരു ഉറവു പുറപ്പെട്ടു ശിത്തീം താഴ്വരയെ നനക്കും.Ì

യോവേ. 3 : 8

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ ഉറവുവാതിൽ നീ പണിതുവോ? ഉറവുവാതിലിന്റെ കേടുപാടു പോക്കുവാൻ നീ ഉത്സാഹിച്ചുവോ? ആത്മനിറവിലേക്ക് വരാനും നിന്നിൽനിന്നുകൊണ്ട് അനേകരുടെ ശരീരത്തിലെയും ആത്മാവിലെയും രോഗങ്ങൾക്ക് ശാന്തി നൽകാനും ആഗ്രഹിച്ച് ആശവെച്ച ദൈവത്തിന്റെ പ്ലാനുകളെ നീ തോല്പിച്ചിരിക്കുകയല്ലേ?

ഏഴാമത്തെ വാതിൽ നീർവാതിലാണ് - Water gate - ഉറവുവാതിൽ പണിതതിനെ തുടർന്ന് നീർവാതിൽ പണിതു.

ജലം ദൈവവചനത്തെ കുറിക്കുന്നു. ദൈവവചനം ഹൃദയത്തെ വിശുദ്ധീകരിക്കുന്നു.

ഏഴാമത്തെ വാതിലാണ് നീർവാതിൽ. ഏഴ്,

പൂർണ്ണതയെക്കുറിക്കുന്നതാണ്. പൂർണ്ണത ക്രിസ്തുവിൽ മാത്രമാണുള്ളത്. അതായത് ക്രിസ്തുവിന്റെ വചനത്തിൽ മാത്രമാണ് പൂർണ്ണതയുള്ളത്. കാരണം ക്രസ്തുതന്നെയാണ് വചനം.

Ìആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവം ആയിരുന്നു....... വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു.Ì യോഹന്നാൻ. 1:1-3, 1:14.

വചനം കൈക്കൊള്ളുക എന്നതുതന്നെയാണ് ക്രിസ്തുവിനെ കൈക്കൊള്ളുക എന്നത്. വചനത്താലാണ് വീണ്ടെടുപ്പ്.. വചനത്താലാണ് ശുദ്ധീകരണം. വചനത്താലാണ് ആത്മാവിന്റെ വളർച്ച. വചനത്താലാണ് ശുശ്രൂഷയ്ക്ക് ശക്തി - വചനമാണ് ശുശ്രൂഷയുടെ ശക്തി.

> Ìയഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു.Ì സങ്കീ. 119 : 89

മറ്റു വാതിലുകൾ പണിതു എന്നും അറ്റകുറ്റം തീർത്തു എന്നും പറയുമ്പോൾ നീർവാതിൽ അറ്റകുറ്റം തീർത്തതായി പറയുന്നില്ല.

> Ìദൈവവാലയ ദാസൻമാർ ഓഫേലിൽ കിഴക്കു നീർവാതിലിനെതിരെയുള്ള സ്ഥലം മുതൽ കവിഞ്ഞുനില്ക്കുന്ന ഗോപുരം വരെ പാർത്തുവന്നു.Ì നെഹമ്യാവ്. 3 : 26

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ വചനം അത്ഭുതം നിവർത്തിക്കുന്നതാണ്. വചനമാകുന്ന ജലം അന്തരാത്മാവിനെ വിശുദ്ധീകരിക്കും.

[redacted]



Ìബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്ന തെങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നേ.Î സങ്കീ. 119 : 9

വചനത്താലാണ് നടപ്പുകൾ നിർമ്മലമാകുന്നത്. ദൈവവചനത്താലും പ്രാർത്ഥനയാലുമാണ് വിശുദ്ധീകരിക്കപ്പെടുന്നത് എന്ന് പൗലോസ് അപ്പോസ്തോലൻ പറയുന്നുണ്ട്. 1 തീമോ. 4 : 5

വെള്ളംകൊണ്ട് കുളിക്കുകയും ശരീരം ശുചിയാക്കുകയും ചെയ്യുന്നതുപോലുള്ള അനുഭവമാണ് തിരുവചനം ഉൾക്കൊള്ളുമ്പോൾ ആത്മാവിന് ലഭിക്കുന്നത്. നീരസവും കൈയ്പും പകയും വിദ്വേഷവും വൈരാഗ്യവും മുഷിച്ചിലും മാത്രമായി മലീമസമായിരുന്ന ഹൃദയം എത്ര അത്ഭുതകരമായി കഴുകപ്പെട്ടു തിരുവചനം കേട്ടപ്പോൾ!

എന്റെ ഹൃദയം നിറയെ നിരാശയും മടുപ്പും വിഷാദവും ചിലരോടുള്ള പിണക്കവും കൊടിയ പരിഭവവും അശുദ്ധചിന്തകളും മലിനമോഹങ്ങളും എല്ലാമായിരുന്നു. ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചു. എനിക്കു രണ്ടു വയസ്സായപ്പോൾ എന്റെ ചേട്ടൻ മരിച്ചു. ഞാൻ ജനിക്കുന്നതിനുമുമ്പ് അമ്മ പ്രസവിച്ച മൂന്നു കുഞ്ഞുങ്ങൾ മരിച്ചു പോയിരുന്നു എന്ന് അമ്മ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. അഞ്ചു മരണം നടന്ന കുടുംബം. ഞാൻ അഗതിയെപ്പോലെ വലഞ്ഞു. അനാഥനെപ്പോലെ നിരാശനായി. ജീവിതമാകെ മടുപ്പും മ്ലാനതയും. ഹൃദയം നിറയെ മലിന ചിന്തകളും.

അങ്ങനെ ഉള്ളു പുകഞ്ഞിരുന്ന അവസരത്തിലാണ് ഞാൻ ജീവന്റെ വചനം കേട്ടത്. പതിനേഴാമത്തെ വയസ്സിൽ ഞാൻ കേട്ട വചനം എന്നെ കഴുകി. എന്റെ ഹൃദയം കഴുകി. എന്റെ

അകം കഴുകി. എന്നെ വിശുദ്ധീകരിച്ചു. എന്തൊരു സമാധാനമാണ് എനിക്ക് ലഭിച്ചത്! തകർന്നുപോയ ജീവിതം കർത്താവ് പുതുക്കി മെനഞ്ഞു. ഉള്ളം കുളുർത്തു. ജീവിതം തളിർത്തു. ശാന്തിയും സ്വസ്ഥതയും ക്രിസ്തുവിന്റെ സമാധാനവും മനം നിറയെ പകർന്നു.

സ്നേഹിതാ, നീർവാതിൽക്കൽ നീ എത്തിയോ? തിരുവചനം നിന്നെ രൂപാന്തരപ്പെടുത്തിയോ?

ജീവന്റെ വചനം നീ ആർത്തിയോടെ വായിക്കുന്നുവോ? കേൾക്കുന്നുവോ? നിന്റെ ഹൃദയം വിശുദ്ധമായോ? ഒരു നല്ല കഴുകലിന് നീ കൊതിക്കുന്നുവോ?

എങ്കിൽ ക്രിസ്തു ഇതാ, നിനക്കുവേണ്ടി തകർക്കപ്പെട്ട കരം നിന്റെനേരെ നീട്ടുന്നു. ഇന്നുമുതൽ ഒരു പുതിയ ജീവിതം നയിക്കുമെന്ന് നീ തീരുമാനിക്കുക. ക്രിസ്തുവിനെ നിന്റെ ഹൃദയം തുറന്ന് നീ സ്വീകരിക്കുക. ഒരു വാക്ക് നീ നിന്റെ സമീപത്തു നില്ക്കുന്ന ക്രിസ്തുവിനോട് പറയുക: ìനാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും.î

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പന്ത്രണ്ട്

ìയരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു.î

നെഹമ്യാവ്. 1 : 3

ìഎന്റെ പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നത് എങ്ങനെ?î

നെഹമ്യാവ്. 2 : 3

എട്ടാമത്തെ വാതിൽ കുതിരവാതിലാണ്. കുതിര യുദ്ധത്തെ സൂചിപ്പിക്കുന്നു. ഒന്നാമത്തെ വാതിലായ ആട്ടിൻവാതിൽ കുഞ്ഞാടിന്റെ തിരുരക്തത്താലുള്ള വീണ്ടെടുപ്പിനെ സൂചിപ്പിക്കുന്നു. രണ്ടാമത്തെ വാതിലായ മീൻവാതിൽ ആത്മാക്കളെ ആദായപ്പെടുത്തുന്നതിനെയും മൂന്നാമത്തെ വാതിലായ പഴയ വാതിൽ പുരാതന വിശുദ്ധൻമാർ അവലംബിച്ച പാതകളെയും താഴ്വരവാതിൽ

ദൈവസന്നിധിയിലുള്ള എളിമയെയും സൂചിപ്പിക്കുന്നു. കുപ്പവാതിൽ സമ്പൂർണ്ണ ശുദ്ധീകരണത്തിനും ഉറവു വാതിൽ പരിശുദ്ധാത്മപ്പകർച്ചയ്ക്കും നീർവാതിൽ വചനത്താലുള്ള നിരന്തര ശുദ്ധീകരണത്തിനും നിദർശനമായി നിലകൊള്ളുന്നു. ഇത്രയും അനുഭവങ്ങളിലൂടെ കടന്നുപോയാൽ അടുത്തതായി വരുന്നത് യുദ്ധമാണ്. പൈശാചിക ശക്തിയോടുള്ള പോരാട്ടം. അതാണ് കുതിരവാതിൽ സൂചിപ്പിക്കുന്നത്.

> ìനമ്മുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.î എന്ന് അപ്പോസ്തോലനായ പൗലോസ് പറയുന്നു. എഫെസ്യർ 6 : 12

പൈശാചിക സൈന്യത്തോട് നിരന്തരം യുദ്ധം ചെയ്തു മാത്രമേ ക്രിസ്തീയജീവിതം മുന്നോട്ടു നയിക്കാൻ സാധിക്കുകയുള്ളു. ശത്രുവിനോടുള്ള യുദ്ധത്തിൽ വിജയിച്ചു മുന്നേറിയ വിശുദ്ധൻമാർ ഓട്ടം ഓടിത്തികച്ച പാതയിലൂടെ നാമും പതറാതെ സ്ഥിരമായി ഓടിക്കൊണ്ടിരിക്കണം.

നിരന്തരം സാത്താന്യസേനയോടുള്ള യുദ്ധമാണ് ക്രിസ്തീയജീവിതം. പാപത്തിന്റെ പരിശോധനകളും പ്രലോഭനങ്ങളും അടിയ്ക്കടി വന്നുകൊണ്ടിരിക്കും. അവയുടെമേൽ ജയം നേടി മുന്നേറുന്നതാണ് ജയകരമായ ക്രിസ്തീയജീവിതം. ജയവീരനായ ക്രിസ്തുവിന്റെ ക്രൂശിലേക്ക് നോക്കി തിരുരക്തത്താൽ ആശ്രയിച്ച് യുദ്ധം ചെയ്യുന്ന പാവപ്പെട്ട വിശ്വാസിക്ക് ശത്രുവിന്റെമേൽ ജയം പ്രാപിക്കാൻ കഴിയും.

അടിയ്ക്കടിയുള്ള പോരാട്ടത്തിൽ ജയിച്ചു മുന്നേറിയ ഒരു ധീരപോരാളിയാണ് അപ്പോസ്തോലനായ പൗലോസ്. തന്റെ

ഒടുവിലത്തെ ലേഖനത്തിൽ പറയുകയാണ്:

> ìഞാനോ ഇപ്പോൾതന്നേ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു; വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും കൂടെ.î 2 തീമോഥെയോസ് 4 : 6 - 8

പോരാട്ടജീവിതത്തിൽ തളരാതെ അടരാടിനിന്നതുകൊണ്ട് അപ്പോസതോലന് പുഞ്ചിരിയോടെ മരണത്തെ നേരിടാൻ കഴിഞ്ഞു. അതെന്തൊരു ഭാഗ്യകരമായ അനുഭവമാണ് !

ചുറ്റും പോരാട്ടം നടക്കുമ്പോഴും ഹൃദയത്തിൽ സമാധാനം അനുഭവിക്കുന്നതാണ് ഒരു ദൈവപൈതലിന്റെ സന്തോഷം. കർത്താവ് പറഞ്ഞു :

> "ഭൂമിയിൽ സമാധാനം നൽകുവാൻ ഞാൻ വന്നിരിക്കുന്നു എന്നു തോന്നുന്നുവോ? അല്ലല്ല, ഛിദ്രം വരുത്തുവാൻ അത്രേ എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇനിമേൽ ഒരു വീട്ടിൽ ഇരുവരോടും മൂവരും മൂവരോട് ഇരുവരും ഇങ്ങനെ അഞ്ചുപേർ തമ്മിൽ ഛിദ്രിച്ചിരിക്കും. അപ്പൻ മകനോടും മകൻ അപ്പനോടും അമ്മ മകളോടും മകൾ അമ്മയോടും അമ്മാവിയമ്മ മരുമകളോടും മരുമകൾ അമ്മാവിയമ്മയോടും ഛിദ്രിച്ചിരിക്കും." ലൂക്കോസ് 12 : 51 – 53

ìഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ

വന്നു എന്നു നിരൂപിക്കരുത്. സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്. മനുഷ്യനെ തന്റെ അപ്പനോടും മകളെ അമ്മയോടും മരുമകളെ അമ്മാവിഅമ്മയോടും ഭേദിപ്പിപ്പാനത്രേ ഞാൻ വന്നത്. മനുഷ്യന്റെ വീട്ടുകാർതന്നേ അവന്റെ ശത്രുക്കൾ ആകും.î മത്തായി 10 : 34 - 37

ദൈവപൈതലേ, നിന്റെ ഭവനത്തിൽ നീ ഒരാൾ ദൈവപക്ഷത്ത് നില്ക്കാൻ തീരുമാനിക്കുന്നു. പാപം വിട്ട് വശുദ്ധികൈമുതലാക്കി നില്ക്കാൻ നിന്നെത്തന്നെ ക്രിസ്തുവിന്റെ പാദത്തിൽ പ്രതിഷ്ഠിക്കുന്നു. അപ്പോൾ നിന്റെ ഭർത്താവ് അല്ലെങ്കിൽ നിന്റെ ഭാര്യ നിന്നെ എതിർക്കുന്നു. വീട്ടിൽത്തന്നെ പോരാട്ടം ആരംഭിച്ചു. അവിടെ നീ ക്രിസ്തുവിന്റെ ഭാവത്തോടെ നില്ക്കേണ്ടത് നിന്റെ ചുമതലയാണ്. നീ എരിവോടും തീഷ്ണതയോടുംകൂടി നില്ക്കുമ്പോൾ സ്വാഭാവികമായും ശത്രു ഇളകും.

സാത്താന്റെ കൈയ്യിൽ കിട്ടുന്ന ആരെയെങ്കിലും അവൻ ആയുധമാക്കിക്കൊണ്ട് ഭിന്നതയും അഭിപ്രായവ്യത്യാസവും ഉളവാക്കുന്നു. കുടുംബാന്തരീക്ഷം എപ്പോഴും കലങ്ങിയിരിക്കുന്നു. ആ സമയത്ത് അകത്ത് സമാധാനം അനുഭവിക്കാൻ കഴിയുന്നതാണ് ക്രിസ്തീയജീവിതം.

ìചിലർ കുതിരകളിലും ചിലർ രഥങ്ങളിലും ആശ്രയിക്കുന്നുî എന്നും ìജയത്തിന് കുതിര വ്യർത്ഥമാകുന്നുî എന്നും സങ്കീർത്തനകാരൻ പറയുന്നുണ്ട്. പഴയകാലത്ത് രാജാക്കൻമാരുടെ യുദ്ധത്തിന്റെ വിജയത്തിന് അശ്വസേന അനുപേക്ഷണീയമായിരുന്നു. എന്നാൽ ദാവീദ് രാജാവ് കണ്ടെത്തി, അശ്വബലത്തിൽ ദൈവം സന്തോഷിക്കുന്നില്ല എന്ന്. ദൈവത്തിൽ ആശ്രയിക്കുന്നതുകൊണ്ടും ദൈവം

സഹായിക്കുന്നതുകൊണ്ടും മാത്രമേ ജയം നേടാൻ കഴിയുകയുള്ളൂ എന്ന് ദാവീദ് ഗ്രഹിച്ചു.

പാപത്തോട് പോരാടുന്ന ദൈവപൈതലേ, നിന്റെ ജീവിതത്തിൽ ജയം തരാൻ ക്രിസ്തുവിന് കഴിയും എന്ന് നീ വിശ്വസിക്കൂ. കുതിരവാതിൽ പണിയുന്നതും അറ്റകുറ്റം തീർക്കുന്നതും ജയജീവിതത്തിനു കൊതിക്കുന്ന ദൈവപൈതലിന്റെ പോരാട്ടജീവിതത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പാണെന്ന് നീ വിശ്വസിക്കുന്നുവോ? എങ്കിൽ നീ ഉറച്ചുകൊള്ളൂ: നിന്റെ ജീവിതത്തിൽ നിന്നെ ജയോത്സവമായി നടത്തുവാൻ ക്രിസ്തു ശക്തനാണ്.

ശത്രുവിനോടുള്ള പോരാട്ടത്തിൽ പലപ്പോഴും പരാജയപ്പെട്ടെങ്കിലും ക്രിസ്തു നൽകിയ ജയത്തിൽ ഇന്നൊരു സമാധാനം അനുഭവിക്കുന്ന ഒരാളാണ് ബഹു: ചാന്ത്യത്തിലച്ചന്റെ മൂത്ത മകൻ ഡോ. സി.എം. ജോർജ്ജ്. അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ നമുക്കിപ്പോൾ ചോദിച്ചറിയാം.

ഡോ. ജോർജ്ജിന്റെ പഴയകാലാനുഭവങ്ങൾ ഒന്ന് വിവരിക്കാമോ?

ഞാൻ യാക്കോബായ സഭയിലെ ഏറ്റവും സീനിയർ വൈദികനായ ബഹു: ചാന്ത്യത്തിലച്ചന്റെ മൂത്ത മകനാണ്. ചെറുപ്പം മുതൽ പള്ളിയാരാധനകളിലും സണ്ടെസ്കൂളിലും നോമ്പ്, നമസ്ക്കാരം മുതലായ ആത്മീയാനുഷ്ഠാനങ്ങളിലും ഞാൻ വളരെ മുൻപന്തിയിലായിരുന്നു. ദൈവകൃപയാൽ ചെറുപ്പക്കാർക്ക് സാധാരണ സംഭവിക്കാറുള്ള പാപപ്രവൃത്തികളിലേക്കൊന്നും ഞാൻ പോയിട്ടില്ല. എന്നാൽ ഹൃദയം വളരെ ഹീനമായ പല ചിന്തകൾ കൊണ്ടും മ്ലേച്ഛ

[redacted]

മോഹങ്ങൾകൊണ്ടും നിറഞ്ഞിരുന്നു. അശുദ്ധമായ ആഗ്രഹങ്ങൾ, മലിനമായ ചിന്തകൾ, വൈരാഗ്യമനോഭാവം എന്നിങ്ങനെ അനേകമനേകം രഹസ്യപാപങ്ങൾ എന്റെ ഹൃദയത്തിലുണ്ടായിരുന്നു. അവയുടെമേൽ ജയം കിട്ടാതെ ഞാൻ വളരെ വലഞ്ഞു. ആഗ്രഹിക്കാത്ത തിൻമ എന്നിൽ വന്നുപോകുന്നല്ലോ എന്ന് ചിന്തിച്ച് ഞാൻ വളരെ വലഞ്ഞു. എന്റെ ഹൃദയത്തിൽ ഒരു സമാധാനവും ഇല്ലാതായി. അസമാധാനവും അസ്വസ്ഥതയും കൊണ്ട് എന്റെ ഹൃദയം നിറഞ്ഞു.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ് ?

ഞാനീ അസ്വസ്ഥത തിങ്ങിനിന്നപ്പോൾ ഉള്ളു പുകഞ്ഞു കഴിയുകയായിരുന്നു. ആ കാലത്ത് സാറുമായി പരിചയപ്പെടുകയും പല യോഗങ്ങളിലും പങ്കെടുക്കുകയും ചെയ്തു. ഉള്ളുനീറി വിഷമിച്ച ഒരു സാഹചര്യത്തിൽ സാറ് എന്റെ വീട്ടിൽ ഒന്ന് വന്ന് പ്രാർത്ഥിക്കണമെന്ന് ഞാൻ ഒരു കുറിപ്പ് സാറിന്റെ അടുക്കൽ എത്തിച്ചു. സാറ് ചില ദൈവമക്കളുമൊരുമിച്ച് എന്റെ വീട്ടിലേക്ക് വന്നു. അത് 1973 മെയ്യ് പന്ത്രണ്ടാം തിയതി ശനിയാഴ്ചയായിരുന്നു.

രാവിലെ പത്തുമണി കഴിഞ്ഞുകാണും എന്റെ ഭവനത്തിൽ ദൈവമക്കൾ വന്ന് പ്രാർത്ഥിച്ചപ്പോൾ. എനിക്കന്ന് ഒരു കാര്യം വ്യക്തമായും ബോദ്ധ്യമായി. എന്റെ സകല അസ്വസ്ഥതയ്ക്കും കാരണം എന്റെ ഹൃദയത്തിൽ വസിക്കുന്ന ദുരാത്മാക്കളാണെന്ന്. എന്റെ ജീവിതത്തിൽ പൈശാചികശക്തി വസിക്കുന്നു എന്നും ആ ദുഷ്ടശക്തിയാണ് എന്റെ സ്വൈരം കെടുത്തിക്കളയുന്നതെന്നും എനിക്ക് നല്ലവണ്ണം മനസ്സിലായി. ഞാൻ ഹൃദയം തകർന്ന് കരഞ്ഞു. സാത്താന്റെ ബന്ധനമഴിക്കാൻ ക്രൂശിൽ മരിച്ച ക്രിസ്തുവിനോട് എന്നെ

സഹായിക്കണമെ എന്ന് വിളിച്ച് ഞാൻ അപേക്ഷിച്ചു. അപ്പോൾ ക്രിസ്തുവിന്റെ അത്ഭുതശക്തി എന്റെ ഉള്ളിലുണ്ടായിരുന്ന പൈശാചികനെ ആട്ടിപ്പായിച്ച് ക്രിസ്തു എന്റെ ഹൃദയത്തിൽ വസിച്ചു. അത്ഭുതകരമായ ശാന്തിയും സമാധാനവും എനിക്ക് ലഭിച്ചു. എന്റെ ബന്ധനങ്ങളെല്ലാം അഴിഞ്ഞ് ഞാൻ പൂർണ്ണസ്വാതന്ത്രനായെന്ന് ഞാനറിഞ്ഞു.

ബന്ധനത്തിൽ കിടന്നപ്പോൾ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടെന്തായിരുന്നു ?

ഞാൻ ക്രിസ്തുവിനോടുകൂടെത്തന്നെയാണ് എന്നായിരുന്നു എന്റെ വിശ്വാസം. ഞാൻ പ്രാർത്ഥനായോഗങ്ങളിൽ പ്രസംഗിക്കുമായിരുന്നു. പള്ളിയിൽ മുൻപന്തിയിലായിരുന്നു. ഗായക സംഘത്തിലും കോലഞ്ചേരിപള്ളിയിലെ യുവജനപ്രസ്ഥാനത്തിലും സണ്ടേസ്കൂളിലും എല്ലാം ഞാൻ മുൻപന്തിയിലായിരുന്നു. എന്നെ ഒരു നല്ല ആത്മീയനായിട്ടാണ് എല്ലാവരും കരുതിയിരുന്നത്. എന്റെ അകത്ത് ക്രിസ്തു ഇല്ലെന്ന് ഞാനും അറിഞ്ഞിരുന്നില്ല. ഒരു വലിയ ഭോഷ്ക്കിന്നടിമപ്പെട്ട് ഞാൻ ജീവിക്കുകയായിരുന്നു. ക്രിസ്തു ഉണ്ടെന്ന് ഊഹിച്ച് ഞാൻ നടക്കുകയായിരുന്നു. കാരണം പുറമെയുള്ള പാപപ്രവൃത്തികളൊന്നും എനിക്കില്ലായിരുന്നു. പക്ഷേ എന്റെ ഉള്ളിൽ വലിയ പോരാട്ടമായിരുന്നു.

ഇപ്പോഴത്തെ അനുഭവമെന്താണ് ?

ഇന്ന് വലിയൊരു സമാധാനം ഞാനനുഭവിക്കുന്നു. എന്റെ കുടുംബജീവിതം വലിയ സ്വസ്ഥതയിലാണിപ്പോൾ. ഞങ്ങൾ കുടുംബമായി ശ്രിസ്തീയ സന്തോഷത്തിൽ ഐക്യമായും സ്നേഹമായും കഴിയുന്നു. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയായി ഞാൻ

സുവിശേഷ വേല ചെയ്യുന്നു. എന്റെ ക്ലിനിക്കിൽ വരുന്ന രോഗികൾ എന്റെ ജീവിതത്തിൽകൂടെ ക്രിസ്തുവിനെ കാണണമെന്ന ലക്ഷ്യത്തോടുകൂടി ഞാൻ ജീവിക്കുന്നു. നിറഞ്ഞ സന്തോഷവും സമാധാനവും ഞാനിന്നനുഭവിക്കുന്നു.

പോരാട്ടജീവിതത്തിൽ ഡോ. ജോർജ്ജിന് കർത്താവ് ജയം നൽകി. അസ്വസ്ഥതയും ദുരിവും അന്തഃസംഘർഷവും ഉണ്ടാക്കുന്നത് പിശാചാണ്. അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനുമാണ് സാത്താൻ വരുന്നത് എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്.

കുതിരവാതിൽ പണിയുക എന്നത് ആത്മീയജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. തീർച്ചയായും ക്രിസ്തീയജീവിതത്തിൽ യുദ്ധങ്ങളുണ്ട്. നമ്മുടെ സ്വയം, ജഡം, ലോകസ്നേഹം എന്നിവയോടെല്ലാം നാം പോരാടണം. Ìപാപത്തോട് പോരാടുന്നതിൽ നിങ്ങൾ പ്രാണത്യാഗത്തോളം എതിർത്തുനിന്നിട്ടില്ല.Î എന്നത്രേ എബ്രായലേഖനർത്താവ് പറയുന്നത്. (12:4).

> Ìഇടുക്കുവാതിലിലൂടെ കടപ്പാൻ പോരാടുവിൻÎ എന്ന് നമ്മുടെ കർത്താവ് അരുളിചെയ്യുന്നു. ലൂക്കാ 13 : 24

നമ്മുടെ കർത്താവിന്റെ പ്രത്യേക കൃപയും കരുണയുമില്ലെങ്കിൽ നാമാരും പോരാട്ടജീവിതത്തിൽ ജയിക്കയില്ല. അതുകൊണ്ട് നിരന്തരം നാം കർത്താവിനോടു ചേർന്നുനില്ക്കുകയും ശത്രുവിനോടുള്ള പോരാട്ടത്തിൽ നമ്മെ ജയിപ്പിക്കുന്ന ക്രിസ്തുവിന്റെ അമിതബലത്തിൽ ആശ്രയിക്കുകയും ചെയ്യണം.

നിത്യനായ ദൈവം അരുളിച്ചെയ്യുന്നു:

[redacted]



ìനിന്നോടു പോരാടുന്നവനോടു ഞാൻ പോരാടുകയും നിന്റെ മക്കളെ രക്ഷിക്കുകയും ചെയ്യും.î

> ìയിസ്രായേലേ, കേൾക്ക. നിങ്ങൾ ഇന്ന് ശത്രുക്കളോടു പടയേൽപ്പാൻ അടുക്കുന്നു. അധൈര്യപ്പെടരുത്; പേടിക്കരുത്. നടുങ്ങിപ്പോകരുത്. അവരെ കണ്ട് ഭ്രമിക്കയും അരുത്. നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കുവേണ്ടി ശത്രുക്കളോടു യുദ്ധം ചെയ്ത് നിങ്ങളെ രക്ഷിപ്പാൻ നിങ്ങളോടുകൂടി പോരുന്നു.î ആവ. 20 : 3 - 4

പ്രിയ സ്നേഹിതാ, പോരാട്ടജീവിതത്തിൽ നീ ഒരു ജയാളിയാണോ? അതോ, നീ നിരന്തരം പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണോ? തോൽവിയുടെ കഥ മാത്രമേ നിനക്കു പറയാനുള്ളുവോ? നിന്നെ ജയിപ്പിക്കുവാനാണ് ക്രിസ്തു പരാജയപ്പെട്ടവനെപ്പോലെ ക്രൂശിൽ പിടഞ്ഞുമരിച്ചതെന്ന് നീ വിശ്വസിക്കുന്നുവോ? സകലരുടെയും നിന്ദയും ആക്ഷേപവുമേറ്റ്, തുപ്പലേറ്റ്, കന്നത്തടിയേറ്റ്, ചാട്ടവാറുകൊണ്ടുള്ള അടിയേറ്റ്, കൈകളും കാലുകളും തുളയ്ക്കപ്പെട്ട്, ക്രൂശിൽ കിടക്കുന്ന ക്രിസ്തുവിന്റെ മരണം നിന്റെ പരാജയം മാറ്റാനാണെന്ന് നീ വിശ്വസിക്കുന്നുവോ?

എങ്കിൽ ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്ന ഒരു പുതിയ ജീവിതം നീ തുടങ്ങുക. സകല പാപത്തോടും നീ യാത്ര പറയുക. കുതിരവാതിൽ പണിയുക എന്ന അനുഗ്രഹീത വേല നീ നിന്റെ അനുഭവത്തിൽ സ്വന്തമാക്കുക. നിന്റെ സമീപത്തു നില്ക്കുന്ന ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിന്റെ ഭാവി നീ ഏല്പിച്ചുകൊടുക്കുക. ഒരു പുതിയ ജയജീവിതം നീ തുടങ്ങുക.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പതിമൂന്ന്

ìയരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു.î
നെഹമ്യാവ്. 1 : 3

ìഎന്റെ പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നത് എങ്ങനെ?î നെഹമ്യാവ്. 2 : 3

ഒൻപതാമത്തെ വാതിൽ കിഴക്കെ വാതിലാണ്. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്നതാണ് കിഴക്കെ വാതിൽ.

ìമിന്നൽ കിഴക്കുനിന്നു പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും.î എന്ന് കർത്താവ് തന്റെ രണ്ടാമത്തെ വരവിനെപ്പറ്റി മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. മത്തായി 24 : 27

ìഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ

[redacted]



പോയി. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.Î എന്ന് യോഹ. 14:2-3ൽ നാം വായിക്കുന്നു. ക്രിസ്തു തന്റെ പുനരാഗമനത്തെ മുന്നമേ സൂചിപ്പിക്കുകയാണ്.

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റി സെ. പോൾ പല പ്രാവശ്യം ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്.

Ìകർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും.Î 1 തെസ്സ. 4 : 16 - 18

Ìനമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു, അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു.Î
ഫിലിപ്യർ 3 : 20

Ìകർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതൻമാരുമായി സ്വർഗ്ഗത്തിൽനിന്ന് അഗ്നി ജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്ത വർക്കും പ്രതികാരം കൊടുക്കും.Î
2 തെസ്സ. 1 : 6 - 8

ìനാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ടും.î തീത്തോസ് 2 : 12

ìഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമത് പ്രത്യക്ഷനാകും.î

എബ്രായർ 9 : 27 - 28

അപ്പോസ്തോലനായ യാക്കോബ് തന്റെ ലേഖനത്തിൽ കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

ìകർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു.... ഇതാ ന്യായാധാപതി വാതിൽക്കൽ നില്ക്കുന്നു.î

യാക്കോബ് 5 : 8 - 9

പത്രോസ് പറയുന്നു:

ìആകയാൽ നിങ്ങളുടെ മനസ്സുറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ.î

1 പത്രോസ് 1 : 13

ìക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിങ്കൽ

[redacted]



ഉല്ലസിച്ചാനന്ദിപ്പാൻ ഇട വരും.Ì 1 പത്രോസ് 4 : 13

Ìഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും.Ì
1 പത്രോസ് 5 : 4

Ìചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും.Ì
2 പത്രോസ് 3 : 9 - 10

യോഹന്നാന്റെ ലേഖനത്തിൽ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് നോക്കുക:

Ìപ്രിയമുള്ളവരെ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെതന്നേ കാണുന്നതാകകൊണ്ട് അവനോട് സദൃശൻമാർ ആകും എന്ന് നാം അറിയുന്നു.Ì 1 യോഹ. 3 : 2

യൂദാ, തന്റെ ലേഖനത്തിൽ പറയുന്നു:

Ìആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ച്: ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല

57

> നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധൻമാരോടുകൂടെ വന്നിരിക്കുന്നു എന്നു പ്രവചിച്ചു.Ì യൂദാ 14 : 15

വേദപുസ്തകത്തിന്റെ ഒടുവിലത്തെ ഗ്രന്ഥമായ വെളിപാടു പുസ്തകത്തിൽ ക്രിസ്തു തന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് അനേകം പ്രാവശ്യം പറഞ്ഞിരിക്കുന്നു.

> Ìഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജകാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ.Ì വെളിപ്പാട് 16 : 15

> Ìഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. ഇത് സാക്ഷീകരിക്കുന്നവൻ: അതേ, ഞാൻ വേഗം വരുന്നു എന്നരുളിച്ചെയ്യുന്നു; ആമേൻ, കർത്താവായ യേശുവേ, വരേണമെ.Ì വെളിപ്പാട് 22 : 12 – 20

യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുങ്ങാനുള്ള ആഹ്വാനമാണ് കിഴക്കെ വാതിൽ നൽകുന്നത്. ക്രിസ്തുവിന്റെ ഒന്നാമത്തെ വരവ് പാപികളെ രക്ഷിക്കാനാണെങ്കിൽ, രണ്ടാമത്തെ വരവ് പരിശുദ്ധൻമാരെ ചേർക്കാനാണ്.

ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെളുപ്പിച്ചവരാണ് രണ്ടാമത്തെ വരവിൽ ക്രിസ്തുവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെടുന്നത്. അതാണ് വെളിപ്പാടു പുസ്തകം ഇരുപത്തിരണ്ടാം അദ്ധ്യായത്തിൽ പറയുന്നത്.

[redacted]

“ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാൻമാർ. നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതൻമാരും ബിംബാരാധികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തു തന്നേ.” വെളിപ്പാട് 22 : 12 - 15

യേശുക്രിസ്തു രണ്ടാമത് വരുമെന്ന് ചിന്തിക്കുകപോലും ചെയ്യാതെ, ആത്മാവിന്റെ കാര്യമൊന്നും അറിയാതെ കഴിഞ്ഞിരുന്ന ഒരാളാണ് ചെങ്ങന്നൂർ സ്വദേശിയായ ശ്രീ. മാത്യു ഫിലിപ്പ്. ഉന്നത കുടുംബത്തിൽ ജനിച്ച് നല്ല സുഭിക്ഷമായ സാഹചര്യത്തിൽ വളർന്നുവന്ന ബാബുക്കുട്ടന്റെ ജീവിതത്തിൽ യേശു രണ്ടാമത് വരുമെന്ന വിശ്വാസം ഉണ്ടായതെങ്ങനെ എന്ന് ഇപ്പോൾ ചോദിച്ചറിയാം.

ബാബുക്കുട്ടന്റെ മാനസാന്തരത്തിനു മുമ്പുള്ള ജീവിത സാഹചര്യങ്ങൾ ഒന്ന് വിവരിക്കാമോ?

ഞാൻ ജനിച്ചത് ചെങ്ങന്നൂര് മുളക്കുഴയാണ്. എന്റെ പിതാവിന്റെ ജോലി എറണാകുളത്തായതുകൊണ്ട് ഞങ്ങൾ കുടുംബമായി എറണാകുളത്താണ് താമസിച്ചിരുന്നത്. ഒരു നല്ല സമ്പൽസമൃദ്ധിയുള്ള കുടുംബമാണ് ഞങ്ങളുടേത്. എന്റെ മാതാപിതാക്കൾ നല്ല ചിട്ടയായും കർശനമായും എന്നെ വളർത്തി.

പള്ളിയിൽപോക്ക്, നോമ്പ്, നമസ്ക്കാരം എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം ആചാരമായിട്ട് അനുഷ്ഠിച്ചിരുന്നെങ്കിലും എനിക്ക് യാതൊരു ഭക്തിയും ദൈവഭയവും ഉണ്ടായിരുന്നില്ല. ഒരു തികഞ്ഞ ലൗകികനായി ഞാൻ ജീവിച്ചു. യേശു ഉണ്ടെന്നോ, യേശു ക്രൂശിൽ മരിച്ചതിന്റെ അർത്ഥമെന്താണെന്നോ യേശു വീണ്ടും വരുമെന്നോ ഒന്നും എനിക്കറിഞ്ഞുകൂടായിരുന്നു.

ഞാൻ ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ ഡിഗ്രിക്ക് പഠിക്കാൻ കോളേജ് ഹോസ്റ്റലിലാണ് താമസിച്ചത്. മദ്യപാനം, വെറിക്കൂത്ത്, ചീത്തകൂട്ടുകെട്ട് മുതലായവകൊണ്ട് അക്കാലത്ത് എന്റെ ജീവിതം താറുമാറായി. തിന്നുക, കുടിക്കുക, ആനന്ദിക്കുക - ഇതായിരുന്നു എന്റെ ജീവിതലക്ഷ്യം. അക്കാലത്ത് കൂട്ടുകാരുമൊത്ത് മദ്യപിച്ച് റോഡരികിൽ ഞാൻ കിടന്നിട്ടുണ്ട്.

മാനസാന്തരത്തിലേക്ക് വന്നതെങ്ങനെയാണ്?

ഒരു ദിവസം വളരെ യാദൃശ്ചികമായി ഞാൻ കോലഞ്ചേരിയിൽ ഒരു പ്രാർത്ഥനായോഗത്തിനു വന്നു. എന്റെ അപ്പനും അമ്മയും ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽവന്ന് വചനം കേട്ട് ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചവരായിരുന്നു. അവരുടെ പ്രേരണകൊണ്ടാണ് ഞാനാ പ്രാർത്ഥനായോഗത്തിന് പോയത്.

അന്നു കേട്ട വചനം എന്റെ ഉള്ളത്തെ കീറിമുറിച്ചു. ഞാൻ തകർന്നു കരഞ്ഞു. തിരികെ വീട്ടിലെത്തിയിട്ടും ഞാൻ തന്നത്താനിരുന്ന് കരഞ്ഞു. എന്റെ ജീവിതത്തിലെ പാപങ്ങളോരോന്നും ഓർത്ത് ഞാൻ കരഞ്ഞു. ജീവിതമാകെ ഞാൻ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുത്തു. ക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതാവുമായി ഞാൻ

സ്വീകരിച്ചു.

അതിനെ തുടർന്നുള്ള അനുഭവമെന്തായിരുന്നു?

എന്റെ ചീത്ത കൂട്ടുകെട്ടെല്ലാം മാറി. ദുശ്ശീലങ്ങളെല്ലാം നീങ്ങി. സിനിമയും മദ്യപാനവുമെല്ലാം ദൂരെ മാറി. എന്തോ, പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരു ശാന്തിയും സ്വസ്ഥതയും എനിക്കു ലഭിച്ചു. ഞാനൊരു പുതിയ മനുഷ്യനായി.

ഭാഗ്യമെന്ന് പറയട്ടെ, ദൈവഭയമുള്ള ഒരു പെൺകുട്ടിയെ ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽനിന്ന് എനിക്ക് ഭാര്യയായി ലഭിച്ചു. വിവാഹശേഷം കൂട്ടായ്മയോടുള്ള അടുപ്പവും വചനത്തോടുള്ള ദാഹവും നിമിത്തം ഈ ദേശത്തുതന്നെ ഒരു സ്ഥിരതാമസക്കാരനാകാൻ കർത്താവ് സംഗതിയാക്കി.

ക്രിസ്തു ആരാണെന്നുപോലും അറിയാതിരുന്ന എനിക്ക് ക്രിസ്തു പ്രാണസഖിയാണ്. ക്രിസ്തു ഇന്ന് എന്റെ പ്രമോദമാണ്. ക്രിസ്തുവിന്റെ സാക്ഷിയാകുന്നതിൽ ഞാൻ അഭിമാനിക്കുന്നു. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഞാൻ നോക്കിപ്പാർക്കുന്നു. ഹൃദയപാപങ്ങൾ മാറി ഒരു രഹസ്യ വിശുദ്ധനായി ദൈവനാമ മഹത്ത്വത്തിനുവേണ്ടി ചെലവഴിക്കപ്പെടാൻ എന്റെ ഭാവി ഞാൻ ദൈവകരങ്ങളി ലേല്പിച്ചിരിക്കയാണ്.

ബാബുക്കുട്ടനെ മാനസാന്തരത്തിലേക്ക് നടത്തി ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായൊരുക്കി ക്കൊണ്ടിരിക്കുന്ന ക്രിസ്തു ഇന്നും ജീവിക്കുന്നു. പ്രിയ സ്നേഹിതാ, ക്രിസ്തുവിന്റെ വരവിനായി നീ ഒരുങ്ങിയോ? കാഹളശബ്ദം കേൾക്കുമ്പോൾ നീ പറന്നുയരുമോ? അതിനായി സ്തുതിയുടെ ചിറക് നിനക്ക് ലഭിച്ചുവോ? ദൈവത്തിന്റെ

[redacted]

പരിശുദ്ധാത്മാവ് നിന്നെ രൂപാന്തരപ്പെടുത്തിയോ?

യെഹസ്കേൽ പ്രവചനം 9, 10, 11 അദ്ധ്യായങ്ങളിൽ യരുശലേം ദേവാലയത്തിലുണ്ടായിരുന്ന ദൈവമഹത്ത്വം പടിപടിയായി ആലയത്തിൽനിന്നകന്നുപോകുന്നതായി കാണുന്നു. കിഴക്കേ ഗോപുരത്തിൽകൂടിയാണ് ദൈവമഹത്ത്വം പൊയ്പോകുന്നത്.

> ഒന്നാമതായി, Ìയിസ്രായേലിന്റെ ദൈവത്തിന്റെ മഹത്ത്വം, അത് ഇരുന്നിരുന്ന കെരൂബിൻമേൽ നിന്ന് ആലയത്തിന്റെ ഉമ്മരപ്പടിയ്ക്കൽ വന്ന് ഇരുന്നു.Î
> യെഹ. 9 : 3, 10 : 4

> രണ്ടാമതായി, Ìയഹോവയുടെ മഹത്ത്വം ആലയത്തിന്റെ ഉമ്മരപ്പടി വിട്ട് പുറപ്പെട്ട് കെരൂബുകളിൻമീതെ വന്നുനിന്നു. എല്ലാം കൂടെ യഹോവയുടെ ആലയത്തിന്റെ കിഴക്കേ പടിവാതിൽക്കൽ ചെന്നുനിന്നു.Î 10 : 18 - 19

> മൂന്നാമതായി, Ìയഹോവയുടെ മഹത്ത്വം നഗരത്തിന്റെ നടുവിൽനിന്ന് മേലോട്ടു പൊങ്ങി നഗരത്തിന്ന് കിഴക്കുവശത്തുള്ള പർവ്വതത്തിൻമേൽ നിന്നു.Î 11 : 23

എന്നാൽ നാല്പത്തിമൂന്നാം അദ്ധ്യായം ഒന്നുമുതൽ അഞ്ചുവരെ വാക്യങ്ങളിൽ നാം കാണുന്നു, യഹോവയുടെ മഹത്ത്വം കിഴക്കെ ഗോപുരം വഴിയായി തിരികെ വന്നു എന്ന്.

> Ìയിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സ് കിഴക്കുവഴിയായി വന്നു...... യഹോവയുടെ തേജസ്സ് കിഴക്കോട്ടു ദർശനമുള്ള ഗോപുരത്തിൽകൂടി

[redacted]



ആലയത്തിലേക്ക് പ്രവേശിച്ചു.I    യെഹ. 43 : 2 - 5

മഹത്ത്വം പോയിരുന്ന ആലയത്തിലേക്ക് ദൈവമഹത്ത്വം തിരികെ പ്രവേശിച്ചു. കിഴക്കെ ഗോപുരം തേജസ്സ് തിരികെ വരുന്നതിനെയും സൂചിപ്പിക്കുന്നു.

മാന്യ ദൈവപൈതലേ, ഇന്ന് നിന്നിൽ ദൈവതേജസ്സുണ്ടോ? പാപം മൂലം നീ ദൈവതേജസ്സ് നഷ്ടപ്പെടുത്തിയിരിക്കുകയല്ലേ? നിന്റെ അകൃത്യങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിച്ച് ഒരു പുതിയ ജീവിതം ഇന്നുമുതൽ നീ നയിക്കുമെങ്കിൽ, ഇപ്പോൾത്തന്നെ ദൈവതേജസ്സ് നിന്റെമേൽ ഇറങ്ങും.

ദൈവതേജസ്സ് തിരികെ ലഭിക്കണമെന്ന് നിനക്കാഗ്രഹമുണ്ടോ? എങ്കിൽ നിന്റെമേൽ അവകാശം പറയുന്ന അന്ധകാരശക്തികളോട് നീ യാത്ര പറയുക. നിന്റെ നാളിതുവരെയുള്ള ജീവിതത്തിലെ സകലപാപങ്ങളെയും നീ അനുതാപത്തോടെ ഏറ്റുപറയുക. ഈ നിമിഷം തന്നെ മഹാപരിശുദ്ധനായ ക്രിസ്തുവിനെ നിന്റെ ഹൃദയത്തിലേക്ക് നീ എതിരേൽക്കുക. ഈ നിമിഷം മുതൽ ഒരു പുതിയ ജീവിതം നീ ആരംഭിക്കുക. മകനേ, പ്രിയ മകളേ, നിന്നിൽനിന്നുകൊണ്ട് കർത്താവ് ചില വൻ കാര്യങ്ങൾ നിവർത്തിക്കട്ടെ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

70

## പതിനാല്

ìയരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു.î
നെഹമ്യാവ്. 1 : 3

ìഎന്റെ പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നത് എങ്ങനെ?î നെഹമ്യാവ്. 2 : 3

പത്താമത്തെ വാതിൽ ഹമ്മിഫ്ഖാദ് വാതിലാണ്. അത് ന്യായവിധിയുടെ വാതിലാണ്. ഹമ്മിഫ്ഖാദ് വാതിൽ ദൈവത്തിന്റെ ന്യായവിധിയെ സൂചിപ്പിക്കുന്നു. Living Bible -ൽ ഈ വാതിലിന് കൊടജത്തിരിക്കുന്ന പേര് Mustering gate എന്നാണ് - പരിശോധനയുടെ വാതിൽ എന്നുതന്നെ അർത്ഥം.

എബ്രായഭാഷയിലുള്ള ഒരു പദമാണ് ëMiphkadí. അതിന്റെ അർത്ഥം account (കണക്കിടുക), mustering (പരിശോധിക്കുക)

എന്നെല്ലാമാണ്. പടയാളികളെ പരിശോധിക്കാനായി നിരനിരയായി നിറുത്തുക എന്ന ആശയമാണ് ഈ പദത്തിനുള്ളത്. ഒരു ദിവസം ദൈവം എല്ലാവരേയും ന്യായം വിധിക്കാനായി വിളിച്ചുകൂട്ടുമെന്നുള്ള കാര്യമാണ് ഹമ്മിഫ്ഖാദ് വാതിൽ സൂചിപ്പിക്കുന്നത്.

അന്തിമന്യായവിധിയിൽ ആബാലവൃദ്ധം സകല മനുഷ്യരും ദൈവസിംഹാസനത്തിന്റെ മുമ്പിൽ നില്ക്കും. അതിനെക്കുറിച്ച് വെളിപാടു പുസ്തകത്തിൽ പറയുന്നു.

> ìഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവർത്തിക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതികാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.ì
>
> വെളിപ്പാട് 20 : 11 - 15

[redacted]

അപ്പോസ്തോലനായ പൗലോസ് ന്യായവിധിയെക്കുറിച്ച് കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ പറയുന്നുണ്ട്:

> ìഅവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.î 2 കൊരിന്ത്യർ 5 : 10
>
> ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് യാക്കോബ് പറയുന്നത് ìഇതാ, ന്യായാധിപതി വാതില്ക്കൽ നില്ക്കുന്നുî എന്നാണ്.
>
> യാക്കോബ് 5 : 9
>
> പൗലോസ് എബ്രായലേഖനത്തിൽ പറയുന്നു, ìഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു.î
>
> എബ്രായർ 9 : 27 - 28

എപ്പോഴും ഓർത്തിരിക്കേണ്ട നാലു കാര്യങ്ങൾ: ഒന്ന്, മരണം; രണ്ട്, ന്യായവിധി; മൂന്ന്, സ്വർഗ്ഗം; നാല് നരകം എന്നിവയാണെന്ന് പിതാക്കൻമാർ പറഞ്ഞിട്ടുണ്ട്.

എല്ലാ മനുഷ്യരും നേരിടുന്ന ഒരു യാഥാർത്ഥ്യമാണ് മരണം. മരണം ആർക്കും ഒഴിവാക്കാൻ സാദ്ധ്യമല്ല. എപ്പോഴാണ്, എങ്ങനെയാണ് എന്നു മാത്രമറിയുന്നില്ല.

ലോകത്തിൽ ഏതു കാര്യത്തിനും സംശയങ്ങളുണ്ട്. പരീക്ഷ പാസ്സാകുമോ? പക്ഷേ, പാസ്സാകും. ജോലിക്കുവേണ്ടി application കൊടുത്തല്ലോ? ജോലി കിട്ടുമോ? പക്ഷേ കിട്ടിയേക്കാം. ഈ ചികിത്സകൊണ്ട് രോഗം മാറുമോ? പക്ഷേ,

മാറുമായിരിക്കാം. ഉറപ്പില്ല. ലോകത്തിലെ ഏതു കാര്യത്തെക്കുറിച്ച് പറഞ്ഞാലും ഉറപ്പോടെ പറയാൻ പറ്റുകയില്ല.

എന്നാൽ മരണത്തെക്കുറിച്ച് നല്ല ഉറപ്പാണ്. മരിക്കുമോ? ഉവ്വ്; തീർച്ചയായും മരിക്കും.

അതുപോലെ ഉറപ്പായ ഒരു കാര്യമത്രേ ന്യായവിധി. Ìഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയുംÎ എന്നാണല്ലോ തിരുവെഴുത്ത് പറയുന്നത്.

സ്നേഹിതാ, ന്യായവിധിയെ അഭിമുഖീകരിപ്പാൻ നീ ഒരുങ്ങിയോ? ശിക്ഷാവിധിയിൽ നിന്ന് മോചനം പ്രാപിക്കാൻ നീ കൊതിക്കുന്നുണ്ടോ? നിത്യശിക്ഷാവിധിദിവസത്തിൽ, Ìശപിക്കപ്പെട്ടവരേÎ എന്നുള്ള വിളികേൾക്കാൻ നമുക്കാർക്കും സംഗതിയാകരുതേ.

> Ìശപിക്കപ്പെട്ടവരെ, എന്നെ വിട്ട് പിശാചിനും അവന്റെ ദൂതൻമാർക്കും ഒരുക്കയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻÎ (മത്തായി 25 : 41) എന്ന കഠോരശബ്ദം കേൾപ്പാൻ നമുക്കാർക്കും സംഗതിയാകരുത്.
>
> Ìനല്ലവനും വിശ്വസ്തനുമായ ദാസനെÎ എന്ന വിളി നമ്മുക്ക് കേൾക്കണം. Ìഎന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊള്ളുവിൻ.Î മത്തായി 25 : 34, എന്ന ഇമ്പനാദം നാഥന്റെ അധരങ്ങളിൽനിന്ന് നമ്മുക്ക് കേൾക്കണം.

ക്രിസ്തു ഒരിക്കൽ പറഞ്ഞു:

[redacted]

> Ìഎന്റെ വചനം കേട്ട്, എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്ന് നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിലാകാതെ മരണത്തിൽനിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു.Ì യോഹ 5 : 24

അപ്പോസ്തോലനായ പൗലോസ് എഴുതി:

> Ìഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല.Ì റോമർ 8 : 1

ഇന്നുതന്നെ ശിക്ഷാവിധിയിൽനിന്ന് ഒഴിവുള്ളവരാകുവാൻ സാധിക്കും. ഒരേ ഒരു കാര്യം മാത്രം ചെയ്താൽ മതി.

ക്രിസ്തുവിനെ വിശ്വസിക്കുക. ക്രിസ്തുവിലായിത്തീരുക. അത്രമാത്രമേ വേണ്ടൂ. ക്രിസ്തുവിൽ ആയിത്തീരുവാൻ ക്രിസ്തുവിൽ വിശ്വസിക്കുക. സമ്പൂർണ്ണമായി ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് സമർപ്പിക്കുക.

ക്രിസ്തുവിൽ വിശ്വസിച്ച് ക്രിസ്തുവിനായി ജീവിതം സമർപ്പിച്ച് ന്യായവിധിയുടെ ഭയാനകമായ സ്വാധീനത്തിൽനിന്ന് രക്ഷ പ്രാപിച്ച ഒരാളാണ് കാർഷിക വികസനബാങ്കിന്റെ മാനേജരായ മത്തായി കറുകപ്പിള്ളി. മത്തായി ഈ ഭാഗ്യകരമായ അനുഭവം പ്രാപിച്ചതെങ്ങനെയെന്ന് ഇപ്പോൾ ചോദിച്ചറിയാം.

മത്തായിയുടെ ജീവിതത്തിലെ പഴയ കാലം ഒന്ന് വിവരിക്കാമോ?

കോലഞ്ചേരി അടുത്ത് കറുകപ്പിള്ളിയിൽ ഒരു പാവപ്പെട്ട യാക്കോബായ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. ചോർന്നൊലിക്കുന്ന വീട്; പലപ്പോഴും അരപ്പട്ടിണി; പണത്തിന് കലശലായ ഞെരുക്കം എന്നിങ്ങനെ വളരെ കഷ്ടപ്പെട്ടിരുന്ന ഒരു പഴയ കാലമാണ് ഞാനോർക്കുന്നത്.

[redacted]



യൗവനപ്രായം ആരംഭിച്ചതോടുകൂടി മദ്യപാനം, വെറികൂത്ത്, സിനിമ മുതലായ ഹീനമായ ദുശ്ശീലങ്ങൾക്ക് ഞാൻ അടിമയായിരുന്നു. കഷ്ടപ്പെട്ട്, അദ്ധ്വാനിച്ച്, ഞങ്ങൾ ആറുമക്കളെയും പോറ്റിപ്പുലർത്തിയിരുന്ന മാതാപിതാക്കളെ ഞാൻ ബഹുമാനിച്ചിരുന്നില്ല. എന്റെ ഹൃദയം മുഴുവൻ അശുദ്ധ ചിന്തകൊണ്ടും മ്ലേച്ഛമായ ആഗ്രഹങ്ങൾകൊണ്ടും നിറഞ്ഞിരുന്നു. ഭയങ്കരമായ കോപം, ശാഠ്യസ്വഭാവം, പിടിവാശി എന്നീ ദുസ്വഭാവങ്ങൾ എന്നിലുണ്ടായിരുന്നു. പക്ഷേ അതൊന്നും പാപമാണെന്നുപോലും ഞാൻ ചിന്തിച്ചിരുന്നില്ല.

ഞാൻ പള്ളി മദ്ബഹായിലെ ശുശ്രൂഷകനായിരുന്നു; സണ്ടേസ്കൂൾ അദ്ധ്യാപകനായിരുന്നു; പള്ളിയിലെ സുവിശേഷപ്രവർത്തകനായിരുന്നു; പള്ളി മാനേജിംഗ് കമ്മറ്റി അംഗമായിരുന്നു. അങ്ങനെ ഒരാത്മീയനെന്ന് ഞാൻ അഭിമാനിച്ചു നടന്നിരുന്നു. പക്ഷേ, എന്റെ രഹസ്യ ജീവിതം സംപൂർണ്ണമായി അശുദ്ധമായിരുന്നു.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

എന്റെ നാല്പത്തിനാലാമത്തെ വയസ്സിൽ ഒരു വലിയ മഹാത്ഭുതം എന്റെ ജീവിതത്തിലുണ്ടായി. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ ഒരു യോഗത്തിൽ വന്ന് തിരുവചനം കേൾക്കാനെനിക്കിടയായി. അന്നു ഞാൻ എന്റെ സ്രഷ്ടാവിന്റെ ശബ്ദം കേട്ടു. ക്രൂശിൽ മരിച്ച ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നെനിക്ക് അനുഭവമായി.

ആഭിചാരപ്രവൃത്തികൾ, മന്ത്രവാദം മുതലായ ചില ബന്ധനങ്ങൾ തലമുറകളായി എന്റെമേലുണ്ടെന്ന് എനിക്ക് മനസ്സിലായി. ആചാരങ്ങളും അനുഷ്ഠാനങ്ങളും അബദ്ധജടിലമായ ധാരണകളും അന്ധവിശ്വാസങ്ങളും എല്ലാം

[redacted]

എന്നിൽ സ്വാധീനം ചെലുത്തിയിരുന്നു എന്ന് ഞാൻ തിരിച്ചറിഞ്ഞു. അശുദ്ധിയും വിശുദ്ധിയും ഒരുമിച്ചുകൊണ്ടുപോകാൻ സാദ്ധ്യമല്ലെന്ന് എനിക്ക് മനസ്സിലായി. എന്റെ പാപങ്ങൾക്കുള്ള പരിഹാരം ക്രിസ്തുവിന്റെ രക്തത്താൽ ഈ ആയുസ്സിൽവെച്ച് നേടിയില്ലെങ്കിൽ ഒരു ഭയാനക ന്യായവിധിയെ ഞാൻ നേരിടേണ്ടിവരുമെന്ന് ഞാൻ ആ വചനശുശ്രൂഷയിൽ കേട്ടു. ഈ ഭൂമിയിൽ വെച്ചുതന്നെ എന്റെ ബന്ധനങ്ങളെ അഴിക്കാനാണ് ക്രിസ്തു കുറ്റമില്ലാത്ത രക്തം ചിന്തി ക്രൂശിൽ പിടഞ്ഞു മരിച്ചതെന്നും എന്റെ ആന്തരീകബന്ധനങ്ങളഴിഞ്ഞാൽ നിത്യശിക്ഷാവിധി ഒഴിവാകുമെന്നും എനിക്ക് മനസ്സിലായി.

ഞാൻ ഉള്ളുരുകി കരഞ്ഞുകൊണ്ട് ആ വചനശുശ്രൂഷയുടെ ഒടുവിൽ ।കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വക। എന്നു ദൃഢമായ പ്രതിജ്ഞ എടുത്തു; വെള്ളതേച്ച ശവക്കല്ലറപോലുള്ള ഞാൻ മറ്റുള്ളവരുടെ മുമ്പിൽ നല്ലവനായി ഭാവിച്ചു ജീവിച്ചു. അകം ദുർഗ്ഗന്ധം നിറഞ്ഞവനായ ഞാൻ എന്റെ ഹൃദയത്തിലേക്ക് യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

പിന്നീടുണ്ടായ അനുഭവമെന്താണ്?

വലിയ ഒരു ശാന്തിയും സമാധാനവും എന്റെ ഹൃദയത്തിലേക്ക് കടന്നുവന്നു. മതപരിവർത്തനമല്ല, മനഃപരിവർത്തനമാണിന്നാവശ്യം, സമുദായം മാറുകയല്ല വേണ്ടത്, ഹൃദയം മാറുകയാണ് വേണ്ടത് എന്ന് സാറ് ആവർത്തിച്ചുപറഞ്ഞുകൊണ്ടിരുന്നത് എനിക്കൊരു പുതിയ കാഴ്ചപ്പാടുണ്ടാക്കി. ഞാൻ അടുത്തു വന്നറിഞ്ഞപ്പോൾ എനിക്കു നല്ലവണ്ണം മനസ്സിലായി, ഈ കൂട്ടായ്മക്കൊരു സ്ഥാപിത താല്പര്യവുമില്ലെന്ന്. അതുകൊണ്ടു തന്നെ ഈ

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിനോട് ചേർന്നു നിന്ന് പ്രവർത്തിക്കണമെന്ന് ഞാനുറച്ചു.

ഇന്നുള്ള അനുഭവമെന്താണ്?

ഞാൻ ജീവിതം കർത്താവിനു സമർപ്പിച്ചതിന്റെശേഷം കുടുംബത്തിൽ പട്ടിണിയും ദുരിതവും മാറി. കോപവും വാശിയും എല്ലാം മാറി. അകത്തുള്ള അശുദ്ധചിന്തകളും, മ്ലേച്ഛമോഹങ്ങളും മാറി. എന്റെ കപടഭക്തി, ദ്രവ്യാഗ്രഹം, സ്വയപ്രശംസ, അഹങ്കാരം, സ്വാർത്ഥത എന്നിവ എന്നെ നശിപ്പിക്കുന്ന പാപങ്ങളാണെന്ന് മനസ്സിലാക്കി, സമ്പൂർണ്ണമായ ഒരു ശുദ്ധീകരണം ലഭിക്കാൻ ഞാനതിയായി ആഗ്രഹിച്ച് ജീവിക്കുകയാണ്.

ഒരു ബാങ്കിന്റെ മാനേജർ എന്ന നിലയിൽ വളരെ മാന്യമായ ഒരു ജീവിതം നയിക്കുന്ന മി.മത്തായിയുടെ ജീവിതത്തിൽ വന്ന വ്യതിയാനം അത്യന്തം ശ്രദ്ധേയമാണ്. ഈ ഭൗതീകജീവിതം കൊണ്ട് എല്ലാം തീരുകയല്ല; ഒരു ന്യായവിധിയെ നാം നേരിടേണ്ടി വരും എന്ന് തിരിച്ചറിയാനും ക്രിസ്തുവിനെ സ്വന്തം കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് നിത്യശിക്ഷാവിധിയിൽ നിന്ന് മോചനം നേടാനും പ്രിയപ്പെട്ട മത്തായിക്കു കഴിഞ്ഞു.

മാന്യ സ്നേഹിതാ, ന്യായവിധി നിനക്ക് ഒഴിവായോ? നീ ഏല്ക്കേണ്ട ശിക്ഷ ക്രിസ്തു ക്രൂശിൽ വഹിച്ചു എന്ന് നീ വിശ്വസിക്കുന്നുവോ? രക്ഷയുടെ സന്തോഷം കൊണ്ട് നിന്റെ ഉള്ളം തുടിക്കുന്നുവോ?

കുറ്റവാളിയായ ഒരു മനുഷ്യൻ കാരാഗൃഹത്തിൽ കിടക്കുകയായിരുന്നു. കൊലപാതകം ചെയ്തതിന് ശിക്ഷ വിധിക്കപ്പെട്ട് തൂക്കിക്കൊല്ലുമെന്ന് വിധിച്ചതിനുശേഷം നിരാശയോടും അമർഷത്തോടുംകൂടി ജയിലിൽ കഴിയുകയാണ്. തൂക്കിക്കൊല്ലുന്നത് എന്നാണെന്നു മാത്രമേ അറിയാനുള്ളൂ.

ഏതാനും ദൈവമക്കൾ യേശുക്രിസ്തുവിന്റെ രക്ഷയുടെ സുവിശേഷം പറയാനായി ജയിലഴികൾക്കു പുറത്തു നിന്നു. അവനതൊന്നും കേൾക്കണ്ട. അവൻ അസഭ്യവാക്കുകൾകൊണ്ട് അവരെ പിന്തിരിപ്പിക്കാൻ നോക്കി. അവൻ അലറുകയും കോപാക്രാന്തനായി അവരെ ചീത്തവിളിക്കുകയും ചെയ്തു. അവർ ഒരു വേദപുസ്തകം അവന്റെ നേരെ നീട്ടി. അവൻ അത് വലിച്ചു കീറി എറിഞ്ഞു. കടലാസുകൾ കുറെ അകത്തും കുറെ പുറത്തുമായി തൂകിക്കിടന്നു. അവർ ഒരു നിമിഷം പ്രാർത്ഥിച്ചിട്ട് അവിടെനിന്നു പോയി.

അന്നു രാത്രി അവൻ ഉറങ്ങാൻ കിടന്നു. ഉറക്കത്തിൽ വളരെ മനോഹരമായ ഒരു സ്വപ്നം അവൻ കണ്ടു. അതിമനോഹരമായ ഒരു സ്ഥലം. കണ്ണിനിമ്പമരുളുന്ന ലതാനികുഞ്ജങ്ങളും കുസുമ മഞ്ജരികളും അവനവിടെ കണ്ടു. അവനങ്ങോട്ടുനോക്കി നിൽക്കേ ഒരാൾ അവിടെ നിന്ന് അവനെ മാടിവിളിക്കുന്നു.

ആരാണത്? അതെന്റെ അമ്മയല്ലേ? അതേ, എന്റെ അമ്മതന്നെ. അമ്മ അവനെ കൈമാടി വിളിക്കയാണ്. അവനോർത്തു, എന്റെ അമ്മ മരിച്ചുപോയല്ലോ. വിധവയായ എന്റെ അമ്മയെ ഞാനെന്തു വേദനിപ്പിച്ചതാണ് ! അമ്മ എനിക്കുവേണ്ടി എന്തുമാത്രം കരഞ്ഞു പ്രാർത്ഥിച്ചിട്ടുണ്ട് ! അന്ന് എനിക്കമ്മയെ പുച്ഛമായിരുന്നു. അമ്മയെ ചീത്തവിളിക്കുകയും ഉപദ്രവിക്കുകയും ഒക്കെ ഞാൻ ചെയ്തിട്ടുണ്ട്. അമ്മ മരിച്ച് ഇപ്പോൾ സ്വർഗ്ഗത്തിലാണല്ലോ. അങ്ങോട്ട് അമ്മ എന്നെ വിളിക്കുകയാണല്ലോ.

അവൻ അങ്ങോട്ട് അമ്മയുടെ അടുത്തേക്ക് ചെല്ലാൻ നടന്നു തുടങ്ങി. പെട്ടെന്നിതാ, ഒരു വലിയ മതിൽ. കറുത്തിരുണ്ട മതിൽ. അതങ്ങുയരുകയാണ്. അയ്യോ കഷ്ടം ! എനിക്കപ്പുറത്തു

കടക്കാനാവില്ലല്ലോ. അമ്മയെ ഇപ്പോൾ കാണാനും വയ്യ. മതിലിൽ പെട്ടെന്നിതാ ഒരു തുള്ളി രക്തം ! അത് വീണിടത്ത് മതിലങ്ങലിഞ്ഞില്ലാതെയായി. ഇതാ നിമിഷങ്ങൾക്കുള്ളിൽ മതിൽ മുഴുവനും മാറിപ്പോയി.

അവനങ്ങോട്ട് കടക്കാൻ തുടങ്ങുകയായിരുന്നു; പെട്ടെന്ന് ഉറക്കം തെളിഞ്ഞു. സ്വപ്നവും തീർന്നു. എന്താണിതിന്റെ അർത്ഥം? അവൻ ഓർത്തു, കറുത്ത മതിൽ എന്റെ പാപംകൊണ്ട് കറുത്തിരുണ്ട ജീവിതമാണ്. എനിക്ക് സ്വർഗ്ഗത്തിലെത്താൻ ഒരു സാദ്ധ്യതയുമില്ല. എന്നാൽ ആ ഒരു തുള്ളി രക്തം വീണ് മതിൽ അലിഞ്ഞുതീർന്നുപോയതെന്താണ്? അതിന്റെ കാര്യം മനസ്സിലാകുന്നില്ലല്ലോ. കഷ്ടം ! ആ നല്ല മനുഷ്യർ ഇന്നു പകൽ വന്നു പറഞ്ഞുതന്നതൊക്കെ കേൾക്കാമായിരുന്നു. അവർ തന്ന പുസ്തകവും കീറി വലിച്ചെറിഞ്ഞുപോയല്ലോ. അവൻ ലൈറ്റു തെളിച്ചു കടലാസുകഷണങ്ങളെടുത്ത് വായിക്കാൻ തുടങ്ങി.

എന്തൊരത്ഭുതം ! ഒന്നിൽ അവൻ വായിച്ചു: ìയേശുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു.î 1 യോഹന്നാൻ 1:7. അവൻ ആ വാക്യത്തെ ചുംബിച്ചുകൊണ്ട് ഏങ്ങലടിച്ചു കരഞ്ഞു. അവൻ ഉച്ചത്തിൽ അവന്റെ പാപങ്ങളെല്ലാം ഏറ്റുപറഞ്ഞു. അവൻ വലിയോരു ശാന്തിയും സമാധാനവും പ്രാപിച്ചു.

പിറ്റേ ദിവസം രാവിലെ ജയിലിലെ വാർഡൻ വന്നപ്പോൾ അവൻ പുഞ്ചിരിയോടെ പറഞ്ഞു: ഞാനൊരു പുതിയ മനുഷ്യനാണ്. ഇക്കഴിഞ്ഞ രാത്രി ക്രിസ്തു എന്റെ ഹൃദയത്തിൽ വന്നു. എന്റെ പാപങ്ങളെല്ലാം ക്രിസ്തുവിന്റെ രക്തത്താൽ കഴുകി. എനിക്കിനി മരിക്കാൻ പേടിയില്ല. ഞാൻ ഇനി മരിക്കുമ്പോൾ ദൈവരാജ്യത്തിൽ ചെല്ലും.

സ്നേഹിതാ, ഈ അനുഭവം നിനക്ക് വേണമോ? നിന്നെ പരിശോധനയുടെ ഗേറ്റിങ്കൽ കുറ്റവിമുക്തനെന്ന് കണ്ടെത്തുമോ? Inspection gate -ൽ നീ പുഞ്ചിരിയോടെ നിൽക്കുമോ? അതിനു നീ കൊതിക്കുന്നുവെങ്കിൽ ഇപ്പോൾ ക്രിസ്തുവിനോട് ഒരു വാക്കു പറയൂ: നാഥാ ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.